07
ഞായർ
ജൂൺ 2020
24 ഇടവം 1196 Vol. 2 Issue No.229

# കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:

₹ 7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

# എല്ലാം കാണരുത്, കേൾക്കരുത്

**എവിടെയും വളയുന്ന നട്ടെല്ലും ചോദ്യം ചോദിക്കാത്ത മനസും ഉണ്ടെങ്കിൽ ആർക്കും ഏത് ഉന്നത സ്ഥാനത്തും കയറിപ്പറ്റാം. ഇതാണ് ജനാധിപത്യത്തിന് ഒരു പാട് നന്മകളുണ്ടെങ്കിലും അടുത്ത കാലത്തായി നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ തിന്മ.**

പ്രത്യേക ലേഖകൻ







**കൊച്ചി:** പ്രശസ്തനായ നാടകകൃത്ത് സിജെ തോമസ് ഒരിക്കൽ എഴുതി; കണ്ണുകൾ തന്നിരിക്കുന്നത് കാണാതിരിക്കാനും ചെവികൾ തന്നിരിക്കുന്നത് കേൾക്കാതിരിക്കാനും കൂടിയാണ്. നമുക്കുചുറ്റും നടക്കുന്നതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെങ്കിലും എല്ലാറ്റിനോടും പ്രതികരിക്കുന്നത് ബുദ്ധിയല്ല എന്നാണ് സിജെ അർത്ഥമാക്കിയത്. സത്യസന്ധമായി പ്രതികരിച്ചാൽ ഉണ്ടാകുന്ന അപകടങ്ങൾ പേടിച്ചാണ് പലതും കണ്ടില്ലെന്നും കേട്ടില്ലെന്നും നാം നടിക്കുന്നത്. വനിതാ കമ്മീഷൻ ചെയർപേഴ്സണും സിപിഎം കേന്ദ്ര കമ്മിറ്റി അംഗവുമായ എംസി ജോസഫൈൻ കഴിഞ്ഞ ദിവസം പറഞ്ഞത് ഇതുപോലെ തള്ളിക്കളയാനോ, പ്രതികരിക്കാതിരിക്കാനോ നമുക്കെന്നല്ല, ആർക്കുമാവില്ല.

തന്റെ പാർട്ടിക്ക് ഒരേസമയം കോടതിയും പോലീസ് സ്റ്റേഷനും ഉണ്ടെന്നായിരുന്നു ജോസഫൈൻ കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് പറഞ്ഞത്. അഞ്ചുവയസുകാരനായ മകന്റെ മുന്നിൽ വച്ച് അച്ഛനും നാല് സുഹൃത്തുക്കളും ചേർന്ന് അമ്മയെ പിച്ചിച്ചീന്തിയ സംഭവം അന്വേഷിക്കാനെത്തിയപ്പോഴാണ് മാധ്യമ പ്രവർത്തകർ പാർട്ടി നേതാക്കൾ പ്രതികളായുള്ള കേസുകളിൽ വനിതാ കമ്മീഷന്റെ നിലപാട് എന്താണെന്ന് ചോദിച്ചത്. എംഎൽഎയായ പി.കെ ശശി പ്രതിയായുള്ള കേസിനെക്കുറിച്ചാണ് നിങ്ങൾ ചോദിക്കുന്നതെന്ന് മനസിലായി എന്ന തരത്തിൽ പൊട്ടിത്തെറിച്ചുകൊണ്ടാണ് വനിതാ കമ്മീഷൻ ചെയർപേഴ്സൺ, പ്രതികരിച്ചത്. പരാതിക്കാരിയുടെ കുടുംബം പാർട്ടിയുടെ അന്വേഷണം മതിയെന്ന നിലപാട് സ്വീകരിച്ചതുകൊണ്ടാണ് ആ കേസ് പാർട്ടിക്ക് വിട്ടത്. അതേസമയം സിപിഎമ്മുകാരായ എസ്.രാജേന്ദ്രനും സികെ ഹരീന്ദ്രനും എതിരെ കിട്ടിയ പരാതികളിൽ വനിതാ കമ്മീഷൻ കേസെടുത്തിട്ടുണ്ടെന്നും ജോസഫൈൻ പറയാൻ മറന്നില്ല.

അർദ്ധ ജുഡീഷ്യൽ സ്ഥാപനമായ വനിതാ കമ്മീഷന്റെ ചെയർമാൻ പദവിയിൽ ഇരിക്കുന്ന ഒരാൾ ഭരണഘടനാപരമായി മാത്രമാണ് സംസാരിക്കേണ്ടതും നടപടിയെടുക്കേണ്ടതും.
( തുടർന്ന് വായിക്കുക, പേജ് രണ്ടിൽ )

**നിങ്ങൾ ആരുടെ പക്ഷത്ത്?**
**സത്യത്തിന്റെയും ശരിയുടെയും നീതിയുടെയും സ്ത്രീയുടെയും പക്ഷത്തോ അതോ...?**

## SUNDAY SPECIAL

### ഇവരും ഭൂമിയുടെ അവകാശികൾ



നഗ്നനേത്രങ്ങൾകൊണ്ട് കാണാനാവാത്ത ഒരു വൈറസിന് മുന്നിൽ പകച്ചുനിൽക്കുമ്പോഴും മനുഷ്യർ. പഠിക്കുന്നില്ല... കാറ്റിനെ, വെള്ളത്തിനെ, പ്രകൃതിയെ, സഹജീവികളെ.... ഇങ്ങനെ എല്ലാറ്റിനേയും നശിപ്പിച്ചുകൊണ്ടുള്ള കുതിച്ചുപായൽ തുടരുക തന്നെയാണ്...പാലക്കാട് ഗർഭിണിയായ കാട്ടാനയുടെ ദുരന്തം ഇന്ന് നാം ചർച്ച ചെയ്യുന്നു. പക്ഷേ, നമ്മൾ അറിയാതെ പോകുന്ന, ചർച്ച ചെയ്യപ്പെടാതെ പോകുന്ന ഒരുപാടൊരുപാട് കൊടും പാതകങ്ങൾ... കൊടും പീഡനങ്ങൾ...
ഈ ഭൂമി മനുഷ്യന്റേതു മാത്രമല്ലെന്നും ഇവരുടേതുകൂടിയാണെന്നും എന്നാണ് നമ്മൾ മനസ്സിലാക്കുക? പ്രശസ്ത പ്രൊഫഷണൽ ഫോട്ടോഗ്രാഫർ **അജീബ് കൊമാച്ചി** പകർത്തിയ കുറച്ച് ചിത്രങ്ങൾ കേരളപ്രണാമം വായനക്കാർക്കായി പങ്കുവയ്ക്കുകയാണ്... **കൂടുതൽ ചിത്രങ്ങൾക്ക് പേജ് ആറ് കാണുക.**







# രോഗികൾ 2.45 ലക്ഷം

## സ്പെയിനിനെ മറികടന്ന് ഇന്ത്യ അഞ്ചാമത്



**ന്യൂഡൽഹി:** കൊറോണ വൈറസ് ഏറ്റവും കൂടുതൽ ബാധിച്ച അഞ്ചാമത്തെ രാജ്യമായി ഇന്ത്യ മാറി. 2,45,670 കേസുകളുമായാണ് സ്പെയിനിനെ മറികടന്നതെന്ന് ജോൺസ് ഹോപകിൻസ് സർവ്വകലാശാലയുടെ കണക്കുകളിൽ സൂചിപ്പിക്കുന്നു. പട്ടികയിൽ യു.എസ്, ബ്രിട്ടൻ, റഷ്യ, യു.കെ എന്നിവയ്ക്ക് തൊട്ടുപിന്നിലാണ് ഇന്ത്യയെത്തിയിരിക്കുന്നത്.

കോവിഡ്19 പ്രഭവകേന്ദ്രങ്ങളിൽ ഒന്നായിരുന്ന സ്പെയിനിൽ ഇതുവരെ 2,41,310 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

24 മണിക്കൂറിനുള്ളിൽ 9,887 പുതിയ കൊറോണ വൈറസ് കേസുകൾ റിപ്പോർട്ട് ചെയ്തതായി ആരോഗ്യ മന്ത്രാലയം ശനിയാഴ്ച രാവിലെ അറിയിച്ചിരുന്നു. കേസുകളുടെ എണ്ണത്തിൽ ഇതുവരെയുള്ള ഏറ്റവും വലിയ ഏകദിന ഉയർച്ചയാണിത്. രോഗമുക്തി നിരക്കിൽ വെള്ളിയാഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ 48.27 ശതമാനത്തിൽ നിന്ന് 48.20 ശതമാനമായി നേരിയ കുറവുണ്ടായി. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളുടെ എണ്ണം 294 ആണ്, ഇതോടെ ഇന്ത്യയിൽ ആകെ മരണം 6,642 ആയി.

മൊത്തം കേസുകളുടെ കണക്കനുസരിച്ച് രാജ്യം ഏറ്റവും കൂടുതൽ രോഗം ബാധിച്ച ഇറ്റലിയെ വെള്ളിയാഴ്ച മറികടന്നിരുന്നു. ജോൺസ് ഹോപ്കിൻസ് സർവകലാശാലയിൽ നിന്നുള്ള കണക്കുകൾ അനുസരിച്ച് വെള്ളിയാഴ്ച അർദ്ധരാത്രിയോടെ ഇന്ത്യയിൽ 2,35,769 ഉം ഇറ്റലിയിൽ 2,34,531 ഉം കേസുകളാണ് സ്ഥിരീകരിച്ചത്.

രോഗമുക്തിയുടെ എണ്ണം ഉയർന്നുവെങ്കിലും, ഇന്ത്യയിൽ ഇപ്പോഴും ഒരു ലക്ഷത്തിലധികം സജീവ കേസുകൾ ഉണ്ട്. നിരവധി ദിവസങ്ങളായി കേസുകൾ ഉയരുകയാണ് 8,000 അല്ലെങ്കിൽ അതിൽ കൂടുതൽ എന്ന നിലയിൽ.

കുറഞ്ഞത് 19 സംസ്ഥാനങ്ങളിൽ ഇപ്പോൾ നാലോ അതിലധികമോ അക്കങ്ങളിൽ സ്ഥിരീകരിച്ച കേസുകൾ ഉണ്ട്, മെയ് ഒന്നിന് ഇത് വെറും ഒമ്ബത് ആയിരുന്നു. മൂന്ന് സംസ്ഥാനങ്ങളിൽ ഇപ്പോൾ അഞ്ച് അക്കങ്ങളിൽ സ്ഥിരീകരിച്ച കേസുകൾ ഉണ്ട്, മെയ് ഒന്നിന് ആ വിഭാഗത്തിൽ മഹാരാഷ്ട്ര മാത്രമേ ഉണ്ടായിരുന്നുള്ളൂ.

# 100 കടന്ന് രണ്ടാം ദിവസവും; ഒരാൾ കൂടി മരിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് തുടർച്ചയായി രണ്ടാം ദിവസവും കോവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം നൂറ് കടന്നു. ഇന്നലെ 108 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. കൊല്ലം ജില്ലയിൽ നിന്നുള്ള 19 പേർക്കും തൃശൂർ ജില്ലയിൽ നിന്നുള്ള 16 പേർക്കും മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നുള്ള 12 പേർക്ക് വീതവും പാലക്കാട് ജില്ലയിൽ നിന്നുള്ള 11 പേർക്കും കാസർഗോഡ് ജില്ലയിൽ നിന്നുള്ള 10 പേർക്കും പത്തനംതിട്ട ജില്ലയിൽ നിന്നുള്ള 9 പേർക്കും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള 4 പേർക്ക് വീതവും തിരുവനന്തപുരം, ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ള 3 പേർക്ക് വീതവും കോട്ടയം ജില്ലയിൽ നിന്നുള്ള 2 പേർക്കുമാണ് രോഗം സ്ഥിരീകരിച്ചത്.

ഇതിൽ 64 പേർ വിദേശ രാജ്യങ്ങളിൽ നിന്നും 34 പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതാണ്. സമ്പർക്കത്തിലൂടെ 10 പേർക്കാണ് രോഗം ബാധിച്ചത്. പാലക്കാട് ജില്ലയിലെ ഏഴ് പേർക്കും മലപ്പുറം ജില്ലയിലെ രണ്ട് പേർക്കും തൃശൂർ ജില്ലയിലെ ഒരാൾക്കുമാണ് സമ്പർക്കത്തിലൂടെ രോഗമുണ്ടായത്.

വിദേശ രാജ്യങ്ങളിൽ നിന്നെത്തി രോഗം സ്ഥിരീകരിച്ചവരിൽ 28 പേർ യുഎഇയിൽ നിന്നുള്ളവരാണ്. കുവൈറ്റിൽ നിന്ന് 14 പേർ, താജിക്കിസ്ഥാനിൽ നിന്ന് 13 പേർ, സൗദി അറേബ്യയിൽ നിന്ന് നാല് പേർ, നൈജീരിയയിൽ നിന്ന് എത്തിയ മൂന്ന് പേർ, ഒമാൻ, അയർലൻഡ് എന്നിവിടങ്ങളിൽ നിന്നെത്തിയ ഓരോ വ്യക്തികൾ എന്നിവർക്കാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തിയ രോഗബാധിതരുടെ കണക്കുകൾ ഇങ്ങനെ: മഹാരാഷ്ട്രയിൽ നിന്നെത്തിയ 15 പേർ, ഡൽഹിയിൽ നിന്നെത്തിയ എട്ട് പേർ, തമിഴ്നാട്ടിൽ നിന്നെത്തിയ അഞ്ച് പേർ, ഗുജറാത്തിൽ നിന്നെത്തിയ നാല് പേർ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നെത്തിയ ഓരോ വ്യക്തികൾ.

രോഗം സ്ഥിരികരിച്ച് ചികിത്സയിലായിരുന്ന 50 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയി. പാലക്കാട് ജില്ലയിൽ നിന്നുള്ള 30 പേരുടെയും കോഴിക്കോട് ജില്ലയിൽ നിന്നുള്ള 7 പേരുടെയും (6 എയർ ഇന്ത്യ ജീവനക്കാർ), എറണാകുളം ജില്ലയിൽ നിന്നുള്ള 6 പേരുടെയും (രണ്ട് കൊല്ലം സ്വദേശികൾ), കണ്ണൂർ ജില്ലയിൽ നിന്നുള്ള 5 പേരുടെയും ഇടുക്കി, കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ഓരോരുത്തരുടെ വീതവുമാണ് പരിശോധനാഫലം നെഗറ്റീവ് ആയത്. ഇതോടെ 1029 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 762 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# മുൻ സന്തോഷ് ട്രോഫി താരം ഹംസക്കോയയുടെ മരണം പ്ലാസ്മ തെറാപ്പിക്ക് ശേഷം



**മലപ്പുറം:** കേരളത്തിൽ കോവിഡ് മൂലം മരിച്ചവരുടെ എണ്ണം 15 ആയി. മലപ്പുറം സ്വദേശിയായ മുൻ സന്തോഷ് ട്രോഫി താരം ഇളയിത്ത് ഹംസക്കോയയുടെ മരണമാണ് ഇന്നലെ റിപ്പോർട്ട് ചെയ്തത്. 61 വയസായിരുന്നു. മലപ്പുറം പരപ്പനങ്ങാടി സ്വദേശിയായ ഇദ്ദേഹം മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരുന്നു.

പത്ത് ദിവസം മുമ്പാണ് മഹാരാഷ്ട്രയിൽ നിന്ന് കുടുംബത്തോടൊപ്പം നാട്ടിലെത്തിയത്. ആദ്യം ഭാര്യയ്ക്കും മകനുമാണ് കോവിഡ് ബാധ സ്ഥിരീകരിച്ചത്. ന്യൂമോണിയ ബാധിതനായിരുന്ന ഹംസോക്കോയക്ക് പ്ലാസ്മ തെറാപ്പി നടത്തിയിരുന്നു. പ്ലാസ്മ തെറാപ്പി ചികിത്സ നൽകിയ ശേഷം കേരളത്തിൽ മരിക്കുന്ന ആദ്യ വ്യക്തിയാണ് ഹംസക്കോയ.

ചികിത്സയിലിരിക്കെ ഇന്നലെ ഉച്ചയോടെ ഇദ്ദേഹത്തിന്റെ ആരോഗ്യ നില വഷളാവുകയായിരുന്നു. ഇതേതുടർന്ന് മെഡിക്കൽ ബോർഡിന്റെ അനുമതിയോടെ പ്ലാസ്മ തെറാപ്പി നടത്തിയെങ്കിലും രക്ഷപ്പെടുത്താനായില്ല. രോഗം ഭേദമായ തിരൂർ, പയ്യനാട് സ്വദേശികളുടെ പ്ലാസ്മയാണ് ഇദ്ദേഹത്തിന്റെ ചികിത്സക്കായി ഉപയോഗിച്ചത്.


സന്തോഷ് ട്രോഫിയിൽ മഹാരാഷ്ട്രയ്ക്കു വേണ്ടി ബൂട്ടണിഞ്ഞ ഇദ്ദേഹം നെഹ്റു ട്രോഫി ഇന്ത്യൻ ടീം ഭാഗമായിരുന്നു. മുൻ കാലിക്കറ്റ് വാഴ്സിറ്റി താരവുമാണ്.

ഭാര്യയ്ക്കും മകനും പുറമെ മൂന്നു മാസവും മൂന്നു വയസ്സും പ്രായമുള്ള രണ്ടു പേരക്കുട്ടികൾക്കും മരുമകൾക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. കുടുംബത്തിൽ 5 പേരാണ് നിലവിൽ കോവിഡ് ബാധിതരായി ചികിത്സയിലുള്ളത്.

# പത്ത് ഹോട്ട് സ്പോട്ടുകൾ കൂടി; ആകെ 138

**തിരുവനന്തപുരം:** സംസ്ഥാനത്ത് കോവിഡ് ഹോട്ട്സ്പോട്ടുകൾ 138 ആയി. പത്ത് പ്രദേശങ്ങൾ ഹോട്ട്സ്പോട്ടായി കണ്ടെത്തി. ഇതിൽ എട്ടും പാലക്കാട് ജില്ലയിലാണ്. കൊല്ലത്തും കോഴിക്കോടും ഓരോ ഹോട്ട്സ്പോട്ടുകൾ രേഖപ്പെടുത്തി. പുതുപരിയാരം, കണ്ണാടി, വണ്ടാഴി, വടക്കാഞ്ചേരി, പൂക്കോട്ടുക്കാവ്, തെങ്കര, പിരായിരി, കൊല്ലങ്കോട് എന്നിവയാണ് പാലക്കാട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ. കൊല്ലം ജില്ലയിലെ നീണ്ടകര, കോഴിക്കോട് ജില്ലയിലെ ഒളവണ്ണയും ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ചു.

**മൂന്നുജില്ലകളിൽ നൂറിലേറെ കൊവിഡ് ബാധിതർ:** പാലക്കാടും മലപ്പുറത്തും കണ്ണൂരും നൂറിലധികം രോഗികളാണ് ചികിത്സയിൽ കഴിയുന്നത്. പാലക്കാട് 160, കണ്ണൂരിൽ ഇത് 127, മലപ്പുറത്ത് 120 .



**ഇന്ത്യയിൽ**
രോഗികൾ 2,45,670
മരണം 6,642


**ലോകത്ത്**
രോഗികൾ 68,43,840
മരണം 3,98,071




അതിനാടകീയതയുടെ ക്രിസ്റ്റോറിയൻ പരിസരങ്ങൾ
പേജ് 06

## ആശാൻ

രാജിയില്ലെന്ന് കോൺഗ്രസിനോട് ജോസ്.കെ മാണി, പ്രതിസന്ധി രൂക്ഷം..



ഭരണപക്ഷത്തിന് സ്വസ്ഥതയുണ്ട്, കുറച്ച് ദിവസത്തേയ്ക്ക്



ഗുരുവായൂർ ദർശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ; ഒരു ദിവസം 600 പേർക്ക് പ്രവേശനം
പേജ് 02



കേരള പ്രണാമം
കേരളത്തിന്റെ സ്വന്തം പത്രം
ഇപ്പോൾ ഓൺലൈനിലും

സന്ദർശിക്കുക
keralapranamam.com

KERALA PRANAMAM ONLINE www.keralapranamam.com
കേരളപ്രണാമം ഇ പേപ്പർ സൗജന്യമായി വായിക്കാം,
തത്സമയ വാർത്തകളും അറിയാം



# നിങ്ങൾ ആരുടെ പക്ഷത്ത്?

## സത്യത്തിന്റെയും ശരിയുടെയും നീതിയുടെയും സ്ത്രീയുടെയും പക്ഷത്തോ അതോ...?

( ഒന്നാം പേജിൽനിന്ന് തുടർച്ച ) പാർട്ടിക്ക് സ്വന്തമായി ഭരണഘടനയും കോടതിയും പോലീസും ഉണ്ടെന്ന് പറഞ്ഞതിലൂടെ വനിതാ കമ്മിഷൻ ചെയർ പേഴ്സൺ നടത്തിയത് സത്യപ്രതിജ്ഞാ ലംഘനമാണ്. അതുകൊണ്ടാണ് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ജോസഫൈന്റെ പ്രസ്താവന തള്ളിക്കളഞ്ഞത്. നിലവിലുള്ള നിയമങ്ങളും പോലീസ് സംവിധാനവും അനുസരിച്ചാണ് പാർട്ടി പ്രവർത്തിക്കുന്നത് എന്നാണ് അദ്ദേഹം തിരുത്തിയത്. എല്ലാ കാര്യങ്ങളും തുറന്നുപറയാനുള്ളതല്ല എന്ന സിജെ തോമസിന്റെ നിലപാട് തെളിയിക്കുന്നതാണ് കോടിയേരിയുടെ തിരുത്തൽ.

രാജാവ് നഗ്നനാണ് എന്നു വിളിച്ചു പറഞ്ഞ കുട്ടിയെ പോലെയാണ് ഒരു സന്നിഗ്ധഘട്ടത്തിൽ ജോസഫൈൻ നിയന്ത്രണം വിട്ട് സത്യം വിളിച്ചു പറഞ്ഞത്. പാർട്ടിയെ സംബന്ധിച്ചിടത്തോളം അവരുടെ ഭരണഘടനയും നിയമവും ശിക്ഷാരീതികളും ഉണ്ടെന്ന കാര്യം എല്ലാവർക്കും അറിയാം. ടിപി വധം ഉൾപ്പെടെ ഉണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളെല്ലാം തന്നെ ഇതിന് തെളിവാണ്. ആഴ്ചകൾക്ക് മുൻപ് വിവാദനായകനായ പി.കെ ശശി എംഎൽഎ ഇതുപോലെ ഒരു സത്യം വിളിച്ചുപറഞ്ഞു. പാർട്ടിയോടൊപ്പം നിന്നാൽ സംരക്ഷണം നൽകുമെന്നും ഇല്ലെങ്കിൽ ശിക്ഷിക്കുമെന്നുമായിരുന്നു ശശിയുടെ വെളിപ്പെടുത്തൽ. പിന്നീട് നാക്ക് പിഴവാണ് എന്നുപറഞ്ഞ് അദ്ദേഹം പ്രസ്താവന തിരുത്തിയെങ്കിലും എംഎൽഎയുടെ ആ വിവാദ പരാമർശം കേരളമാകെ ചർച്ച ചെയ്തിരുന്നു.

മുൻ രാഷ്ട്രപതി എപിജെ അബ്ദുൾ കലാം ഒരിക്കൽ പറഞ്ഞിരുന്നു, രാജ്യ താൽപര്യം പരിഗണിക്കുമ്പോൾ ഏത് പാർട്ടിയായാലും സങ്കുചിതമായ താൽപര്യങ്ങൾ മാറ്റിവെച്ച് രാജ്യത്തിനു വേണ്ടി സംസാരിക്കുകയും പ്രവർത്തിക്കുകയും വേണം. എപിജെ പറഞ്ഞ ആ കാര്യങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ രാജ്യത്ത് എത്ര പാർട്ടികൾക്കാണ് കഴിയുക? ഭരണഘടനയ്ക്ക് അപ്പുറമല്ല പാർട്ടി ഭരണഘടന എന്ന യാഥാർത്ഥ്യം അംഗീകരിക്കാൻ പാർട്ടികൾക്ക് കഴിയുമോ? രഹസ്യമായെങ്കിലും രാജ്യത്തിന്റെ ഭരണഘടനയ്ക്ക് അപ്പുറമാണ് പാർട്ടി ഭരണഘടന എന്ന് വിശ്വസിക്കുന്നവരാണ് കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ അടിയുറച്ച് വിശ്വസിക്കുന്ന പ്രവർത്തകരും നേതാക്കളും. ബുദ്ധിയുള്ളതുകൊണ്ട് അവർ ഈ സത്യം ജോസഫൈനെ പോലെ വിളിച്ചു പറയുന്നില്ല എന്നുമാത്രം.

പബ്ലിക് സർവ്വീസ് കമ്മീഷൻ, വനിതാ കമ്മീഷൻ, വിവരാവകാശ കമ്മീഷൻ തുടങ്ങിയ സംവിധാനങ്ങളിൽ ചെയർമാൻമാരെയും അംഗങ്ങളെയും രാഷ്ട്രീയമായി നിയമിക്കാൻ പാടില്ല. എന്നാൽ കേരളത്തിലും രാജ്യത്താകെയും ഇത്തരം നിയമനങ്ങൾ നടക്കുന്നത് രാഷ്ട്രീയ അടിസ്ഥാനത്തിലാണ്. ഉദ്യോഗാർത്ഥിയുടെയോ, പരാതിക്കാരുടെയോ ജാതിയോ, മതമോ, രാഷ്ട്രീയമോ നോക്കാതെ തീരുമാനങ്ങളെടുക്കാൻ ഇത്തരം സംവിധാനങ്ങൾക്ക് കഴിയണം. യുഡിഎഫ് ഭരിക്കുമ്പോൾ കോൺഗ്രസിനും ഘടകകക്ഷികൾക്കും അവകാശപ്പെട്ടതാണ് ഈ കമ്മീഷനുകൾ. ഇടതുപക്ഷം വരുമ്പോൾ ഈ കമ്മീഷനുകളിലെല്ലാം ഇടതുനേതാക്കളും സഹയാത്രികരും നിയമിക്കപ്പെടും. വിവരാവകാശ നിയമമായാലും പബ്ലിക് സർവ്വീസ് കമ്മീഷനായാലും വനിതാ കമ്മീഷനായാലും പ്രവർത്തിക്കേണ്ടത് നിഷ്പക്ഷമായിട്ടാണ്. നിഷ്പക്ഷത എന്ന വാക്ക് തന്നെ ഇന്ന് അർത്ഥം നഷ്ടപ്പെട്ട ഒരു പ്രയോഗമാണ്. സത്യത്തിന്റെ പക്ഷത്ത്, ശരിയുടെ പക്ഷത്ത്, സ്ത്രീയുടെ പക്ഷത്ത് നിൽക്കേണ്ടവർ രാഷ്ട്രീയം നോക്കിയാണ് നിലപാടുകളെടുക്കുന്നത്. അപ്പോൾ സത്യം, ധർമ്മം, നീതി തുടങ്ങിയവയെല്ലാം വിസ്മരിക്കപ്പെടുന്നു.

ഈ യാഥാർത്ഥ്യം തെളിയിക്കുന്നതാണ് വനിതാ കമ്മീഷൻ ചെയർ പേഴ്സണിന്റെ വെളിപ്പെടുത്തൽ.

കേരളത്തിൽ സ്ത്രീകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാനാണ് വനിതാ കമ്മീഷൻ നിലവിൽ വന്നത്. ചെയർപേഴ്സണായി ജസ്റ്റിസ് ശ്രീദേവിയും സുഗതകുമാരിയും ഇരുന്ന കാലം ഒഴിച്ചാൽ കമ്മീഷന്റെ തലപ്പത്ത് എത്തിയവരെല്ലാം രാഷ്ട്രീയ നേതാക്കളായിരുന്നു. ഭരിക്കുന്ന പാർട്ടിയുടെ താൽപര്യം സംരക്ഷിക്കുന്ന ഒന്നായി വനിതാ കമ്മീഷൻ അധഃപതിച്ചു. സ്ത്രീപീഡനങ്ങളുണ്ടായാൽ പരാതിക്ക് പോലും കാത്തുനിൽക്കാതെ സ്വയം നടപടിയെടുക്കാൻ അധികാരമുള്ള വനിതാ കമ്മീഷൻ നോക്കുകുത്തിയായിട്ട് കാലമേറെയായി.

സിബിഐയായാലും സെൻട്രൽ വിജിലൻസ് കമ്മീഷനായാലും സംസ്ഥാന വിജിലൻസുകളായാലും ക്രൈംബ്രാഞ്ച് പോലുള്ള സംവിധാനങ്ങളായാലും അവിടങ്ങളിൽ പോലും തലപ്പത്ത് വരുന്നവർ സർക്കാരിന്റെ താൽപര്യത്തിന് വഴങ്ങുന്നവരാണ്. അങ്ങനെ വഴങ്ങാത്തവരെ ശിക്ഷിക്കുന്ന കാര്യത്തിൽ മോദി സർക്കാരായാലും പിണറായി സർക്കാരായാലും വിഭിന്നരല്ല. സിബിഐ ഡയറക്ടറായിരുന്ന ശർമ്മയെ അർദ്ധരാത്രിയിൽ സ്ഥലംമാറ്റിയതും വിജിലൻസ് ഡയറക്ടറായിരുന്ന ജേക്കബ് തോമസ് കഴിഞ്ഞ രണ്ടുകൊല്ലമായി വേട്ടയാടപ്പെട്ടതും ഇതിന് തെളിവാണ്.

**എവിടെയും വളയുന്ന നട്ടെല്ലും ചോദ്യം ചോദിക്കാത്ത മനസും ഉണ്ടെങ്കിൽ ആർക്കും ഏത് ഉന്നത സ്ഥാനത്തും കയറിപ്പറ്റാം. ഇതാണ് ജനാധിപത്യത്തിന് ഒരുപാട് നന്മകളുണ്ടെങ്കിലും അടുത്ത കാലത്തായി നാം അനുഭവിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ തിന്മ.**

### ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്

# ഇന്ത്യയിൽ രോഗവ്യാപനത്തിന്റെ പൊട്ടിത്തെറിയുണ്ടായിട്ടില്ല; അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാം



**ന്യൂയോർക്ക് :** കോവിഡ് 19 രോഗത്തിന്റെ വ്യാപനനിരക്ക് ഇന്ത്യയിൽ ഒരു സ്ഫോടനാവസ്ഥയിലേക്ക് എത്തിയിട്ടില്ലെന്നും എന്നാൽ, അതിനുള്ള അപകടസാധ്യത ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ലോകാരോഗ്യ സംഘടന.

ലോക്ക്ഡൗൺ നീക്കം ചെയ്തതോടെ വലിയ അപകടസാധ്യതയാണ് രാജ്യത്ത് ഇപ്പോഴുള്ളതെന്ന് ലോകാരോഗ്യ സംഘടനയുടെ ഹെൽത്ത് എമർജൻസീസ് പ്രോഗ്രാം എക്സിക്യൂട്ടീവ് ഡയറക്ടർ മൈക്കേൽ റയാൻ പറഞ്ഞു.

നിലവിലെ സ്ഥിതിയിൽ ഇന്ത്യയിലെ കോവിഡ് കേസുകൾ ഇരട്ടിക്കാനെടുത്ത സമയം മൂന്നാഴ്ചയാണെന്ന് റയാൻ ചൂണ്ടിക്കാട്ടുന്നു. ഇതിനർത്ഥം രോഗം അതിവേഗത്തിൽ പടരുന്നില്ല എന്നതാണ്. ഇത് പറയുമ്പോൾത്തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രോഗത്തിന്റെ വ്യാപനരീതി പല തരത്തിലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നഗരങ്ങളിലും ഗ്രാമങ്ങളിലും വ്യത്യസ്തമായ രീതിയിലാണ് രോഗം പടരുന്നത്. ഒരു പൊട്ടിത്തെറി ഇതുവരെ നടന്നിട്ടില്ലെങ്കിലും അങ്ങനെയൊന്ന് എപ്പോൾ വേണമെങ്കിലും സംഭവിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രോഗത്തിന്റെ പകർച്ചയുടെ വേഗത കുറയ്ക്കാൻ ലോക്ക്ഡൗൺ കൊണ്ട് സാധിച്ചിട്ടുണ്ടെന്ന് റയാൻ ചൂണ്ടിക്കാട്ടി. ഇന്ത്യ പോലുള്ള ജനസാന്ദ്രതയേറിയതും വലിപ്പമേറിയതുമായ രാജ്യങ്ങളിൽ സ്വാഭാവികമായ റിസ്കുകളുണ്ട്. വലിയ തോതിലുള്ള കുടിയേറ്റ തൊഴിലാളികളുടെ നീക്കങ്ങൾ നടക്കുന്നതും പ്രശ്നമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

# ഗുരുവായൂർ ദർശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ

## ഒരു ദിവസം 600 പേർക്ക് പ്രവേശനം



**തൃശൂർ:** ഗുരുവായൂർ ക്ഷേത്രത്തിൽ ചൊവ്വാഴ്ച മുതൽ ഓൺലൈൻ രജിസ്ട്രേഷൻ വഴി ഒരുദിവസം 600 പേർക്ക് ദർശനം നടത്താമെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ.

രാവിലെ ഒമ്പത് മുതൽ ഒന്നര വരെ മാത്രമായിരിക്കും ദർശനം അനുവദിക്കുക. ഒരു മണിക്കൂറിൽ 150 പേർക്ക് ദർശനം സാധ്യമാകുമെന്നും വിഐപി ദർശനം അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

ക്ഷേത്രനടയിൽ ഒരു ദിവസം 60 വിവാഹം വരെ നടത്താം. 10 മിനിറ്റായിരിക്കും ഒരു വിവാഹത്തിനുള്ള സമയം. വധുവും വരനും ഉൾപ്പെടെ 10 പേർക്ക് വിവാഹത്തിൽ പങ്കെടുക്കാമെന്നും മന്ത്രി പറഞ്ഞു.

## ശബരിമല നട 14ന് തുറക്കും; ഒരേ സമയം 50 പേർക്ക് ദർശനം



**പത്തനംതിട്ട:** ശബരിമല ക്ഷേത്രം ജൂൺ 14ന് തുറക്കും. ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവർക്ക് മാത്രമാണ് ദർശനം. വെർച്വൽ ക്യൂ വഴി ഒരേസമയം 50 പേർക്ക് ദർശനം അനുവദിക്കുമെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ അറിയിച്ചു. 14 മുതൽ 28 വരെയാണ് ഭക്തർക്കായി നട തുറക്കുന്നത്. മണിക്കൂറിൽ 200 പേരെ പ്രവേശിപ്പിക്കും.

ഭക്തർക്ക് താമസ സൗകര്യം അനുവദിക്കില്ല. പമ്പയിലും സന്നിധാനത്തും തെർമൽ സ്കാനർ സ്ഥാപിക്കും. രോഗലക്ഷണങ്ങൾ കണ്ടെത്തിയാൽ ഇവരെ ഇവിടെനിന്നും മാറ്റും. പമ്പാസ്നാനം അനുവദിക്കില്ല. കോവിഡ് 19 ഇല്ല എന്ന മെഡിക്കൽ സർട്ടിഫിക്കറ്റുള്ള ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്തർക്കും ദർശനം അനുവദിക്കും. വണ്ടിപ്പെരിയാർ വഴി ശബരിമലയിലേക്ക് പ്രവേശനം അനുവദിക്കില്ലെന്നും മന്ത്രി അറിയിച്ചു.

## പറശ്ശിനിക്കടവ് ക്ഷേത്രം തുറക്കുന്നത് ജൂൺ 15ന്

### ചോറൂൺ , പ്രസാദ വിതരണം , അന്നദാനം ഉണ്ടായിരിക്കില്ല



**കണ്ണൂർ :** സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം ആരാധനാലയങ്ങൾ ജൂൺ എട്ടിന് തുറക്കുന്നതിന് അനുമതിയുണ്ടെങ്കിലും പറശ്ശിനിക്കടവ് ശ്രീ മുത്തപ്പന്റെ മടപ്പുരയിൽ ജൂൺ 15 മുതൽ മാത്രമേ ഭക്തജനങ്ങൾക്കു പ്രവേശനം അനുവദിക്കുകയുള്ളൂവെന്ന് ക്ഷേത്രം ട്രസ്റ്റി ഭാരവാഹി അറിയിച്ചു. സർക്കാറിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കും ഇത് നടപ്പിലാക്കുന്നത്. നിലവിലുള്ള സാഹചര്യത്തിൽ പൂജകളും കുട്ടികൾക്കുള്ള ചോറൂൺ , പ്രസാദ വിതരണം , അന്നദാനം എന്നിവ ഉണ്ടായിരിക്കുകയില്ല. രാവിലെ ഒൻപതുമണി മുതൽ രാത്രി ഏഴുമണി വരെ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഭക്തജനങ്ങൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് സഹകരിക്കണമെന്ന് ട്രസ്റ്റി ആൻഡ് ജനറൽ മാനേജർ പി.എം.ബാലകൃഷ്ണൻ അറിയിച്ചു.

## ഇന്ത്യ ചൈന ചർച്ചയിൽ കാര്യമായ പുരോഗതിയില്ല

### സംഘർഷങ്ങളുണ്ടാകില്ലെന്ന് ധാരണ

**ന്യൂഡൽഹി:** ഇന്ത്യാ ചൈന ചർച്ചയിൽ ഇനി സേനകൾ തമ്മിൽ കൂടുതൽ സംഘർഷങ്ങൾ ഉണ്ടാകില്ലെന്നു ധാരണ. അതിർത്തി പ്രശ്നത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ലെന്ന നിലപാടാണ് ചർച്ചയിലുടനീളം ഇന്ത്യ സ്വീകരിച്ചത്.

ഇരുരാജ്യങ്ങളിലേയും സേനാ കമാൻഡർമാർ തമ്മിൽ അതിർത്തിയിൽ നാലു മണിക്കൂറാണ് ചർച്ച നടത്തിയത്. ചർച്ചയിൽ കാര്യമായ പുരോഗതികൾ ഉണ്ടായിട്ടില്ലെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അതുവരെ അതിർത്തിയി നിലവിലെ സ്ഥിതി തുടരും. സൈന്യങ്ങളുടെ ലോക്കൽ കമാൻഡർമാരുമായുള്ള 12 റൗണ്ടുകളും മേജർ ജനറൽ തലത്തിൽ മൂന്നു റൗണ്ട് ചർച്ചകളും കഴിഞ്ഞതിനുശേഷമാണ് ഇന്നലെ ഉന്നതതല ചർച്ച നടത്തിയത്. ഇന്ത്യൻ മേഖലയിലെ നിർമാണ പ്രവർത്തികൾ നിർത്തിവയ്ക്കണമെന്ന് ചൈന ആവശ്യപ്പെട്ടെങ്കിലും ഇതിന് ഇന്ത്യ തയാറായിട്ടില്ല. കിഴക്കൻ ലഡാക്കിലെ ചുഷൂൽ സെക്ടറിലാണ് ഇരുരാജ്യങ്ങളും തമ്മിൽ ചർച്ച നടത്തിയത്.

അതിർത്തികളിലെ ടെന്റുകൾ പൊളിച്ച് ചൈനീസ് സൈന്യം പിന്നോട്ട് ഇറങ്ങണമെന്ന് ഇന്ത്യ ചർച്ചയുടെ ആദ്യത്തിൽ തന്നെ ആവശ്യപ്പെട്ടു. ഇന്ത്യൻ ഭൂപ്രദേശത്താണ് ഇപ്പോൾ റോഡുകൾ നിർമ്മിക്കുന്നത്. അതിൽ ചൈനയ്ക്ക് ഇടപെടാനാകില്ല. അതിർത്തിയിലെ സൈന്യത്തെ പിൻവലിച്ചെങ്കിൽ മാത്രമെ ഇന്ത്യയും സൈന്യത്തെ പിൻവലിക്കൂ. നിലവിൽ നിർമിക്കുന്ന റോഡ് ചൈനയെ ലക്ഷ്യമിട്ടുള്ളതല്ലെന്നും മേഖലയുടെ പരിപാലനത്തിന് ആവശ്യമായതിനാൽ നീക്കം ഉപേക്ഷിക്കില്ലെന്നും ചർച്ചയിൽ ഇന്ത്യ വ്യക്തമാക്കി

## തമിഴ്നാട്ടിൽ കോവിഡ് ബാധിതർ 30,000 കടന്നു; മരണം 251

**ചെന്നൈ;** തമിഴ്നാട്ടിൽ കോവിഡ് ബാധിതരുടെ എണ്ണം 30000 കടന്നു. ഇന്നലെ 1458 പേർക്ക് പുതിയതായി രോഗം കണ്ടെത്തി.ഇതോടെ കേസുകൾ 30,152 ആയി വർധിച്ചു. വടക്കൻ തമിഴ്നാട്ടിലെ ചെന്നൈ, സമീപ ജില്ലകളായ ചെങ്കൽപേട്ട്, തിരുവെള്ളൂർ, കാഞ്ചിപുരം എന്നിവടങ്ങളിലാണ് ഇന്ന് രോഗം കണ്ടെത്തിയവരിൽ 90 ശതമാനം പേരും. ചെന്നൈയിൽ മാത്രം 1,146 പേർ പുതിയതായി രോഗികളായി.

ഇതോടെ, ചെന്നൈയിലെ മാത്രം രോഗികളുടെ എണ്ണം 20,972 ആയി ഉയർന്നു.

## ടെസ്റ്റുകൾ വർദ്ധിപ്പിച്ചാൽ കൂടുതൽ രോഗബാധിതർ ഉണ്ടാകുക ഇന്ത്യയിലും ചൈനയിലുമെന്ന് ട്രംപ്

**വാഷിംഗ്ടൺ :** ലോകത്ത് ഏറ്റവും കൂടുതൽ കൊവിഡ് രോഗികളും മരണവും അമേരിക്കയിൽ ഉണ്ടായതിന് പിന്നിലെ കാരണം വെളിപ്പെടുത്തി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രാജ്യത്ത് രോഗവ്യാപനം തുടങ്ങിയപ്പോൾ മുതൽ കൊവിഡ് ടെസ്റ്റുകൾ അമേരിക്ക നടത്തി തുടങ്ങിയിരുന്നു. രണ്ട് കോടിയോളം പരിശോധനകളാണ് അമേരിക്ക നടത്തിയത്. കൂടുതൽ കൊവിഡ് ടെസ്റ്റുകൾ നടത്തിയാൽ അമേരിക്കയെക്കാൾ കൂടുതൽ രോഗബാധിതർ ഉണ്ടാവുക ഇന്ത്യയിലും ചൈനയിലും ആയിരിക്കുമെന്നും ട്രംപ് പറഞ്ഞു.

ജർമനി 40 ലക്ഷത്തോളം പരിശോധനകളും ദക്ഷിണ കൊറിയ 30 ലക്ഷത്തോളം പരിശോധനകളും മാത്രമാണ് നടത്തിയത്. കൂടുതൽ പരിശോധനകൾ നടത്തിയാൽ കൂടുതൽ വൈറസ് ബാധിതരെ കണ്ടെത്താൻ കഴിയും. ഇന്ത്യയിലോ ചൈനയിലോ കൂടുതൽ പരിശോധനകൾ നടത്തിയാൽ ആ രാജ്യങ്ങളിലും കൂടുതൽ വൈറസ് ബാധിതരെ കണ്ടെത്താനാകുമെന്നും അദ്ദേഹം അവകാശപ്പെട്ടു.

# ജോസഫൈനെ തള്ളി കോടിയേരി

## "എല്ലാവരും നിയമത്തിന് വിധേയരാണ്, പൊലീസിനും കോടതിക്കും സമാന്തരമല്ല പാർട്ടി സംവിധാനം"

**തിരുവനന്തപുരം:** വനിതാ കമ്മീഷൻ അധ്യക്ഷ എം.സി ജോസഫൈനെ തള്ളി സിപിഐ.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. പൊലീസിനും കോടതിക്കും സമാന്തരമല്ല പാർട്ടി സംവിധാനമെന്നും എല്ലാവരും നിയമത്തിന് വിധേയരാണെന്നും കോടിയേരി പറഞ്ഞു. '' പാർട്ടിക്കുള്ളിലെ പരാതിയാണ് പാർട്ടി പരിശോധിക്കുന്നത്. നിയമ സംവിധാനം അംഗീകരിക്കുന്ന പാർട്ടിയാണ് സിപിഐ.എം,'' കോടിയേരി പറഞ്ഞു.പാർട്ടി ഒരേസമയം കോടതിയും പൊലീസുമാണ് എന്ന ജോസഫൈന്റെ പരമാർശനത്തിന് പിന്നാലെയാണ് പ്രതികരണവുമായി കോടിയേരി രംഗത്തെത്തിയത്. പി.കെ ശശിക്കെതിരെയുള്ള ലൈംഗികാരോപണ പരാതിയിൽ പ്രതികരിക്കവേ ആയിരുന്നു ജോസെഫന്റെ പരാമർശം. പി. കെ ശശിക്കെതിരെ പരാതിക്കാരിയുടെ കുടുംബം പാർട്ടി അന്വേഷണം മതിയെന്ന് പറഞ്ഞെന്നും പിന്നെ വനിതാ കമ്മീഷൻ അന്വേഷിക്കേണ്ട കാര്യമില്ലെന്നും ജോസഫൈൻ പറഞ്ഞിരുന്നു.

കോടിയേരിയെ വിമർശിച്ചു കൊണ്ട് കെ മുരളീധരൻ എംപിയും രംഗത്തെത്തി. എം സി ജോസഫൈൻ പറഞ്ഞതു പോലെയാണ് കാര്യങ്ങളെങ്കിൽ പിന്നെ മാഡത്തിന് എന്താണ് ജോലിയെന്നാണ് മുരളീധരൻ ഉന്നയിച്ച ചോദ്യം. ഇത്രയും ശമ്പളവും വാങ്ങി ഒരു വനിത കമീഷന്റെ ആവശ്യമുണ്ടോ? മുമ്പ് വി എസ് അച്യുതാനന്ദന്റെ സ്വന്തം ആളായിരുന്നു. ഇപ്പോ

## ഗർഭിണിയായ കാട്ടാനയെ സ്ഫോടകവസ്തു വച്ച് കൊന്ന പ്രതികളെ രക്ഷിക്കാൻ വക്കാലത്തുമായി ആളൂർ

**പാലക്കാട് :** തിരുവിഴാംകുന്ന അമ്പലപ്പാറയിൽ കാട്ടാനയെ അപായപ്പെടുത്തിയ സംഭവത്തിലെ പ്രതി വിൽസനെയും കൂട്ടരെയും രക്ഷിക്കാനായി കുപ്രസിദ്ധ ക്രിമിനൽ വക്കീൽ ആളൂർ രംഗത്ത്. മലയാളി സമൂഹത്തെ ഞെട്ടിച്ച സൗമ്യ കൊലക്കേസിലും ജിഷാ കൊലക്കേസിലും പ്രതികൾക്കായി ഹാജരായത് ആളൂരായിരുന്നു. നടിയെ ആക്രമിച്ച കേസിൽ പൾസർ സുനിയ്ക്ക് വേണ്ടിയും ജോളിക്കും വേണ്ടിയും ആളൂർ ഹാജരായിരുന്നു.

ആളൂരിന് വേണ്ടി ജൂനിയർ വക്കിൽ അഡ്വ.ഷിജിൻ ആണ് ഹാജാരായത് പട്ടാമ്പി മജിസ്ട്രേറ്റ് കോടതിയിലാണ് ജാമ്യാപേക്ഷ കൊടുത്തിരിക്കുന്നത്. ഇപ്പോൾ പ്രതി വിൽസണെ റിമാന്റ് ചെയ്തിരിക്കുകയാണ്. കേസിലെ മുഖ്യ പ്രതികൾ ഒളിവിലാണ്.ഇവർക്കായി തെരച്ചിൽ തുടരുകയാണ്. തിരുവിഴാംകുന്ന് ഒതുക്കുംപാറ എസ്റ്റേറ്റ് ഉടമ അബ്ദുൾകരീം, മകൻ റിയാസുദ്ദീൻ എന്നിവർക്കായാണ് വനം വകുപ്പും പൊലീസും തിരച്ചിൽ നടത്തുന്നത്. മുൻപും ഇവർ കാട്ടുപന്നികളെ വേട്ടയാടി ഇറച്ചി വിൽപന നടത്തിയിരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

## 'ജീവിച്ചിരുന്നപ്പോൾ എഴുതാമായിരുന്നില്ലേ? മരണശേഷം വെറുതെ വിടൂ'



**തിരുവനന്തപുരം:** 1986ൽ മോനിഷയ്ക്ക് ദേശീയ അവാർഡ് ലഭിച്ചത് ജൂറിയിലെ ഏകകണ്ഠമായ തീരുമാനമായിരുന്നുവെന്ന് അന്ന് ജൂറി അംഗമായിരുന്ന സൂര്യ കൃഷ്ണമൂർത്തി. മോനിഷ എന്ന നടിക്ക് എന്തിനാണ് മികച്ച നടിക്കുള്ള ദേശീയ അവാർഡ് നൽകിയതെന്ന് തനിക്ക് മനസിലായില്ലെന്നും ചലനങ്ങളില്ലാത്ത മുഖമായിരുന്നു മോനിഷയുടേതെന്നും വിവരിച്ച് എഴുത്തുകാരിയും അദ്ധ്യാപികയുമായ ശാരദക്കുട്ടി ഫേസ്ബുക്കിൽ എഴുതിയ കുറിപ്പ് ചർച്ചയായതിനെ തുടർന്ന് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

എം.ടി.വാസുദേവൻ നായരുടെ തിരക്കഥയിൽ ഹരിഹരൻ സംവിധാനം ചെയ്ത നഖക്ഷതങ്ങളിലെ അഭിനയത്തിനാണ് മോനിഷയ്ക്ക് 15ാം വയസിൽ ദേശീയ പുരസ്കാരം ലഭിച്ചത്. അകാലത്തിൽ പൊലിഞ്ഞു പോയ കലാകാരിയെ കുറിച്ച് അവരുടെ മരണം കഴിഞ്ഞ് വർഷങ്ങൾക്കു ശേഷം ഇങ്ങനെയൊന്നും എഴുതാൻ പാടില്ലെന്ന് സൂര്യ കൃഷ്ണമൂർത്തി പറഞ്ഞു. അവർ ജീവിച്ചിരുന്നപ്പോൾ എഴുതാമായിരുന്നു. ഭീഷ്മ സാഹ്നിയായിരുന്നു അന്ന് ജൂറി ചെയർമാൻ. ജാനു ബറുവയെ പോലുള്ള പ്രമുഖർ ജൂറി അംഗങ്ങളായിരുന്നു. മോനിഷയെ കൂടാതെ പരിഗണിച്ചത് സീമാ ബിശ്വാസിന്റെ അഭിനയമായിരുന്നു. എല്ലാ സീനിലും ഒരുപോലത്തെ അഭിനയമെന്ന നിരീക്ഷണത്തെ തുടർന്നാണ് മോനിഷയ്ക്ക് അവാർഡ് നൽകാൻ തീരുമാനിച്ചത് അദ്ദേഹം പറഞ്ഞു.

## ജാഗ്രതാ നിർദേശം

**പത്തനംതിട്ട:** കേന്ദ്ര കാലാവസ്ഥാ വകുപ്പ് ജൂൺ ആറിനും ഏഴിനും പത്തനംതിട്ട ജില്ലയിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ മഴ (64.5 മില്ലി മീറ്റർ മുതൽ 115.5 മില്ലി മീറ്റർ വരെ ) പെയ്യാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തുകയും കാറ്റ്, ഇടി മിന്നൽ എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയിട്ടുള്ള മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു.
ജില്ലാ തല, താലൂക്ക് തല കൺട്രോൾ റൂമുകളുടെ ഫോൺ നമ്പർ:
ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ -0468-2322515. ജില്ലാ കളക്ടറേറ്റ് -0468-2222515.
താലൂക്ക് ഓഫീസ് അടൂർ -04734-224826. താലൂക്ക് ഓഫീസ് കോഴഞ്ചേരി -0468-2222221. താലൂക്ക് ഓഫീസ് കോന്നി -0468-2240087. താലൂക്ക് ഓഫീസ് റാന്നി -04735-227442. താലൂക്ക് ഓഫീസ് മല്ലപ്പള്ളി -0469-2682293. താലൂക്ക് ഓഫീസ് തിരുവല്ല -0469-2601303.

## ലൈഫ് പദ്ധതി അപേക്ഷ ക്ഷണിച്ചു

**പത്തനംതിട്ട:** വടശേരിക്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ പട്ടികജാതി/വർഗ, മത്സ്യ തൊഴിലാളി വിഭാഗത്തിൽപ്പെട്ട പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.

ഒരു റേഷൻ കാർഡിൽ ഒന്നിൽ അധികം കുടുംബം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഈ കുടുംബങ്ങളിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബത്തിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് റേഷൻ കാർഡിന്റെ പകർപ്പ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്ത് പഞ്ചായത്ത് സെക്രട്ടറിക്ക് ജൂൺ എട്ടു മുതൽ 15 വരെ അപേക്ഷ സമർപ്പിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

### പബ്ലിക്ക് ഹെൽത്ത് ലാബിൽ ട്രൂ–നാറ്റ്

# കോവിഡ്–19 പരിശോധനാ കേന്ദ്രം ഉദ്ഘാടനം ചെയ്തു

## മൂന്നാഴ്ചയ്ക്കകം ആർ ടി പി സി ആർ ടെസ്റ്റ് ആരംഭിക്കുമെന്ന് വീണാ ജോർജ് എംഎൽഎ

**പത്തനംതിട്ട:** കോഴഞ്ചേരി റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിൽ റിവേഴ്സ് ട്രാൻസ്ക്രിപ്റ്റേസ് പോളിമറേസ് ചെയിൻ റിയാക്ഷൻ(ആർ ടി പി സി ആർ) ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം മൂന്നാഴ്ചയ്ക്കകം ഒരുക്കുമെന്ന് വീണാ ജോർജ് എം.എൽ.എ പറഞ്ഞു.

കോഴഞ്ചേരി റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിൽ ട്രൂ-നാറ്റ് (ഠൃൗലചഅഠ) കോവിഡ്-19 പരിശോധനാ കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു എം.എൽ.എ.

ജില്ലയിൽ ആദ്യമായി കോവിഡ് 19 സ്ഥിരീകരിക്കുന്നതിനുള്ള സാമ്പിൾ പരിശോധനാ കേന്ദ്രമാണു കോഴഞ്ചേരിയിൽ ആരംഭിച്ചത്.

ഗർഭിണികൾ, അടിയന്തര ശസ്ത്രക്രിയകൾ, സംശയാസ്പദമായ മരണങ്ങൾ എന്നിവയുടെ കോവിഡ്-19 സ്ക്രീനിംഗിനാണ് ട്രൂ-നാറ്റ് പരിശോധന ഉപയോഗിക്കുന്നത്.

ദിവസേന 20 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യമാണ് ഇവിടെ ഉണ്ടാകുക. ഒരു മൈക്രോബയോളജിസ്റ്റും അഞ്ച് ലാബ് ടെക്നീഷ്യന്മാരുമാണ് ട്രൂ-നാറ്റ് സെന്ററിൽ ഉണ്ടാകുക.

ആർ ടി പി സി ആർ ടെസ്റ്റ് സെന്ററിനുള്ള അനുമതി ലഭ്യമായിക്കഴിഞ്ഞു. കൊറോണ വൈറസ് സ്ഥിരീകരിക്കുന്നതിനുള്ള ടെസ്റ്റാണ് ആർ ടി പി സി ആർ ടെസ്റ്റ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാ ദേവി, വൈസ് പ്രസിഡന്റ് ജോർജ് മാമൻ കുണ്ടൂർ, ഡെപ്യൂട്ടി ഡി.എം.ഒ: ഡോ.സി.എസ് നന്ദിനി, എൻ.എച്ച്.എം ഡി.പി.എം:ഡോ.എബി സുഷൻ, കോഴഞ്ചേരി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.എസ്.പ്രതിഭ, ഡോ.ലക്ഷ്മി തുടങ്ങിയവർ പങ്കെടുത്തു.


കോഴഞ്ചേരി റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിൽ ട്രൂ-നാറ്റ് കോവിഡ്-19 പരിശോധനാ കേന്ദ്രം വീണാ ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ പഞ്ചായ


കോഴഞ്ചേരി റീജിയണൽ പബ്ലിക്ക് ഹെൽത്ത് ലാബിലെ ട്രൂ-നാറ്റ് കോവിഡ്-19 പരിശോധനയെക്കുറിച്ച് വീണാ ജോർജ് എം.എൽ.എയും മറ്റുള്ളവർക്കും ഡോ.ലക്ഷ്മി വിശദീകരിക്കുന്നു

## പശ്ചിമ ബംഗാളിലേക്ക് 1450 അതിഥി തൊഴിലാളികൾ കൂടി യാത്രയായി


തിരുവല്ല റെയിൽവേ സ്റ്റേഷനിൽ നിന്നും പശ്ചിമ ബംഗാളിലേക്ക് സ്പെഷൽ ട്രെയിനിൽ നാട്ടിലേക്കു മടങ്ങാനൊരുങ്ങുന്ന അതിഥി തൊഴിലാളികൾ

**പത്തനംതിട്ട:** ജില്ലയിൽ നിന്ന് പശ്ചിമ ബംഗാളിലേക്ക് പുറപ്പെട്ട സ്പെഷൽ ട്രെയിനിൽ 1450 അതിഥി തൊഴിലാളികൾ കൂടി സ്വദേശത്തേക്ക് മടങ്ങി. തിരുവല്ല റെയിൽവേ സ്റ്റേഷനിൽ നിന്നും ജൂൺ ആറിന് വൈകുന്നേരം മൂന്നിന് പുറപ്പെട്ട ട്രെയിനിലാണ് ഇവർ നാട്ടിലേക്ക് മടങ്ങിയത്. കോന്നി താലൂക്കിൽ നിന്ന് 310, റാന്നി താലൂക്കിൽ നിന്ന് 106, അടൂർ താലൂക്കിൽ നിന്ന് 448, തിരുവല്ലയിൽ നിന്ന് 269, കോഴഞ്ചേരിയിൽ നിന്ന് 202, മല്ലപ്പള്ളി താലൂക്കിൽ നിന്ന് 115 ഉം പേരാണ് സ്പെഷൽ ട്രെയിനിൽ സ്വദേശത്തേക്കു മടങ്ങിയത്. ജില്ലാ ഭരണകൂടത്തിന്റെയും റവന്യൂ, ലേബർ വകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലാണ് അതിഥി തൊഴിലാളികളെ നാട്ടിലേക്ക് മടക്കി അയച്ചത്. അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തൊഴിലാളികൾക്ക് മാസ്കും സാനിറ്റൈസറും നൽകി. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ബി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഇവർക്ക് ചപ്പാത്തി, അച്ചാർ, ബ്രഡ്, ഏത്തപ്പഴം, വെള്ളം എന്നിവ അടങ്ങിയ സൗജന്യ ഭക്ഷണ കിറ്റും കൈമാറി. ഡെപ്യൂട്ടി തഹസിൽദാർമാരായ ബി. അനിൽകുമാർ, കെ. ജയദീപ്, ടി.കെ സജീവ് കുമാർ, വർഗീസ് മാത്യു, എൻ.വി സന്തോഷ്, ജിനേഷ്, ഡെപ്യൂട്ടി ലേബർ ഓഫീസർ എൻ.വി ഷാജി, അസിസ്റ്റന്റ് ലേബർ ഓഫീസർമാരായ എം.എസ് സുരേഷ്, ജി.സുരേഷ്, ആർ. രജിത, ടി.കെ. രേഖ, മെഡിക്കൽ ഒഫീസർ ഡോ. ശ്രീകുമാർ, സൂപ്രണ്ടന്റ് പി.ആർ. വിജുരാജ് തുടങ്ങിയവർ ചേർന്ന് അതിഥി തൊഴിലാളികളെ യാത്രയാക്കി.

## കല്ലുവെട്ടി ലക്ഷംവീട് കോളനിയിൽ വീടുകൾ നിർമിച്ചുനൽകുന്നതിന് അനുമതിയായി

**കടമ്പനാട്:** മണ്ണടി കല്ലുവെട്ടി ലക്ഷംവീട് കോളനിയിലെ മുഴുവൻ വീടുകളും ഹൗസിംഗ് ബോർഡ് നിർമിച്ചു നൽകുന്നതിന് അനുമതിയായെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ അറിയിച്ചു. വീടുകൾ തകർന്ന് താമസയോഗ്യമല്ല എന്ന വിവരം ഭവന നിർമാണ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരനെ ചിറ്റയം ഗോപകുമാർ എംഎൽഎ നിവേദനത്തിലൂടെ അറിയിച്ചിരുന്നു. മന്ത്രിയുടെ നിർദേശ പ്രകാരം ചിറ്റയം ഗോപകുമാർ എംഎൽഎയും ഹൗസിംഗ് ബോർഡ് ചെയർമാൻ പി പ്രസാദും സ്ഥലം സന്ദർശിച്ച് വീടുകളുടെ ശോച്യാവസ്ഥ നേരിട്ടു മനസിലാക്കിയിരുന്നു. ഇതേതുടർന്ന് ഹൗസിംഗ് ബോർഡ് ചെയർമാന്റെ ശുപാർശ പ്രകാരം സർക്കാർ ഒരു വീടിന് നാലു ലക്ഷം രൂപ വീതം മുഴുവൻ വീടും നിർമിച്ചു നൽകുന്നതിന് ഉത്തരവാകുകയായിരുന്നെന്ന് എംഎൽഎ അറിയിച്ചു. ഉടൻ തന്നെ നിർമാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഹൗസിംഗ് ബോർഡ് ചെയർമാൻ അറിയിച്ചിട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു.

## ജില്ലാ യുവജന കേന്ദ്രം ചേരിക്കലിനെ പരിസ്ഥിതി സഹകരണ ഗ്രാമമാക്കുന്നു

**പത്തനംതിട്ട:** സംസ്ഥാന യുവജനക്ഷേമ ബോർഡ് പത്തനംതിട്ട ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാട്ടരങ്ങ് കലാ - സാംസ്കാരിക വേദിയുടെ സഹകരണത്തോടെ ചേരിക്കലിനെ പരിസ്ഥിതി സഹകരണ ഗ്രാമമാക്കുന്നു. പ്രദേശത്തെ പ്രധാന യുവജന സാംസ്കാരിക സംഘടനകളായ നാട്ടരങ്ങ്, ത്രീസ്റ്റാർ എന്നിവയിലെ യുവതീ, യുവാക്കളിലൂടെ ഗ്രാമത്തിലെ എല്ലാ വീടുകളിലും വൃക്ഷ തൈ വിതരണം നടത്തും. ജില്ലാതല പരിസ്ഥിതി ദിനാചരണം മഹാത്മാ ഗാന്ധി സന്ദർശനം നടത്തിയ പന്തളം ചേരിക്കൽ ശ്രദ്ധാനന്ദ വിലാസം ലോവർ പ്രൈമറി സ്കൂളിൽ നടത്തി.

ചേരിക്കൽ നാട്ടരങ്ങിന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ യുവജനക്ഷേമ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ ആർ ജയൻ അധ്യക്ഷനായി. പന്തളം നഗരസഭാ ചെയർപേഴ്സൺ റ്റി.കെ. സതി ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ആർ. ശ്രീലേഖ, പന്തളം നഗരസഭാ കൗൺസിലർമാരായ രാധാ രാമചന്ദ്രൻ, മഞ്ചു വിശ്വനാഥ്, നെഹ്റു യുവകേന്ദ്ര ജില്ലാ കോ-ഓർഡിനേറ്റർ സന്ദീപ് കൃഷ്ണ, നാട്ടരങ്ങ് പ്രസിഡന്റ് പി.കെ.സുഭാഷ്, സെക്രട്ടറി കെ.വി. ജൂബൻ തുടങ്ങിയവർ പങ്കെടുത്തു. ചേരിക്കൽ സ്കൂളിൽ മുൻ എംഎൽഎ പി.കെ. കുമാരന്റെ സ്മരണയ്ക്കായി ചെറുമകൾ സ്മൃതി വൃക്ഷത്തൈ നട്ട് തുടക്കം കുറിച്ചു. സ്കൂൾ വളപ്പിൽ അൻപത് മരങ്ങൾ നട്ടു.


ചേരിക്കൽ ശ്രദ്ധാനന്ദ വിലാസം ലോവർ പ്രൈമറി സ്കൂളിൽ മുൻ എംഎൽഎ പി.കെ. കുമാരന്റെ സ്മരണയ്ക്കായി ചെറുമകൾ സ്മൃതി വൃക്ഷത്തൈ നടുന്നു

## കോവിഡ് വ്യാപനം: നിയന്ത്രണങ്ങൾ കർശനമാക്കും

**പത്തനംതിട്ട:** കോവിഡ് വ്യാപനം വർധിക്കുന്ന സാഹചര്യത്തിൽ ജില്ലയിൽ നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശനനടപടി തുടരുമെന്ന് ജില്ലാപോലീസ് മേധാവി കെ.ജി. സൈമൺ പറഞ്ഞു. വിദേശരാജ്യങ്ങളിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നും ആളുകൾ തിരിച്ചു വരുന്ന പശ്ചാത്തലത്തിൽ രോഗവ്യാപനം വർധിക്കുന്നതായാണ് മനസിലാവുന്നത്. കാലവർഷത്തോട് അനുബന്ധിച്ച് പകർച്ചവ്യാധികൾക്ക് സാധ്യതയുള്ളതിനാൽ പ്രതിരോധനടപടികളിൽ വീഴ്ച പാടില്ലെന്നും, ആളുകൾ നിലവിലെ നിയന്ത്രണങ്ങൾ പൂർണമായും പാലിക്കണമെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.



## കോവിഡ് 19 - രോഗം സ്ഥിരീകരിച്ചു

**ആലപ്പുഴ:** ജില്ലയിൽ ഇന്ന് 4 പേർക്ക് രോഗം സ്ഥിരീകരിച്ചു ഇതിൽ മൂന്നുപേർ വിദേശത്തുനിന്നും ഒരാൾ മുംബൈയിൽനിന്നും എത്തിയവരാണ് .28/5ന് താജിക്കിസ്ഥാനിൽ നിന്നും കണ്ണൂർ എത്തി തുടർന്ന് ആലപ്പുഴ കോവിഡ് കെയർ സെന്ററിൽ നിരീക്ഷണത്തിലായിരുന്ന വയലാർ സ്വദേശിയായ യുവാവിനും പുലിയൂർ സ്വദേശിനിയായ യുവതിക്കും കോവിഡ് സ്ഥിരീകരിച്ചു.


മുംബയിൽ നിന്നും 26/5ന് കൊച്ചിയിൽ എത്തി ആലപ്പുഴ കോവിഡ് കെയർ സെന്ററിൽ നിരീക്ഷണത്തിലായിരുന്ന ആലപ്പുഴ സ്വദേശിനിയായ യുവതിക്കും കോവിഡ് സ്ഥിരീകരിച്ചു.

## കോവിഡ് ബാധിച്ചു മലയാളി മരിച്ചു



**മാവേലിക്കര :** കോവിഡ് ബാധിച്ചു മലയാളി അജ്മനിൽ മരിച്ചു. മാങ്കാംകുഴി ശ്രീകൃഷ്ണ ഭവനം പരേതനായ എസ്.കൃഷ്ണനാശാന്റെ മകൻ കെ.ദേവരാജൻ (63)ആണു ഇന്നലെ അജ്മനിൽ മരിച്ചത്.അറുന്നൂറ്റിമംഗലം കുഴിപ്പറമ്പിൽ കുടുംബാംഗമാണ്. വർഷങ്ങളായി കുടുംബസമേതം ദുബായിലാണ്.കഴിഞ്ഞ ജൂലൈയിൽ മകന്റെ വിവാഹത്തിനായി കുടുംബസമേതം നാട്ടിൽ എത്തിയിരുന്നു. ഭാര്യ:ഷീല. മക്കൾ:സ്നേഹ, രഞ്ജിത്.മരുമക്കൾ: ഷിനു,പ്രശാന്തി.

## നിര്യാതനായി



ഹരിപ്പാട്: ചെറുതന രഞ്ജിനി ഭവനം കെ.രവീന്ദ്രൻ (60) നിര്യാതനായി. സംസ്കാരം നടത്തി.ഭാര്യ: ശകുന്തള.മക്കൾ: ശ്രീരഞ്ജിനി.രഞ്ചുഷ, അനന്ദു. മരുമകൻ: ശ്രീരഞ്ചൻ.

# മാറ്റങ്ങളുടെ വഴിയിൽ ടെക്സ്റ്റെയിൽ മില്ലുകൾ

**ആലപ്പുഴ:** പൊതുമേഖലാ ടെക്സ്റ്റൈൽ മില്ലുകളെ കാലോചിതമായ സംരഭങ്ങൾ ആരംഭിക്കുതിന് പ്രാപ്തമാക്കാനുള്ള നടപടികളുമായി വ്യവസായ വകുപ്പ് മുന്നോട്ട് പോകുകയാണെന്ന് വ്യവസായ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ. കോമളപുരത്ത് കേരള സ്പിന്നേഴ്സ് സന്ദർശനം നടത്തുകയായിരുന്നു അദ്ദേഹം. കോമളപുരത്തെ സ്പിന്നേഴ്സിൻറെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ധന വകുപ്പിന്റെ സഹായത്തോടെ പ്രശ്നങ്ങൾ പരിഹരിച്ച് വരികയാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റെയിൽ കോർപ്പറേഷന് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശം നൂലുണ്ടാക്കുകയും അതിന്റെ മാർക്കറ്റിംഗ് കഴിഞ്ഞ് അവശേഷിക്കുതുകൊണ്ട് തുണിയുണ്ടാക്കുക എന്നതുമാണ്.

ഈ തുണി ഉപയോഗിച്ച് വസ്ത്രങ്ങൾ നിർമ്മിക്കും. ഓരോ മില്ലിലും 10 മുതൽ 25 പേർക്ക് തൊഴിൽ കൊടുക്കുന്ന നിലയിൽ പുതിയ സംരഭങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയി'ട്ടുണ്ട്. സ്പിന്നിങ് മില്ലിൽ നിന്നും നൂലുണ്ടാക്കി അതുപയോഗിച്ച് നിർമ്മിച്ച ജനതാ മാസ്കിന്റെ വിതരണോദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. ധനമന്ത്രി ടി.എം തോമസ് ഐസക്കിന് മാസ്ക് കൈമാറിക്കൊണ്ടായിരുു ഉദ്ഘാടനം.

രണ്ട് മാസത്തിനുള്ളിൽ സ്പിന്നിങ് മിൽ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ധനമന്ത്രി തോമസ് ഐസക്ക് പറഞ്ഞു. വൈദ്യുതിയുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിച്ച് കഴിഞ്ഞു. ലോക്ക് ഡൗൺ മൂലം ചില യന്ത്രങ്ങൾക്ക് അറ്റകുറ്റപണികൾ തീർക്കേണ്ടതുണ്ട്. നൂൽ നൂൽക്കലും നെയ്ത്തും ഇവിടെ ഉടൻ ആരംഭിക്കും. തൊഴിലാളി യൂണിയനുകളുമായി നടത്തിയ ചർച്ചകളിലുണ്ടായ ധാരണ പ്രകാരമുള്ള തീരുമാനങ്ങൾ സർക്കാർ ഉടൻ തന്നെ നടപ്പാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സംസ്ഥാന സർക്കാരിന്റെ ഭക്ഷ്യ സ്വയം പര്യാപ്തതക്കുള്ള പദ്ധതി പ്രകാരം ടെക്സ്റ്റെയിൽ കോർപ്പറേഷൻ അങ്കണത്തിൽ ഫലവൃക്ഷ തൈകൾ നടുതിന്റേയും പച്ചക്കറി കൃഷിയുടേയും ഉദ്ഘാടനവും മന്ത്രി ഇ.പി ജയരാജൻ നിർവ്വഹിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വെറുതേ കിടക്കു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുക എന്ന സർക്കാർ പദ്ധതിയുടെ പൂർത്തീകരണമാണ് ഇതു വഴി ലക്ഷ്യം വെക്കുന്നത്. പദ്ധതി പ്രകാരം കേരളാ സ്പിന്നേഴ്സിൻറെ രണ്ടേക്കർ ഭൂമിയിലാണ് കൃഷി വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്ന് പച്ചക്കറി കൃഷി ചെയ്യുക. ഹരിത കേരള മിഷനും സഹായിക്കും.ടെക്സ്റ്റെയിൽ കോർപ്പറേഷൻ ചെയർമാൻ സി.ആർ വത്സൻ, എം.ഡി കെ.റ്റി ജയരാജൻ, ഡയറക്ടർമാരായ പൂയപ്പള്ളി രാഘവൻ, കെ.എൻ ഗോപിനാഥ്, വ്യവസായ വകുപ്പ് സെക്രട്ടറി മുഹമ്മദ് ഹനീഷ് എന്നിവർ പങ്കെടുത്തു.


കോമളപുരത്തെ കേരള സ്പിന്നിങ്ങ് മിൽ മന്ത്രിമാരായ ഇ. പി ജയരാജനും, ഡോ. ടി. എം തോമസ് ഐസക്കും സന്ദർശിക്കുന്നു

## വൈവിധ്യമാർന്ന മാസ്ക്കുകൾ പുറത്തിറക്കുന്നു

കോമളപുരത്തെ കേരള സ്പിന്നേഴ്സും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്നത് മൂന്നുതരം വ്യത്യസ്ത തരത്തിലുള്ള മാസ്കുകൾ. ഇതിൽ ജനതാ മാസ്കിന്റെ വിതരണോദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി ഇ.പി ജയരാജൻ നിർവ്വഹിച്ചു. മൂന്നര ലക്ഷം എണ്ണം ആണ് ഉടൻ വിപണിയിലിറക്കുക. വിലകുറഞ്ഞതും പെട്ടെന്ന് ഉണങ്ങുന്നതുമായ മാസ്കുകളാണ് ടെക്സ്റ്റൈൽ കോർപ്പറേഷൻ പുറത്തിറക്കുന്നത്. ഇതു കൂടാതെ വായു സഞ്ചാരം ഏറെയുള്ളതും ശരീരത്തിന് ദോഷകരമായ കളർ ഉപയോഗിക്കാത്തതുമായ ബ്രാൻഡഡ് മാസ്കുകളും ഉടൻ വിപണിയിലെത്തിക്കും. സുരക്ഷാ മാസ്കുകളെന്ന പേരിലാണ് ഇവ വിപണിയിലെത്തുക. ആന്റി മൈക്രോബിയൽ ഫിനിഷിങ് ഇതിന് ഉണ്ടാകും. ഡബ്ള് ലെയർ മാസ്കാണ് ഇത്. മില്ലിൽ നിർമിക്കുന്ന നൂല് ഉപയോഗിച്ച് മികച്ച് തുണി സ്പിന്നേഴ്സിൽ തന്നെ നെയ്തെടുത്താണ് മാസ്ക് തയ്യാറാക്കുന്നത്. ദിവസം മുഴുവൻ ചീത്തയാകാതെ സൂക്ഷിക്കാവുന്ന മാസ്കുകളായ കൂൾ മാസ്കും വിപണിയിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് കേരള സ്പിന്നേഴ്സ്.

## ബൈക്ക് വൈദ്യുതി പോസ്റ്റിൽ ഇടിച്ച് യുവാക്കൾ മരിച്ചു

**കറ്റാനം:** ഭരണിക്കാവ് ആയിരംകുന്നിൽ ബൈക്ക് മതിലിലും വൈദ്യുതി പോസ്റ്റിലും ഇടിച്ച് മറിഞ്ഞ് സുഹൃത്തുക്കൾ മരിച്ചു. പത്തിയൂർ കോപ്പായിൽ ശക്കെതൻറ മകൻ ശംഭു ശക്തൻ (26), പുള്ളികണക്ക് വീനസിൽ വിശ്വംഭരൻറ മകൻ സഞ്ജീവ് (24) എന്നിവരാണ് മരിച്ചത്.

വെള്ളിയാഴ്ച വൈകിട്ട് മൂന്ന് മണിയോടെയായിരുന്നു അപകടം. കറ്റാനത്ത് നിന്നും ഭരണിക്കാവിലേക്കുള്ള യാത്രക്കിടെയായിരുന്നു സംഭവം.

പരിക്കേറ്റ ഇരുവരെയും കായംകുളം ഗവ. ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ഇരുവരുശടയും മൃതദേഹങ്ങൾ കായംകുളം ഗവ. ആശുപത്രി മോർച്ചറിയിൽ. ശംഭുവിൻെറ മാതാവ് നവ. സഹോദരൻ: വിഷ്ണു. കലയാണ് സഞ്ജീവിൻെറ മാതാവ്. സഹോദരി: ശിൽപ്പ.


അപകടത്തിൽ മരിച്ച ശംഭു, സഞ്ജീവ്


ടെക്സ്റ്റൈൽ കോർപറേഷൻ പുറത്തിറക്കുന്ന ജനതാ മാസ്കിന്റെ വിതരണോദ്ഘാടനം മന്ത്രി തോമസ് ഐസക്കിന് മാസ്ക് കൈമാറിക്കൊണ്ട് മന്ത്രി ഇ. പി ജയരാജൻ നിർവ്വഹിക്കുന്നു

## സീനിയർ വെറ്ററിനറി സർജൻ ഡോ.ബി.സുരേഷ് കുമർ വിരമിച്ചു


ഡോ: ബി സുരേഷ് കുമാർ

**ഹരിപ്പാട്:**മൃഗസംരക്ഷണ വകുപ്പിൽ ഹരിപ്പാട് വെറ്ററിനറി പോളീക്ലിനിക്കിലെ സീനിയർ വെറ്ററിനറി സർജൻ ഡോ. ബി .സുരേഷ് കു മാർ സർവീസിൽ നിന്നും പിരിഞ്ഞു. 1992ൽ മിൽമയിൽ വെറ്ററിനറി ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. 1994 മുതൽ മൃഗസംരക്ഷണ വകുപ്പിൽ ജോലി ചെയ്തു വരുന്നു.
കൈനകരി, വീയപുരം, ആയാപറമ്പ് ,കരുവാറ്റാ, പോത്താനിക്കാട് എന്നീ വെറ്ററിനറി ഡിസ്പെൻസറികളിൽ വെറ്ററിനറി സർജനായും തലശ്ശേരി ,മങ്കൊമ്പ്, എന്നീ വെറ്ററിനറി പോളീക്ലിനിക്കുകളിൽ സീനിയർ വെറ്ററിനറി സർജനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. .സംസ്ഥാന വെറ്ററി നറി സർജൻസ് സർവ്വീസ് അസോസിയേഷൻ ആലപ്പുഴ ജില്ലാ പ്രസിഡന്റ്, ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ ജില്ലാ സെക്രട്ടറി, കേരള വെറ്ററിനറി സർജൻസ് സർവ്വീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. കരുവാറ്റാ വള്ളംകളി സംഘാടക സമിതിയുടെ വർക്കിംഗ് പ്രസിഡന്റ് സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.
ദീർഘനാളായി വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്നു.
ശ്രീനാരായണ സാംസ്കാരിക സമിതി ഹരിപ്പാട് യൂണിറ്റ് സ്ഥാപക സെക്രട്ടറിയാണ്. .കാർത്തികപ്പള്ളി എസ്.എൻ.ഡിപി യൂത്ത് മൂവ് മെന്റ് യൂണിയൻ പ്രസിഡന്റ്, യൂത്ത് മൂവ് മെന്റ് കേന്ദ്ര സമിതി അംഗം എസ്.എൻ.ഡി.പി യോഗം കാർത്തികപ്പള്ളി യൂണിയൻ കമ്മറ്റി അംഗം ,യൂണിയൻ കൗൺസിലർ, ശ്രീനാരായണ എംപ്ലോയീസ് വെൽഫെയർ ഫോറം യൂണിയൻ പ്രസിഡന്റ്, കാർത്തികപ്പള്ളി എസ്.എൻ.ഡി.പി യൂണിയൻ വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട് . നിലവിൽ എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് അംഗവും ശ്രീനാരായണ ട്രസ്റ്റ് ബോർഡ് അംഗവും കവറാട്ട് ശ്രീ മഹാദേവക്ഷേത്രം ഭരണസമിതി അംഗവുമാണ് .
മഹാദേവികാട് എസ്.എൻ.ഡി.പി ഹൈസ്കൂളിലെ അധ്യാപിക ബിന്ദു സി ദേവ് ആണ് ഭാര്യ. മക്കൾ:സുബിൻ, സുബിത്ത്.

## പ്രതിരോധ പ്രവർത്തനം നടത്തി

**ഹരിപ്പാട്** :കോവിഡ് 19പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കായംകുളം സബ് ആർ ടി ഒ ഓഫീസിന്റെയും ഹരിപ്പാട് എമർജൻസി റസ്ക്യൂ ടീമിന്റെയും നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനം നടത്തി.

കായംകുളം സബ് ആർ ടി ഒ ഓഫീസ് പരിധിയിൽ വരുന്ന പ്രൈവറ്റ് ബസ്സുകൾ അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഹരിപ്പാട് കെ സി റ്റി ബസുകൾ അണുവിമുക്തമാക്കി കൊണ്ട് കായംകുളം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എം. സിയാദ് , അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ കെ. സുനിൽകുമാർ എന്നിവർ നിർവഹിച്ചു.

വരുംദിവസങ്ങളിൽ പ്രൈവറ്റ് ബസ്സുകളിലും, ബസ് സ്റ്റാന്റുകളിലും പ്രവർത്തനം തുടരുമെന്ന് കായംകുളം ജോയിന്റ് ആർടിഒ സജിപ്രസാദ് ജി. എസ് അറിയിച്ചു. ഹെർട്ടിന്റെ നാല്പതോളം പ്രവർത്തകർ വിവിധ ടീമുകൾ ആയിട്ടാണ് പ്രവർത്തനം നടത്തുന്നത്

## ഷാനി എത്തി: സങ്കടക്കടലിലേക്ക്

**കോട്ടയം:** കടൽകടന്നെത്തിയിട്ടും ഉമ്മയുടെ മൃതദേഹം അവസാനമായി ഒന്നു കാണാനാകാത്തതിന്റെ സങ്കടക്കടലിലാണ് ഷാനി. ഗുരുതര പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന ഉപ്പയുടെ അടുത്തെത്താനും കഴിയാത്തതിന്റെ നിസ്സഹായാവസ്ഥയും. താഴത്തങ്ങാടി പാറപ്പാടത്ത് കഴിഞ്ഞ ദിവസം കൊല്ലപ്പെട്ട ഷീബയുടെയും മെഡിക്കൽ കോളജാശുപത്രിയിൽ കഴിയുന്ന എ എം അബ്ദുൽ സാലിയുടെയും ഏകമകളായ ഷാനി വ്യാഴാഴ്ച രാത്രിയാണ് മസ്കത്തിൽനിന്ന് നാട്ടിലെത്തിയത്. ഉമ്മയുടെ മരണം അറിഞ്ഞതോടെ നാട്ടിലേക്ക് മടങ്ങാൻ ശ്രമിച്ചെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ കഴിഞ്ഞില്ല. സാമൂഹിക പ്രവർത്തകരുടെ ഇടപെടലിനെ തുടർന്ന് വിഷയം ഇന്ത്യൻ എംബസിയുടെ പ്രത്യേകം പരിഗണിച്ചതോടെയാണ് കുടുംബത്തിന് യാത്രാനുമതിയായത്. ഖബറടക്കം കഴിഞ്ഞ ശേഷമാണ് എത്താനായത് .വിദേശത്തുനിന്ന് എത്തിയതിനാൽ ക്വാറന്റയിനിലാണ്. പുറത്തിറങ്ങാനോ ബന്ധുക്കളെ കാണാനോ വഴിയില്ല. നാലു കുട്ടികളും മസ്കത്തിലെ നിസ്വയിൽ കോളജ് അധ്യാപകനായ ഭർത്താവ് സുധീറും ഒപ്പമുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർ ഫോണിൽ വളിച്ച് വിവരങ്ങൾ തേടിയിരുന്നു. ബന്ധുക്കളാണ് നിലവിൽ അബ്ദുൽ സാലിക്കൊപ്പം ആശുപത്രിയിലുള്ളത്.തിരുവനന്തപുരം വിമാനത്താവളത്തിലെത്തി അവിടെനിന്ന് ഏറ്റുമാനൂർ പേരൂരിലെ ക്വാറന്റയിൻ സെന്ററിലേക്കെത്തുകയായിരുന്നു. താഴത്തങ്ങാടിയിലെ വീട് പൊലീസ് പൂട്ടി സീൽ ചെയ്തിരിക്കുകയാണ്. .

### പ്രഥമ തപോവനം അവാർഡിന് കോലാനി അമരങ്കാവ് ഭരണസമിതി

**തൊടുപുഴ:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇടുക്കി തപസ്യ ജില്ലാ സമിതി ഏർപ്പെടുത്തിയ പ്രഥമ തപോവനം അവാർഡിന് കോലാനി അമരങ്കാവ് ഭരണസമിതിയെ തിരഞ്ഞെടുത്തു. കാവുകളും വനങ്ങളും സംരക്ഷിക്കുന്നതിൽ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കുമായി നൽകുന്നതാണ് ഈ പുരസ്കാരം.

# 'ഡ്രാക്കുള' പിടിയിൽ



**കോട്ടയം:** പാലത്തിൽ നിന്നു പുഴയിലേയ്ക്ക് ചാടിയ കുപ്രസിദ്ധ മോഷ്ടാവ് 'ഡ്രാക്കുള' സുരേഷിന്(38) ഗുരുതര പരിക്ക്. മോഷണ ശ്രമത്തിനിടെ നാട്ടുകാർ പിടികൂടാൻ ശ്രമിച്ചപ്പോൾ രക്ഷപ്പെടാനാണ് ഇയാൾ പുഴയിലേക്ക് എടുത്തു ചാടിയതെന്ന് പൊലീസ് പറയുന്നു.

ഇന്നലെ രാത്രിയിലാണ് സംഭവം. ഇന്നലെ ഉച്ചയോടെ പെരുവംമൂഴിയിൽ കെട്ടിട നിർമാണം നടക്കുന്നിടത്ത് തൊഴിലാളികളുടെ വസ്ത്രങ്ങളും മറ്റും സൂക്ഷിച്ചിരുന്ന സ്ഥലത്ത് ഇയാൾ മോഷണത്തിന് കയറുകയും പഴ്സുകൾ ഉൾപ്പടെയുള്ളവ കൈക്കലാക്കുകയും ചെയ്തിരുന്നു.

ഇത് തൊഴിലാളികൾ ഒരാൾ കണ്ടതോടെ ഇറങ്ങി ഓടി പരിസരത്തുള്ള ഒരു കുറ്റിക്കാട്ടിൽ ഒളിച്ചിരുന്നു. നാട്ടുകാർ ഏറെ തിരഞ്ഞിട്ടും കണ്ടെത്തിയില്ല. പിന്നീട് ഇവിടെ നിന്ന് പുറത്തു കടക്കാനുള്ള ശ്രമത്തിനിടെ നാട്ടുകാർ പിടികൂടിയെങ്കിലും രണ്ടു പേരുടെ കൈ കടിച്ചു മുറിച്ച് വീണ്ടും കാട്ടിലേയ്ക്ക് ഓടി മറഞ്ഞു. നാട്ടുകാർ ഇയാൾക്കായി കുറെ നേരം തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല.

ഇതിനിടെ ഇയാളുടെ ബൈക്ക് സ്ഥലത്തിരിക്കുന്നത് ശ്രദ്ധയിൽപെട്ട നാട്ടുകാർ അതിന്റെ ചോക്ക് ഊരിയിട്ട് മോഷ്ടാവിനായി കാത്തിരിക്കുകയായിരുന്നു.

രാത്രിയായതോടെ ബൈക്ക് അന്വേഷിച്ചു വന്ന സുരേഷിനെ നാട്ടുകാർ പിടികൂടുമെന്നായതോടെ പെരുവം മൂഴി പാലത്തിൽ നിന്ന് താഴേയ്ക്ക് ചാടുകയായിരുന്നു. വെള്ളമില്ലാത്ത സ്ഥലത്ത് വീണതിനാൽ ഗുരുതരമായി പരുക്കേറ്റ് രക്ഷപ്പെടാൻ സാധിക്കാത്ത അവസ്ഥയിലായി. ഇതിനിടെ സ്ഥലത്തെത്തിയ പൊലീസ് ഫയർഫോഴ്സിനെ വിളിച്ചു വരുത്തിയാണ് ഇയാളെ പുറത്തു കൊണ്ടുവന്നത്. തുടർന്ന് പൊലീസിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

ഇതിനകം 20 ൽ അധികം കേസുകളിൽ പ്രതിയാണ് പുത്തൻകുരിശ് സ്വദേശിയായ സുരേഷ്. എപ്പോൾ പുറത്തിറങ്ങിയാലും ഒരു മോഷണം പദ്ധതിയിട്ടിട്ടുണ്ടാകും എന്നാണ് പൊലീസ് ഇയാളെ കുറിച്ച് പറയാറുള്ളത്. മോഷണശ്രമത്തിനിടെ പിടിയിലായാൽ എന്തെങ്കിലും പറഞ്ഞു രക്ഷപ്പെടുന്നതാണ് പതിവ്.

ജയിലിനു പുറത്താണെങ്കിൽ പട്ടാപ്പകലും മോഷണം നടത്തുന്ന ഇയാൾ മോഷണം തുടങ്ങിയ കാലത്ത് രാത്രി മോഷണമായിരുന്നു ശീലം.

അങ്ങനെ കിട്ടിയതാണ് ഡ്രാക്കുള എന്ന ഇരട്ടപ്പേര്. കഴിഞ്ഞ വർഷം മോഷണത്തിനിടെ പിടിയിലായ ഇയാൾ പൊലീസ് ജിപ്പിന്റെ പിന്നിലെ ചില്ല് അടിച്ചു തകർക്കുകയും കുപ്പിച്ചില്ല് വിഴുങ്ങി ആത്മഹത്യാ ഭീഷണി മുഴക്കുകയും ചെയ്തിരുന്നു. 2001 മുതൽ പുത്തൻകുരിശ്, മൂവാറ്റുപുഴ, കുന്നത്തുനാട്, ചോറ്റാനിക്കര, രാമമംഗലം തുടങ്ങിയ സ്റ്റേഷനുകളിൽ 20 ൽ പരം കേസുകളുണ്ട് ഇയാൾക്കെതിരെ.

## ഷീബ വധം : മൊബൈൽ ഫോണുകളും കത്തികളും താക്കോൽക്കൂട്ടവും കണ്ടെടുത്തു





**കോട്ടയം:** കോട്ടയം താഴത്തങ്ങാടിയിൽ വീട്ടമ്മ ഷീബയെ തലയ്ക്കടിച്ച് കൊലപ്പെടുത്തിയ കേസിൽ മൊബൈൽ ഫോണും കത്തിയും അടക്കം കണ്ടെടുത്തു. പ്രതി മുഹമ്മദ് ബിലാലുമായി തണ്ണീർമുക്കത്ത് നടത്തിയ തെളിവെടുപ്പിലാണ് മൂന്ന് മൊബൈൽ ഫോണുകളും കത്തികളും കത്രികയും താക്കോലുകളും കണ്ടെടുത്തത്.

ഷീബയുടെ മൊബൈൽ ഫോണും താക്കോൽക്കൂട്ടവും തണ്ണീർമുക്കം ബണ്ടിൽ നിന്ന് വേമ്ബനാട്ട് കായലിലേക്ക് വലിച്ചെറിഞ്ഞതായാണ് പ്രതി ബിലാൽ മൊഴി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് മുങ്ങൽ വിദഗ്ധരുടെ സഹായത്തോടെ കായലിൽ തിരച്ചിൽ നടത്തിയത്.

ഷീബയുടെ വീട്ടിൽ നിന്നും കവർന്ന 28 പവൻ സ്വർണം കണ്ടെടുത്തു. എന്നാൽ ശേഷിക്കുന്ന സ്വർണം കണ്ടെടുക്കാനുള്ള അന്വേഷണം തുടരുകയാണെന്ന് ഡിവൈഎസ്പി ശ്രീകുമാർ പറഞ്ഞു. കേസിൽ ബിലാൽ അല്ലാതെ മറ്റു പ്രതികൾ ഇല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

താഴത്തങ്ങാടിയിൽ ദമ്ബതിമാരെ അക്രമിച്ച ശേഷം മുഹമ്മദ് ബിലാൽ കാറുമായി ആലപ്പുഴയിലേക്കാണ് ആദ്യം കടന്നത്. ഇതിനിടെ തണ്ണീർമുക്കത്ത് വാഹനം നിർത്തി മൊബൈലും കത്തികളും കായലിൽ ഉപേക്ഷിക്കുകയായിരുന്നു. കൃത്യമായ ആസൂത്രണത്തോടെയാണ് പ്രതി കൃത്യം നടത്തിയതെന്ന് പൊലീസ് പറയുന്നു. പ്രതിക്ക് മാനസികപ്രശ്നങ്ങളുണ്ടെന്ന വാദം തള്ളി. അക്രമം നടത്തിയ രീതിയും രക്ഷപ്പെട്ട മാർഗവും സൂചിപ്പിക്കുന്നത് അത്തരം പ്രശ്നങ്ങൾ ഇല്ലെന്നാണെന്നും പോലീസ് പറയുന്നു

### ഹരിതം സഹകരണം പദ്ധതി

**ചങ്ങനാശേരി :** ഹരിതം സഹകരണം പദ്ധതിയുടെ താലൂക്ക് തല ഉദ്ഘാടനം വാഴൂർ ഗവ.ഹൈസ്കൂളിൽ ചങ്ങനാശേരി താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അഡ്വ.ജോസഫ് ഫിലിപ്പ് നിർവഹിച്ചു. വാഴൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ.ബെജു കെ.ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. പുഷ്കലാദേവി, സർക്കിൾ സഹകരണ യൂണിയൻ ഭരണസമിതി അംഗങ്ങളായ രാജൻ ചെറുകാപ്പള്ളി, എ.കെ ബാബു,അനീഷ് ലാൽ, സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ എം.പി രാജശേഖരപണിക്കർ, സർക്കിൾ സഹകരണ യൂണിയൻ മുൻ ചെയർമാൻ കാനം എന്നിവർ സംസാരിച്ചു.

## വെള്ളക്കെട്ടിനു പരിഹാരമാകും; നാഗമ്പടം സ്വകാര്യ ബസ് സ്റ്റാൻഡിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു



**കോട്ടയം:** വെള്ളക്കെട്ട് രൂപപ്പെടുന്ന നാഗന്പടം സ്വകാര്യ ബസ് സ്റ്റാൻഡിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഏതാനും ദിവസങ്ങൾക്കു മുന്പ് ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ബസ് സ്റ്റാൻഡിലേക്കുള്ള ബസുകൾ കടക്കുന്ന പ്രവേശ കവാടം മുതൽ കിഴക്കുവശത്തെ പാർക്കിംഗ് ഏരിയ വരെയുള്ള റോഡിലെ തകർന്ന ഭാഗങ്ങൾ പൊളിച്ചു സോൾ ചെയ്തു റീ ടാറിംഗ് ചെയ്യാനുള്ള ജോലികളാണ് പുരോഗമിക്കുന്നത്. ഇതോടൊപ്പം സ്റ്റാൻഡിൻറെ പടിഞ്ഞാറു വശത്തുള്ള പാർക്കിംഗ് സ്ഥലത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ ഇപ്പോൾ ബസുകൾ സ്റ്റാൻഡിൻറെ പടിഞ്ഞാറു വശത്തു കൂടി പ്രവേശിച്ച് അവിടെ തന്നെ പാർക്ക് ചെയ്തു വിവിധ സ്ഥലങ്ങളിലേക്കു പോവുകയാണ് ചെയ്യുന്നത്.

## കാടിന്റെ കഥകളും കവിതകളുമെല്ലാം ഉൾപ്പെടുത്തി 'ദലമർമ്മരം'

**തൊടുപുഴ:** പരിസ്ഥിതി ദിനത്തിൽ വലിയമാവ് വന സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കാടിന്റെ കഥകളും കവിതകളുമെല്ലാം ഉൾപ്പെടുത്തി 'ദലമർമ്മരം' എന്ന പേരിൽ പുസ്തകമിറക്കി.

കേരളത്തിൽ തന്നെ കുട്ടികളെ വനംവകുപ്പ് പഠനത്തിന് നേരിട്ട് സഹായിക്കുന്ന പ്രദേശം കൂടിയാണ് വലിയമാവ്. ഇവിടത്തെ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരും വിദ്യാർഥികളുമാണ് പുസ്തകത്തിന് പിന്നിൽ. അദ്ധ്യാപകരും വനംവകുപ്പ് ഉദ്യോഗസ്ഥരും കാടിനെക്കുറിച്ചുള്ള തങ്ങളുടെ അറിവുകളും ചിത്രങ്ങളും പങ്കുവച്ചിട്ടുണ്ട്.



## ഓൺലൈൻ പഠനത്തിന് കൂടുതൽ സൗകര്യങ്ങൾ

**ഇടുക്കി :** ഓൺലൈൻ പഠനസൗകര്യം ഇല്ലാത്ത വിദ്യാർഥികൾക്ക് സൗകര്യമേർപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളുടെ യോഗം ചേർന്നു.

കലക്ടർ എച്ച് ദിനേശൻ അധ്യക്ഷനായി. ആദിവാസി ഊരുകളിലാണ് കൂടുതലായും അസൗകര്യങ്ങൾ നിലനിൽക്കുന്നത്. 4,515 കുട്ടികൾക്കാണ് ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തേണ്ടത്.

പട്ടികജാതി, പട്ടിക വർഗ വകുപ്പുകൾ പഠന സൗകര്യം ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്. എസ്എസ് കെയുടെ മേൽനോട്ടത്തിൽ പഠന സൗകര്യം ഏർപ്പെടുത്തേണ്ട വിദ്യാർഥികളുടെ എണ്ണമെടുക്കുകയും സൗകര്യങ്ങൾ ക്രമീകരിക്കാൻ 52 കേന്ദ്രങ്ങൾ കണ്ടെത്തുകയും ചെയ്തു.

ജനപ്രതിനിധികൾ, പഞ്ചായത്ത്, സന്നദ്ധസംഘടനകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നുള്ള സഹായം ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രയോജനപ്പെടുത്തും.

ഇതിനകം കുറേപ്പേർ ടിവിയും മറ്റും വിദ്യാർഥികൾക്ക് നൽകിയിട്ടുണ്ട്. സഹായം നൽകുന്നവർ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അറിയിച്ചാൽ ഏറ്റവും അർഹരായവരിൽ എത്തിക്കാൻ സഹായിക്കുമെന്ന് യോഗം വിലയിരുത്തി.

15 വരെ ട്രയൽ ക്ലാസുകളാണ് നടക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ വി എ ശശീന്ദ്രവ്യാസ്, എസ്എസ്കെ പ്രോജക്ട് ഓഫീസർ ഡി ബിന്ദുമോൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ വി കുര്യാക്കോസ്, ഡയറ്റ് പ്രതിനിധി എം തങ്കരാജ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ -ഓർഡിനേറ്റർ കെ എ ബിനുമോൻ, കൈറ്റ് ജില്ലാ കോ -ഓർഡിനേറ്റർ പി കെ ഷാജിമോൻ, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ഇ ജി സത്യൻ എന്നിവർ പങ്കെടുത്തു.

# പുഴ ശുചീകരണത്തിന്റെ മറവിൽ മണൽ കടത്തുന്നു?



**ചെറുതോണി:** പുഴ ശുചീകരണത്തിന്റെ മറവിൽ മണൽ കടത്തുന്നതായി പരാതി. കഴിഞ്ഞ വർഷങ്ങളിൽ പല പുഴകളിലും മണ്ണ്, കല്ല്, എക്കൽ എന്നിവ അടിഞ്ഞുകൂടി പുഴകൾ നികന്ന് കരയും പുഴയും ഒരുപോലെ എന്ന രീതിയിലാണ് ഇപ്പോഴുള്ളത്. ഈ വർഷം ശക്തമായ

മഴയ്ക്ക് സാദ്ധ്യതയുള്ളതിനാൽ പുഴകളിലെ തടസങ്ങൾ മാറ്റി വെള്ളത്തിന്റ ഒഴുക്ക് സുഗമമാക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുകയും ഇതിനുള്ള തുക സർക്കാർ പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തു. ഇതനുസരിച്ച് മരിയാപുരം പഞ്ചായത്ത് പുഴശുചീകരണം നടത്തുന്നത്.

വെള്ളമൊഴുകുന്നതിന് തടസമുള്ള പ്രദേശത്തു നിന്നല്ല മണലുകടത്തുന്നതെന്നും ആരോപണമുണ്ട്. ശുചീകരണത്തിന്റെ മറവിൽ കരാറുകാരനുമൊത്ത് മണൽ കൊണ്ടുപോകുകയാണ് അധികൃതർ. ഈ മണ്ണ് പൂട്ടി പോയ പാറമടയിൽ സൂക്ഷിക്കുകയാണ്. എന്നാൽ ഇതിന് വ്യക്തമായ കണക്കൊന്നും ഇല്ലെന്ന് പറയുന്നു. ഇതിൽ കൂടുതൽ ഭാഗം മണലും മറ്റു പലർക്കും മറിച്ചു വിൽക്കുന്നതായും ആരോപണമുണ്ട്.

ചെറുതോണിയിലൂടെ കടന്നുപോകുന്ന പെരിയാറിന്റെ പകുതിഭാഗം മരിയാപുരം പഞ്ചായത്തിലും പകുതി വാഴത്തോപ്പ് പഞ്ചായത്തിലുമാണ്.

വാഴത്തോപ്പ് പഞ്ചായത്തിലെ പുഴയുടെ ഭാഗം ശുചീകരിക്കാൻ തുടങ്ങി. വെള്ളക്കയം മുതൽ കരിമ്പൻ പാലം വരെയുള്ള പ്രദേശമാണ് മരിയാപുരം പഞ്ചായത്തതിർത്തിയിലുള്ളത്.

പത്തിലധികം ടിപ്പർ ലോറികളിലാണ് മണൽ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മണൽ വാരുന്നതെന്ന് സമീപവാസികളാരോപിച്ചു. പാംബ്ലയിൽ നിർമിതിയുടെ നേതൃത്വത്തിൽ മണൽ വാരിവിൽക്കാൻ സർക്കാർ ഉത്തരവുണ്ടായിട്ടും മാനദണ്ഡങ്ങൾ പാലിക്കാത്തതു മൂലം നിറുത്തിവച്ചിരിക്കുകയാണ്.

.കാലവർഷമാരംഭിച്ചതിനാൽ പെരിയാറ്റിൽ വെള്ളമുയരാൻ തുടങ്ങും അതിന് മുമ്പ് പുഴ ശുചീകരിക്കണമെന്നാണ് നാട്ടുകാരാവശ്യപ്പെടുന്നത്. റവന്യൂ, ഫോറസ്റ്റ് വകുപ്പുകൾസംയുക്തമായി തീരുമാനമെടുക്കാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും മണൽകടത്തുന്നതിനെതിരെ ഒരു വിഭാഗം പരാതി നൽകാനൊരുങ്ങുകയാണ്.

## സ്വയം പര്യാപ്തമാകാൻ ഒരുങ്ങി അടിമാലി

**അടിമാലി :** ക്ഷാമകാലത്തെ കരുതലിനായി വിത്തെറിഞ്ഞ് സുഭിക്ഷ കേരളത്തിൽ പങ്കാളിയായി സിപിഐ എമ്മും. സിപിഐ എം നേതൃത്വത്തിൽ അടിമാലി മേഖലയിൽ മുപ്പത് ഏക്കറിലാണ് കൃഷി ആരംഭിക്കുന്നത്.
ഇതിനായി വിപുലമായ കാർഷിക സബ്കമ്മിറ്റികൾ രൂപീകരിച്ചു. കർഷകർ, കൃഷിവികസന സമിതികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണവുമുണ്ട്. തരിശ്നിലങ്ങളും മറ്റും പാട്ടത്തിനെടുത്താണ് കൃഷി നടത്തുന്നത്.
ഇരുന്നൂറേക്കർ, മന്നാങ്കാല എന്നിവിടങ്ങളിൽ പച്ചക്കറിത്തൈകൾ നട്ടും ഇരുമ്പുപാലത്ത് മത്സ്യകുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിച്ചും എസ് രാജേന്ദ്രൻ എംഎൽഎ ഏരിയാതല ഉദ്ഘാടനം ചെയ്തു. ടി കെ ഷാജി, ഏരിയ ആക്ടിങ് സെക്രട്ടറി കെ ആർ ജയൻ എന്നിവർ പങ്കെടുത്തു.
ആനച്ചാലിൽ വെള്ളത്തൂവൽ പഞ്ചായത്ത് പ്രസിഡന്റ് ടി ആർ ബിജി ഉദ്ഘാടനം ചെയ്തു. സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗം കെ വി ശശി, കെഎസ്കെടിയു ജില്ലാ സെക്രട്ടറി എം എൻ മോഹനൻ എന്നിവർ പങ്കെടുത്തു.
മാങ്കുളത്ത് പച്ചക്കറി, കല്ലാർകൂട്ടിയിൽ കപ്പ, കുഞ്ചിത്തണ്ണിയിൽ ഇഞ്ചി, മഞ്ഞൾ, ആനവിരട്ടിയിൽ നെല്ല് എന്നിവയാണ് കൃഷി ചെയ്യുന്നത്.

## കേരളത്തിൽ ഇനി 'പിടയ്ക്കുന്ന 'മീനും

**കട്ടപ്പന :** സുഭിക്ഷ കേരളത്തിൽ ഇനി പിടയ്ക്കുന്ന മീനും പിടിക്കാം. സിപിഐ എം കട്ടപ്പന ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ കട്ടപ്പന നോർത്ത് ലോക്കൽ കമ്മിറ്റിയിലെ കൊങ്ങിണിപ്പടവ് ബ്രാഞ്ചിലാണ് 15 സെന്റ് കുളത്തിൽ മീൻ കൃഷി ആരംഭിച്ചത്. ബ്രാഞ്ച് സെക്രട്ടറി അജിത്ത് ജോസഫിന്റെ കുളത്തിൽ അയ്യായിരത്തോളം കാർപ്പ് ഇനത്തിൽപ്പെട്ട രോഹു, ഗ്രാസ്കാർപ്പ് കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചത്.

മീൻകൃഷി ഏരിയ സെക്രട്ടറി വി ആർ സജി ഉദ്ഘാടനം ചെയ്തു. നഗരസഭ കൗൺസിലർ കെ പി സുമോദ്, നോർത്ത് ലോക്കൽ കമ്മിറ്റി സെക്രട്ടറി പി വി സുരേഷ് എന്നിവർ പങ്കെടുത്തു.

ഏരിയയിലെ എല്ലാ ലോക്കൽ കമ്മിറ്റികളിലും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറിയും മറ്റ് കൃഷികളും ആരംഭിച്ചു. വെള്ളയാംകുടിയിൽ ഏത്തവാഴകൃഷിയും പച്ചക്കറി കൃഷിയും ആരംഭിച്ചു.

മുകളകരമേട്ടിൽ കൗൺസിലർ സെലിൻ ജോയിയുടെ നേതൃത്വത്തിൽ കൃഷി ആരംഭിച്ചു.

വലിയകണ്ടത്ത് കർഷകസംഘം സംസ്ഥാന വർക്കിങ് കമ്മിറ്റിയംഗം എൻ ശിവരാജൻ നടീൽ ഉത്സവം ഉദ്ഘാടനം ചെയ്തു.

### ഇരട്ടി വിളവുമായി കാട്ടുപടവലം

**മറയൂർ:** ലോക്ക് ഡൗണിൽ വിലയിടിഞ്ഞെങ്കിലും മറയൂർ മലനിരകളിലെ ആദിവാസിക്കുടികളിൽ വ്യാപകമായി കൃഷിചെയ്തിരുന്ന കാട്ടുപടവലത്തിന് ഇരട്ടി വിളവ് ലഭിച്ചത് ആശ്വാസംപകരുന്നു.
മറയൂർ റേഞ്ചിലെ പെരിയകുടി, കുത്തുകൽക്കുടി, കവക്കുടി, തീർഥമലക്കുടി, ചെമ്പട്ടിക്കുടി തുടങ്ങിയ ആദിവാസി കോളനികളിലാണ് കാട്ടുപടവലം വ്യാപകമായി കൃഷിചെയ്തിരുന്നത്. 2 ഇത്തവണ 40 ടൺ കാട്ടുപടവലമാണ് വനംവകുപ്പ് ആദിവാസികളിൽനിന്ന് സംഭരിച്ച് ആയുർവേദ ഔഷധ നിർമാണ ശാലകളിലും മറ്റും വിറ്റഴിച്ചത്.

## കോവിഡ് പ്രതിരോധം: ഇനി സർവകക്ഷി യോഗങ്ങൾ

**ഇടുക്കി :** നിയോജകമണ്ഡല തലത്തിലും പഞ്ചായത്ത് തലത്തിലും സർവകക്ഷി യോഗം ചേർന്ന് കോവിഡ് പ്രതിരോധ പരിപാടി ഊർജിതമാക്കും. കലക്ടറേറ്റ് ഹാളിൽ ചേർന്ന രാഷ്ട്രീയ പാർടികളുടെ അവലോകന യോഗമാണ് തീരുമാനമെടുത്തത്. മന്ത്രി എം എം മണി യോഗം ഉദ്ഘാടനംചെയ്തു. മറ്റു രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽനിന്നും ആളുകൾ എത്തിത്തുടങ്ങിയതോടെ കോവിഡ് പ്രതിരോധത്തിൽ വലിയ ഉത്തരവാദിത്തമാണ് കേരളത്തിന് ഉണ്ടായിരിക്കുന്നതെന്നും കൂട്ടായ പ്രതിരോധ പ്രവർത്തനം ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു.

ഏലം ലേലത്തിൽ പങ്കെടുക്കാൻ തമിഴ്നാട്ടിൽ നിന്ന് എത്തുന്ന വ്യാപാരികൾ ക്വാറന്റൈനിൽ പോകേണ്ടതില്ലെന്ന് കലക്ടർ അറിയിച്ചു. തേനി കലക്ടർ ശുപാർശചെയ്ത 437 പേർക്കും പാസ് നൽകിയിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കാൻ ഇരു സംസ്ഥാനങ്ങളിലേക്കും പോകുന്നവർക്ക് പ്രത്യേക പാസ് ലഭ്യമാക്കി അനുവാദം നൽകിയിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ മൂന്നാമത്തെ ഐസിയുവിന്റെ അവസാനഘട്ട നിർമാണ പ്രവർത്തനമാണ് നടക്കുന്നത്. ഡയാലിസിസ് ബ്ലോക്കും ഉടൻ പ്രവർത്തിപ്പിക്കാനാകും. ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രത്യേക ഒപി ഉടൻ ആരംഭിക്കും. ഓൺലൈൻ ക്ലാസുകൾ എല്ലാ വിദ്യാർഥികളിലും എത്തിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കും. റോഷി അഗസ്റ്റിൻ എംഎൽഎ അധ്യക്ഷനായി. ഡീൻ കുര്യാക്കോസ് എംപി, ഇ എസ് ബിജിമോൾ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ പൗലോസ്, കലക്ടർ എച്ച് ദിനേശൻ, ആർഡിഒ ആന്റണി സ്കറിയ, ഡിഎംഒ എൻ പ്രിയ, വിവിധ രാഷ്ട്രീയപാർടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## വൃക്ഷത്തൈകൾ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു



**ചെറുതോണി:**പാറക്കടവ് സരസ്വതി വിദ്യാനികേതൻ സ്ക്കൂളിൽ ചെറുതോണിയിലെ മാദ്ധ്യമ പ്രവർത്തകരുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു.

പ്രാദേശിക മാദ്ധ്യമ സംഘടനയുടെ നേതൃത്വത്തിൽ നടന്ന പരിപാടി ടിൻസ് ജയിംസ് വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു.

മാവ്, പ്ലാവ്, പേര, സപ്പോട്ട തുടങ്ങിയ ഫലവൃക്ഷത്തൈകളാണ് മാധ്യമസംഘത്തിന്റെ നേതൃത്വത്തിൽ പാറക്കടവ് സരസ്വതി വിദ്യാനികേതൻ സ്ക്കൂൾ വളപ്പിൽ നട്ടത്.

സ്കൂൾ സെക്രട്ടറി കെ.എസ് പ്രസാദ്, പ്രിൻസിപ്പൽ കെ എസ് മധു, അദ്ധ്യാപകൻ ബിജു പി.എസ്, മാദ്ധ്യമ പ്രവർത്തകരായ വി.കെ സ്റ്റാലിൻ, കിഷോർ ,നഥാനിയേൽ തോമസ് തുടങ്ങിയവർ പങ്കെടുത്തു

കേരള പ്രണാമം
സത്യം വദ ധർമ്മം ചര

രാഹുകാലം : 04.30 to 06.00 pm
ഗുളികകാലം : 03.00 to 04.30 Pm
യമകണ്ടകകാലം : 12.00 to 01.30 Pm
സുഹർ: 12.11 അസർ: 3.31 മഗ്‌രിബ്: 6.00
ഇശാഅ്: 7.13 സുബ്ഹി: 5.09 ഉദയം: 6.22


Art & Literature

# ഇവരും ഭൂമിയുടെ അവകാശികൾ



Ajeeb Komachi
Professional Photographer
"Komachies", Farook College P.O.
Calicut Dt. Kerala 673632
Mob: +91 984 786 4080
Resi: +91 483 283 1748
Email: ajeeb@komachi.co
Web: http://www.komachi.co/
FaceBook: https://www.facebook.com/ajeeb.komachi1






വയനാട്ടിൽ എസ്റ്റേറ്റ് ലോബി വെടിവെച്ച് കൊന്ന പിടിയാനയുടെ പോസ്റ്റ് മോർട്ടം








# അതിനാടകീയതയുടെ ക്രിസ്റ്റോറിയൻ പരിസരങ്ങൾ



KALEIDOSCOPE

ഹരിത എം

കനേഡിയൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയ ജോർദാൻ പീറ്റേഴ്സൺ,അതിനാടകീയ പരിസരങ്ങൾ/ വിഷയങ്ങൾ /സംഭവങ്ങൾ ക്രിയേറ്റ് ചെയ്യുന്നതിൽ ഏറ്റവും മിടുക്കുള്ളത് സ്ത്രീകൾക്കാണ് എന്നൊരു അഭിപ്രായപ്രകടനം നടത്തി. ആ അഭിപ്രായത്തിന്റെ അടിസ്ഥാനം കൃത്യമായ സ്ത്രീവിരുദ്ധതയാണ് എന്ന് തോന്നാമെങ്കിലും യാഥാർഥ്യം അതല്ല. അതിനാടകീയത ഉല്പാദിപ്പിക്കുക എന്നതൊരു സ്കിൽ ആണ് സ്വാഭാവികമായ ഒരു ചലനത്തെ സവിശേഷവൽക്കരിക്കുക എന്ന ക്രിയാത്മക പ്രവർത്തനമാണ് ഈ അതിനാടകീയത.

കുറ്റാന്വേഷണ കഥകളുടെ റാണി എന്നറിയപ്പെടുന്ന ബ്രിട്ടീഷ് ഡിറ്റക്റ്റീവ് നോവലിസ്റ്റ് ആയ അഗത ക്രിസ്റ്റിയിൽ ഈ സ്വാധീനം പ്രകടമാണ്. ഋജുവായി പോകുന്ന ഒരു ലൈനിനെ സങ്കീർണ്ണവത്കരിക്കുന്നതാണ്/ ഡ്രമാറ്റിക് ആക്കിമാറ്റി പ്രതിഭാവനം ചെയ്യുന്നതാണ് അവരുടെ പല നോവലുകളുടേയും സാമാന്യ സവിശേഷത. കഥാഗതിയെ അപ്പാടെ പൊളിച്ചെഴുതുന്ന ട്വിസ്റ്റുകൾ, അതിനാടകീയ കൊലപാതക പശ്ചാത്തലങ്ങൾ, ഐഡന്റിറ്റി മോഷണം തുടങ്ങി ത്രില്ലർ സിനിമ കാണുന്ന മൂഡോടെ നിർമ്മിക്കപ്പെട്ട അവരുടെ ഒരു നിരയോളം നോവലുകൾ ഉണ്ട്.

കേവലമൊരു ഡിറ്റക്റ്റീവ് നോവലിന്റെ ചട്ടക്കൂടിനകത്തു ഒതുങ്ങിനിൽക്കാതെ സങ്കീർണമായ ഡ്രമാറ്റിക് പസിലുകൾ തുറന്നിടുന്ന അവതരണമാണ് അവ കൈയ്യാളുന്നത്.'എബിസി മർഡേഴ്സ്' എന്ന അവരുടെ വിഖ്യാത നോവൽ മുതൽ കെട്ടുപൊട്ടിയ ഒരു വിചിത്ര ഭാവനയുടെ ആധിക്യം അഗതാക്രിസ്റ്റിയിൽ വ്യക്തമാണ്. ഏൾ ഡെൽ ബിഗേഴ്സും, റെക്സ് സ്റ്റോട്ടും, ഡേവിഡ് ഹ്യൂമും ,അടങ്ങുന്ന സമകാലീനരായ ആൺ ഡിറ്റക്റ്റീവ് എഴുത്തുകാരുടെ ആഖ്യാനരീതിയുമായും, ക്രാഫ്റ്റുമായും ഒരുതരത്തിലും തട്ടിച്ചു നോക്കാൻ പറ്റാത്തതാണ് അഗത ക്രിസ്റ്റിയുടെ ആഖ്യാനശൈലി. ഹോംസിന്റെ സ്വാധീനം ഉണ്ടെങ്കിൽ കൂടി അത് കുറഞ്ഞ അളവിലേ കണ്ടെത്താനാകൂ. സ്ത്രീ സഹജമായ ഒരു നാടകീയ വ്യാഖ്യാനത്തിന്റെ വ്യതിരിക്തത അവരുടെ ഓരോ പുസ്തകവും പേറുന്നുണ്ട്.

ക്രിസ്റ്റിയുടെ 'മർഡർ ഓൺ ദി ഓറിയന്റ് എക്സ്പ്രസ്സ്' എന്ന വിഖ്യാത നോവൽ ഒരു ഉദാഹരണമാണ്. അവരുടെ ഒഫീഷ്യൽ ഇൻവെസ്റ്റിഗേഷൻ ടൂൾ ആയ ഹെർക്യൂൾ പെയ്‌റോട്ടിലൂടെ സഞ്ചരിക്കുന്ന ഒരു കൊലപാതകത്തിന്റെ അന്വേഷണമാണ് ഈ നോവലിന്റെ ഉള്ളടക്കം. കഥാഗതിയുടെ മുക്കാൽ ഭാഗം പിന്നിടുമ്പോഴാണ് നമ്മൾ ഇതുവരെ കണ്ടതല്ല നോവലിന്റെ കോർ പോയിന്റ് എന്നും ഈ കൊലപാതകം തന്നെ സംഭവിച്ചുകഴിഞ്ഞ ഒരു പ്രതികാര പദ്ധതിയുടെ ബ്ലൂ പ്രിന്റ് ആണെന്നും മനസിലാകുന്നത്. ലോജിക്കിന്റെ സാധ്യതകളോട് ഒരുതരത്തിലും സംവദിക്കാത്ത അതിനാടകീയതയുടെ ഒരപരലോകത്തേക്കു നിഷ്പ്രയാസം ചെന്നുകയറുന്ന ആ നോവൽ ഒരസാധ്യ ത്രില്ലർ ആണ് . കുറച്ചുകൂടി വ്യക്തമാക്കിയാൽ ഒരു സ്ത്രീയുടെ നാടകീയഭാവനയ്ക്ക് മാത്രം വഴങ്ങുന്ന ഒന്ന്. ഐഡന്റിറ്റി മോഷണം അത് മുഖാന്തരം നടക്കുന്ന ആൾമാറാട്ടങ്ങൾ ഇവയിൽ ക്രിസ്റ്റിയുടെ അത്ര താല്പര്യം ഉള്ള സ്ത്രീ എഴുത്തുകാരെ നിങ്ങൾ അധികംകണ്ടുകാണില്ല.

ദി മിസ്റ്ററി ഓഫ് ബ്ലൂ ട്രെയിൻ ,ആഫ്റ്റർ ദി ഫ്യൂണറൽ ,ഹെർക്യൂൾ പെയ്‌റോട്ട്സ് ക്രിസ്മസ്,അപ്പോയ്ന്റ്മെന്റ് വിത്ത് ഡെത്ത്,തെർറ്റീൻ പ്രോബ്ലെംസ് എന്ന് തുടങ്ങി അനവധി നോവലുകളിൽ ഐഡന്റിറ്റി മോഷണവും അതുവഴിയുണ്ടാകുന്ന തെറ്റിദ്ധരിപ്പിക്കലുകളുടെയും അയ്യരുകളിയാണ്. ഇതിൽ മിസ് മേപ്പിൾ കേന്ദ്രകഥാപാത്രമായി വരുന്ന തെർറ്റീൻ പ്രോബ്ലെംസ്ൽ 'ദി കംപാനിയൻ' എന്ന ഒരു കഥയുണ്ട്.പണത്തിനു വേണ്ടി കൂട്ടുകാരിയെ കടലിൽ മുക്കിക്കൊന്ന് കൊല്ലപ്പെട്ട വ്യക്തിയുടെ ഐഡന്റിറ്റി മോഷ്ടിച്ച് ആ ഐഡന്റിറ്റിയിൽ ജീവിക്കുന്ന മധ്യവയസ്കയാണ് അതിലെ നായിക. യുക്തി എന്ന സങ്കേതത്തെ പ്രശ്നവൽക്കരിക്കുന്നുണ്ടെങ്കിലും ചടുലമായ ,ആകാംക്ഷയെ ചൂഷണം ചെയ്യുന്ന കഥാതന്തു ആണിത് .

എന്തു കൊണ്ടാണ് ഐഡന്റിറ്റി മോഷണം ഈ രീതിയിൽ അഗതാക്രിസ്റ്റിയുടെ നോവലുകളിലുടനീളം വന്നുപോകുന്നത്? കാരണം, ഈ പ്രക്രിയക്ക് അതിമനോഹരമായ ഒരു കാല്പനിക തലമുണ്ട്. യുക്തിയുമായി ഒരു പോയിന്റിലും മുഖാമുഖം കണ്ടുമുട്ടാത്ത ഒരു തലത്തിൽ സ്വയം അഭിരമിച്ചാണ് അഗത ക്രിസ്റ്റി ഓരോ പ്രശ്നത്തെയും വായനക്കാരന് മുന്നിൽ അവതരിപ്പിക്കുന്നത്. അനിതര സാധാരണമായ ഈയൊരു റൊമാന്റിക് യുക്തിയെ ദുരൂഹവും നാടകീയവുമായി അവർ പുനർവ്യഖ്യാനം ചെയ്യുന്നു.



Agatha christie

പത്തൊമ്പതാം നൂറ്റാണ്ടിൽ, ഒരു പുരുഷനും തോന്നാത്ത ഭയാനക ഭാവനയ്ക്കാണ് ഫ്രാങ്കൻസ്റ്റൈനിലൂടെ മേരി ഷെലി ജന്മം നൽകിയത്.അത്ര രൂക്ഷതയേറിയ ഒരു ഫാന്റസിയുടെ രൂപരേഖ തയ്യാറാക്കുന്നതിൽ ഒരു സ്ത്രീ തനിച്ചു വഴക്കിയെടുത്ത കൊടിയ സവിശേഷ ക്രിയാശേഷിയുടെ പിൻബലമുണ്ട്. അതിനെ നിങ്ങൾക്കു അതിനാടകീയത എന്ന് തന്നെ വിളിക്കാം. കാരണം അത് ഒരു സാധാരണ വൈയക്തിക ബോധത്തെ സാധാരണവൽക്കരിച്ചുകൊണ്ട് തന്റേടത്തോടെ നിങ്ങൾക്ക് മുൻപിൽ തലയുയർത്തി നില്കുന്നു എന്ന ഒറ്റക്കാരണം കൊണ്ടുതന്നെ.

## അതിഥി തൊഴിലാളികൾ മടങ്ങി

**പാലക്കാട്:** ജില്ലയിൽ നിന്നും 1377 അതിഥി തൊഴിലാളികൾ ഇന്ന് (ജൂൺ 5) പുലർച്ചെ രണ്ടിന് പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ നിന്നും വെസ്റ്റ് ബംഗാളിലേക്ക് മടങ്ങി. പാലക്കാട്, മണ്ണാർക്കാട് , ഒറ്റപ്പാലം, പട്ടാമ്പി താലൂക്കുകളിൽ നിന്നുള്ള അതിഥി തൊഴിലാളികളാണ് നാട്ടിലേക്ക് തിരിച്ചത്.

തൊഴിലാളികളെ കെ.എസ്.ആർ.ടി.സി. ബസുകളിലായാണ് റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത്. താലൂക്കടിസ്ഥാനത്തിലുള്ള കേന്ദ്രങ്ങളിൽ തെർമോമീറ്റർ ഉപയോഗിച്ച് ശരീരതാപനില അളക്കുകയും മറ്റ് അസുഖങ്ങൾ, രോഗ ലക്ഷണങ്ങൾ എന്നിവ ഇല്ലെന്ന് ഉറപ്പുവരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയാണ് വിട്ടയച്ചത്. നാട്ടിൽ തിരിച്ചെത്തുന്നത് വരെയുള്ള ഭക്ഷ്യകിറ്റും ഉറപ്പുവരുത്തിയാണ് തൊഴിലാളികളെ നാട്ടിലേക്കയച്ചത്.

## ട്രെയിൻ മാർഗം മടങ്ങിയത് 10226 അതിഥി തൊഴിലാളികൾ

ലോക്ക് ഡൗണിനെ തുടർന്ന് ജില്ലയിൽ നിന്നും ട്രെയിൻ മാർഗം ഇതുവരെ സ്വദേശത്തേക്ക് മടങ്ങിയത് 10226 അതിഥി തൊഴിലാളികൾ. മെയ് ആറിന് പാലക്കാട് നിന്നും ഒഡീഷയിലേക്ക് പോയ ട്രെയിനിൽ 1208 തൊഴിലാളികൾ, മെയ് 20 ന് പാലക്കാട് നിന്നും ഉത്തർപ്രദേശിലേക്ക് 1435, മെയ് 21 ന് തിരുവനന്തപുരത്തു നിന്നും പാലക്കാട് വഴി ജാർഖണ്ഡിലേക്ക് പോയ ട്രെയിനിൽ 615, മെയ് 23 ന് തിരുവന്തുരത്തു നിന്നും - രാജസ്ഥാനിലേക്ക് പോയ ട്രെയിനിൽ 298 പേർ, പാലക്കാട് - ബീഹാർ ട്രെയിനിൽ 1475, മെയ് 24 ന് തിരുവനന്തപുരം - മിസ്സോറാം ട്രെയിനിൽ 54, കോഴിക്കോട് - ഉത്തരാഖണ്ഡ് ട്രെയിനിൽ 20, മെയ് 25 ന് തിരുവനന്തപുരം - ചത്തീസ്ഖണ്ഡ് ട്രെയിനിൽ 87, എറണാകുളം - ജയ്പൂർ ട്രെയിനിൽ 139, മെയ് 27 ന് പാലക്കാട് - ബീഹാർ ട്രെയിനിൽ 953. ഇന്ന് (ജൂൺ 6) പാലക്കാട് -വെസ്റ്റ് ബംഗാൾ 1377 പേർ ഉൾപ്പടെ 10226 അതിഥി തൊഴിലാളികളാണ് ട്രെയിൻ മാർഗം ഇതുവരെ സ്വദേശത്തേക്ക് മടങ്ങിയത്.

# തരൂർ മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഇനി പഠനം മുടങ്ങില്ല; ഓൺലൈൻ പഠനസൗകര്യം ഉറപ്പാക്കി മന്ത്രി എ.കെ ബാലൻ

**തരൂർ :** മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ സൗകര്യങ്ങളുടെ അഭാവത്തിൽ പഠനം മുടങ്ങാതിരിക്കാൻ സാഹചര്യങ്ങൾ ഒരുക്കി നിയമ, സാംസ്ക്കാരിക,പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മന്ത്രി എ.കെ ബാലൻ. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ക്ലാസ്സുകൾ ഓൺലൈനായി ആരംഭിച്ച സാഹചര്യത്തിൽ ഒരു വിദ്യാർത്ഥി പോലും പരിമിതിക്കുള്ളിൽ ഒതുങ്ങരുതെന്ന ലക്ഷ്യത്തോടെ തരൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലേക്ക് ടെലിവിഷനുകൾ വിതരണം ചെയ്തു കഴിഞ്ഞു. പഞ്ചായത്തുകളിലെ അതത് കേന്ദ്രങ്ങളിലെത്തി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ കേട്ടു പഠിക്കാം.

ജില്ലയിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം ലഭ്യമാകുമെന്ന് മന്ത്രി എ.കെ ബാലൻ പറഞ്ഞു. പട്ടികജാതി പട്ടികവർഗ കോർപറേഷനും പിന്നോക്കവിഭാഗ കോർപറേഷനും സംയുക്തമായി തരൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങൾക്ക് നൽകുന്ന ടി.വികളുടെ വിതരണം കുത്തനൂർ പഞ്ചായത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. വീടുകളിൽ ഇന്റർനെറ്റ്, കേബിൾ ടി. വി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അടുത്ത കേന്ദ്രങ്ങളിലെത്തി പൊതുവിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ക്ലാസ്സുകൾ പ്രയോജനപ്പെടുത്തനാവുമെന്ന് മന്ത്രി പറഞ്ഞു.

തരൂർ നിയോജക മണ്ഡലത്തിലെ ആലത്തൂർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികൾക്കും സ്കൂളുകൾക്കും ലൈബ്രറികൾക്കുമാണ് 20 ടി.വികൾ വിതരണം ചെയ്തത്. കുത്തനൂർ ഗ്രാമപഞ്ചായത്തിലെ മേലാഴി, പൂളക്കൽപ്പറമ്പ്, കാരക്കോട്, പാക്കഞ്ഞി അംഗനവാടികൾ, പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിലെ കുന്നത്തുപറമ്പ്




അങ്കണവാടി, പുതുക്കോട് ഗ്രാമപഞ്ചായത്തിലെ പുതുക്കോട് ജി.എം.എൽ.പി സ്കൂൾ, വടക്കേപ്പൊറ്റ എ.യു.പി സ്കൂളുകൾക്കും തരൂർ ഗ്രാമപഞ്ചായത്തിലെ തോടുകാട് പകൽവീട്, അത്തിപ്പൊറ്റ വടക്കുമുറി വ്യാപാരിഭവൻ, അത്തിപ്പൊറ്റ വായനശാല, തരൂർ കെ.കെ.എം സ്മാരക വായനശാല, കോട്ടായി പഞ്ചായത്തിലെ വറോഡ് അങ്കണവാടി എന്നിവയ്ക്കാണ് മന്ത്രി ടി.വികൾ വിതരണം ചെയ്തത്.

കൂടാതെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ വടക്കഞ്ചേരി ഗ്രന്ഥശാലയ്ക്കും കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ആയക്കാട് സി.എ.എൽ.പി സ്കൂൾ, കാരയങ്ങാട് അങ്കണവാടി, കല്ലിങ്കൽപ്പാടം വായനശാലയ്ക്കും കാവശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തെന്നിലാപുരം ഹോമിയോ ആശുപത്രി ബിൽഡിങ്, തേക്കുപാടം അങ്കണവാടി, മുത്താനോട് അങ്കണവാടി, കാവശ്ശേരി നവപുലരി വായനശാല എന്നിവിടങ്ങളിലേക്കും ടി.വികൾ വിതരണം ചെയ്തു. ബന്ധപ്പെട്ട പഞ്ചായത്തുകളിൽ വച്ച് നടന്ന വിതരണപരിപാടിയിൽ അതത് പഞ്ചായത്ത് പ്രതിനിധികൾ ടി.വികൾ ഏറ്റുവാങ്ങി.

കുത്തനൂർ, പെരിങ്ങോട്ടുകുറിശ്ശി, പുതുക്കോട്, വടക്കഞ്ചേരി, തരൂർ, കണ്ണമ്പ്ര പഞ്ചായത്തുകളിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർ, എസ്/എസ്ടി കോർപ്പറേഷൻ എം.ഡി ഡോ. നാസർ, ബി.ആർ.സി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഇന്ന് 11 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു

**പാലക്കാട്:** ജില്ലയിൽ ഇന്ന്(ജൂൺ ആറ്) 11 പേർക്ക് കോവിഡ് 19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും വന്നവരുടെ കണക്ക് : *അബുദാബി* -2, പട്ടാമ്പി സ്വദേശി (33 പുരുഷൻ), പട്ടാമ്പി മരുതൂർ സ്വദേശി (32 പുരുഷൻ). **സമ്പർക്കം**-5. ജില്ലാ ആശുപത്രി ജീവനക്കാരായ (53 പുരുഷൻ), (51 പുരുഷൻ), (37, പുരുഷൻ), (46 സ്ത്രീ), (49 പുരുഷൻ) എന്നിവർക്ക് സമ്പർക്കത്തിലൂടെ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. കാരാക്കുറിശ്ശി വാഴേമ്പുറം സ്വദേശി (38, സ്ത്രീ) മുണ്ടൂർ സ്വദേശി (35 പുരുഷൻ) എന്നിവർക്കും ജില്ലയിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ന് രോഗം സ്ഥിരീകരിച്ച സൗദിയിൽ നിന്നും വന്ന മുളയങ്കാവ് സ്വദേശി (29 പുരുഷൻ), ദുബായിൽ നിന്നും വന്ന പട്ടാമ്പി ആനക്കര സ്വദേശി (52 പുരുഷൻ) എന്നിവർ നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഇതോടെ ജില്ലയിൽ നിലവിൽ ചികിത്സയിൽ ഉള്ളവർ 172 പേരായി. കഴിഞ്ഞ ദിവസം 17 പേർ രോഗവിമുക്തിനേടി ആശുപത്രി വിട്ടിരുന്നു.

## വാളയാർ ചെക്പോസ്റ്റ് വഴി 1494 പേർ കേരളത്തിലെത്തി

**പാലക്കാട്:**ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാളയാർ ചെക്പോസ്റ്റ് വഴി ഇന്നലെ (ജൂൺ അഞ്ചിന് രാവിലെ 6 മുതൽ ജൂൺ ആറിന് രാവിലെ 6 വരെ) 1494 പേർ കേരളത്തിൽ എത്തിയതായി സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ആർ. മനോജ് കുമാർ അറിയിച്ചു. 896 പുരുഷൻമാരും 391 സ്ത്രീകളും 207 കുട്ടികളുമുൾപ്പെടെയുള്ളവർ 563 വാഹനങ്ങളിലായാണ് കേരളത്തിലേക്ക് എത്തിയത്. 415 കാറുകൾ, 62 ഇരുചക്രവാഹനങ്ങൾ, 27 ട്രാവലറുകൾ, 52 മിനി ബസുകൾ, 7 ഓട്ടോറിക്ഷകൾ എന്നിവയാണ് കേരളത്തിലെത്തിയത്.

## അട്ടപ്പാടി: ജില്ലാ പഞ്ചായത്ത് ടി.വി ലഭ്യമാക്കും

**അട്ടപ്പാടി:**അട്ടപ്പാടിയിലെ ഓൺ ലൈൻ പഠന സൗകര്യമില്ലാത്ത മുഴുവൻ ഊരുകളിലേക്കും ജില്ലാ പഞ്ചായത്ത് ടി.വി ലഭ്യമാക്കുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.ശാന്തകുമാരി അറിയിച്ചു. അട്ടപ്പാടിയിലെ 69 ഊരുകളിലായി 650 ഓളം വരുന്ന കുട്ടികൾക്കാണ് ഓൺ ലൈൻ പഠന സൗകര്യം ഇല്ലായെന്ന് കണ്ടെത്തിയത്. ഇതിനു പുറമെ ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത മറ്റു പ്രദേശങ്ങളിലെ കുട്ടികൾക്കും ടി.വി ലഭ്യമാക്കും. ഇതിനായി ജില്ലാ പഞ്ചായത്ത് ഓൺ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചിലവഴിക്കുമെന്നും ജില്ല പഞ്ചായത്ത്: പ്രസിഡന്റ് അറിയിച്ചു.

## സ്വകാര്യ ബസ് സർവീസുകൾ വീണ്ടും കുറഞ്ഞു

**പാലക്കാട്:** ആളില്ലാത്തതിനാൽ ജില്ലയിൽ സ്വകാര്യ ബസ് സർവീസുകൾ വീണ്ടും കുറഞ്ഞു. വെള്ളിയാഴ്ച 10 ബസുകൾ മാത്രമാണ് ഓടിയത്. ഇവയ്ക്ക് ഡീസൽ അടിക്കാനുള്ള പണംപോലും കിട്ടിയില്ല. ഒരു സീറ്റിൽ രണ്ടുപേർക്ക് ഇരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭയം കാരണം ജനം സഹകരിക്കാൻ തയ്യാറാവുന്നില്ല. 2018 ഏപ്രിലിൽ ബസ് നിരക്ക് വർധിപ്പിച്ച ശേഷം ഡീസൽവിലയിൽ വൻ വർധനയുണ്ടായി. ഈ സാഹചര്യത്തിൽ സ്വകാര്യബസുകളുടെ പ്രതിസന്ധി പരിഹരിക്കാൻ നിരക്ക് വർധന നടപ്പാക്കണമെന്നാണ് ബസ് ഉടമകളുടെ ആവശ്യം. സ്വകാര്യബസുകൾ തിങ്കളാഴ്ച മുതൽ സർവീസ് നിർത്തുമെന്നത് തെറ്റാണെന്നും ഉടമകളുടെ താൽപ്പര്യം അനുസരിച്ച് ബസ് ഓടിക്കുന്നതിൽ തടസ്സമില്ലെന്നും സംയുക്ത സമിതി ജനറൽ കൺവീനർ ടി ഗോപിനാഥ് അറിയിച്ചു.



*അട്ടപ്പാടിയിലേക്ക് പോക്കുന്ന കെ എസ് ആർ ടി സി ബസ്സിന് മുമ്പിൽ മരം വീണ് അപകടം ഡ്രൈവർക്ക് നിസാര പരുക്ക്. യാത്രക്കാർക്ക് പരുക്കുകൾ ഇല്ല*

## ഇന്നലെ ജില്ലയിൽ മടങ്ങി എത്തിയത് 43 പ്രവാസികൾ

**പാലക്കാട് :** മസ്കറ്റ്, ഖത്തർ എന്നിവിടങ്ങളിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്നലെ (ജൂൺ 5) ജില്ലയിലെത്തിയത് 43 പാലക്കാട് സ്വദേശികൾ. ഇവർ 43 പേരും ഇൻസ്റ്റിറ്റ്യൂഷനൽ ക്വാറന്റൈനിൽ പ്രവേശിച്ചു.

മസ്കറ്റിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ 37 പാലക്കാട് സ്വദേശികളും ഖത്തറിൽ നിന്നും നെടുമ്പാശ്ശേരിയിൽ എത്തിയ 6 പാലക്കാട് സ്വദേശികളും ഇൻസ്റ്റിറ്റ്യൂഷനൽ ക്വാറന്റൈനിൽ പ്രവേശിച്ചു.

വിമാനത്താവളത്തിലെ പരിശോധനയ്ക്കുശേഷം ജില്ലയിലെ കോവിഡ് കെയർ കൺട്രോൾ സെന്ററായ ചെമ്പൈ സംഗീത കോളേജിൽ എത്തിയവരെയാണ് ഇൻസ്റ്റിറ്റ്യൂഷനൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നത്.

## 1214 പ്രവാസികൾ നിരീക്ഷണത്തിൽ

**പാലക്കാട് :** ജില്ലയിൽ വീടുകളിലും സർക്കാരിന്റെ കോവിഡ് കെയർ സെന്ററുകളിലുമായി നിലവിൽ 1214 പ്രവാസികളാണ് നിരീക്ഷണത്തിൽ ഉള്ളത്. ഇവരിൽ 552 പേരാണ് ഇൻസ്റ്റിട്യൂഷനൽ ക്വാറന്റൈനിൽ ഉള്ളത്. 662 പ്രവാസികൾ വീടുകളിൽ നിരീക്ഷണത്തിൽ തുടരുകയാണ്.

## അട്ടപ്പാടിയിൽ കുട്ടിക്കൊമ്പൻ ചരിഞ്ഞു




**പാലക്കാട്:** അട്ടപ്പാടിയിൽ കുട്ടിക്കൊന്പനെ ചരിഞ്ഞ നിലയിൽ കണ്ടെത്തി. അഗളി ചിന്നപറമ്ബ് മന്തം ചോല മലവാരത്ത് പത്ത് വയസ് പ്രായം തോന്നിക്കുന്ന കുട്ടിക്കൊമ്ബനെയാണ് ചരിഞ്ഞ നിലയിൽ കണ്ടെത്തിയത്. ആന ചരിഞ്ഞിട്ട് രണ്ടാഴ്ചയായിരിക്കാമെന്നാണ് പ്രാഥമിക നിഗമനം. ചരിഞ്ഞ ആന അഴുകിയ നിലയിലായിരുന്നു. കടുവയുടെ സാന്നിദ്ധ്യമുള്ള പ്രദേശത്താണ് ആന ചരിഞ്ഞത്. പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നാലെ മരണ കാരണം വ്യക്തമാകു എന്ന് അധികൃതർ അറിയിച്ചു. സംഭവത്തിൽ വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്തു.



## ദളിത് യുവാവിനെ മർദ്ദിച്ചവരെ അറസ്റ്റ് ചെയ്യണം

**തിരൂരങ്ങാടി :** പരപ്പനങ്ങാടി മുനിസിപ്പാലിറ്റി ചെറമംഗലം അയ്യങ്കാളി കോളനിയിൽ അണ്ടികടവത്ത് വേലായുധന്റെ മകൻ 22 വയസുള്ള വികാസിനെ ജോലി കഴിഞ്ഞ് വരുമ്പോൾ കോളനി പരിസരത്തു വെച്ച് അകാരണമായി മർദ്ദിച്ചവരെ കണ്ടെത്തി അറസ്റ്റ് ചെയ്യണമെന്ന് കേരള ദളിത് ഫെഡറേഷൻ ജില്ലാ ആക്ടിംഗ് പ്രസിഡന്റ് വേലായുധൻ ആവശ്യപ്പെട്ടു. തിരൂരങ്ങാടി നിയോജക മണ്ഡലം കെ ഡി എഫ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇ കെ വേലായുധൻ, കെ ടി അജീഷ്, എം സി അയ്യപ്പൻ, വിനോദ് കായിങ്ങൽ, ലക്ഷ്മി, ഷാജി തറയിൽ സംസാരിച്ചു.

## അഫ്നാന്റെ ആഗ്രഹം നിറവേറ്റി നൽകി സൗദി കെ എം സി സി



**താനൂർ:** സഹോദരന് സൈക്കിളിനായി സ്വരൂപിച്ച സമ്പാദ്യ കുടുക്കയിലെ നാണയ തുട്ടുകൾ കോഴിക്കോട് സി എച്ച് സെന്ററിന് നൽകി മാതൃകയായ മണലിപ്പുഴ പി.കെ മുഹമ്മദ് അഫ്നാന്റെ ആഗ്രഹം നിറവേറ്റി നൽകി മണലിപ്പുഴ സൗദി കെ എം സി സി പ്രവർത്തകർ.
വിവരമറിഞ്ഞ സൗദിയിലെ പ്രവർത്തകർ കുട്ടിയുടെ ആഗ്രഹം ഏറ്റെടുക്കുകയായിരുന്നു. മണ്ഡലം മുസ്ലിം ലീഗ് പ്രസിഡണ്ട് കെ.എൻ മുത്തുക്കോയ തങ്ങൾ സമ്മാനമായ സൈക്കിൾ മണലിപ്പുഴ ഗ്രീൻ പാർക്കിൽ നടന്ന ചടങ്ങിൽ അഫ്നാൻക്ക് നൽകി.
താനൂർ മണ്ഡലം യൂത്ത് ലീഗ് ജോ:സെക്രട്ടറി പി .കെ ഇസ്മയിലിന്റെ മകനും തൃശ്ശൂർ ചാമക്കാല നഹ്ജുറശാദ് ഇസ്ലാമിക് കോളേജിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിയുമാണ്. നൂഹ്കരിങ്കപ്പാറ,കണിയേരി ഖാദർ ഹാജി, സുബൈർ കണിയേരി എന്നിവർ സംബന്ധിച്ചു.

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണം: കെ.ടി ജലീൽ

**മലപ്പുറം:**കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ആരോഗ്യ ജാഗ്രത നിർദേശങ്ങൾ പാലിക്കുന്നതിന് ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് മന്ത്രി ഡോ. കെ.ടി ജലീൽ അറിയിച്ചു. ജില്ലയിൽ രോഗികൾ കൂടുന്ന സാഹചര്യത്തിൽ ജാഗ്രത നിർദേശങ്ങൾ ഗൗരവമായി തന്നെ പാലിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകരുതെന്നും മന്ത്രി പറഞ്ഞു. ജില്ലയിലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സഹകരണം ഉറപ്പുവരുത്താനായി കലക്ടറേറ്റിൽ ചേർന്ന വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെ യോഗത്തിന് ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.
ലോക്ക് ഡൗൺ ഇളവുകളുടെ പശ്ചാത്തലത്തിൽ ജനങ്ങൾ ആരോഗ്യജാഗ്രത നിർദേശങ്ങൾ പാലിക്കുന്നതിൽ പലയിടങ്ങളിലും വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. മാസ്ക് ധരിക്കാതെയും സാമൂഹിക അകലം പാലിക്കാതെയുമെല്ലാം ജനങ്ങൾ മാർക്കറ്റുകളിലും പൊതുസ്ഥലങ്ങളിലും തടിച്ചു കൂടുന്ന സാഹചര്യമുണ്ട്. ഇത്തരം ആരോഗ്യ ജാഗ്രത ലംഘനങ്ങൾ യാതൊരു കാരണവശാലും അനുവദിക്കാനാവില്ല. പൊതുജനങ്ങൾ ആരോഗ്യസുരക്ഷാ ഉറപ്പുവരുത്താനായി നിർദേശങ്ങൾ കർശനമായി പാലിക്കണം. കോവിഡിന്റെ മറവിൽ ഗുണനിലവാരമില്ലാത്ത കോവിഡ് 19 പ്രതിരോധ സാമഗ്രികൾ പൊതുജനങ്ങൾക്കിടെയിൽ വിപണനം നടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത്തരം ഉത്പന്നങ്ങൾ ജില്ലയിൽ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികളെടുക്കാൻ പൊലീസിന് മന്ത്രി നിർദേശം നൽകി.
കോവിഡ് മൂലം മരണപ്പെടുന്നവരുടെ മൃതദേഹം മാനദണ്ഡങ്ങൾ അനുസരിച്ച് എവിടെയും സംസ്കരിക്കാം എന്നിരിക്കെ ഇത്തരം കാര്യങ്ങളിൽ പൊതുജനങ്ങൾക്ക് ആശങ്കകൾ വേണ്ടെന്നും മന്ത്രി പറഞ്ഞു.
നിരീക്ഷണത്തിലിരിക്കാൻ വീടുകളിൽ സൗകര്യങ്ങളുണ്ടെങ്കിൽ വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇനി വരുന്ന ആളുകൾ എയർപോർട്ടിലെ പരിശോധനകൾക്ക് ശേഷം ആരോഗ്യവകുപ്പിന്റെ നിർദേശത്തോടെ അത്തരം സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം. നിരീക്ഷണത്തിൽ കഴിയുന്നവരുടെ മാനസിക സമ്മർദം കുറയ്ക്കാൻ ഇത് പ്രയോജനപ്പെടുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. തദ്ദേശസ്ഥാപന അധികൃതർ പരിശോധന നടത്തി മതിയായ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്തിയാൽ മാത്രമേ ഇത്തരത്തിൽ അനുമതിനൽകുകയുള്ളൂ.



*മന്ത്രി ഡോ.കെ.ടി ജലീൽ*

മഴക്കാലമെത്തിയ സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം മറ്റ് പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കും മുൻഗണന നൽകണമെന്നും മന്ത്രി പറഞ്ഞു.

## കുംഭാരസമുദായത്തെ ആദരിച്ചു

**മലപ്പുറം :** പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് ബി ജെ പി ഒ ബി സി മോർച്ച മലപ്പുറം മണ്ഡലം കമ്മിറ്റി വള്ളുവമ്പ്രം മാണിപ്പറമ്പിൽ കളിമൺ പാത്രങ്ങൾ നിർമ്മിക്കുന്ന ടി കുട്ടന്റെ വീട് സന്ദർശിച്ച് അദ്ദേഹത്തെയും കുടുംബത്തേയും പൊന്നാട അണിയിച്ച് ആദരിച്ചു. ബി ജെ പി ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. ശ്രീപ്രകാശ്, ഒ ബി സി ജില്ലാ ജനറൽ സെക്രട്ടറി പത്മകുമാർ, ബി ജെ പി മലപ്പുറം മണ്ഡലം പ്രസിഡന്റ് കെ വി വിനോദ്, ജില്ലാ കമ്മിറ്റി അംഗം രാമൻ എന്നിവരാണ് സന്ദർശനം നടത്തിയത്. മൺപാത്രം നിർമ്മിച്ച് ജീവിതം നയിക്കുന്ന ഇവരുടെ ജീവിതം ദയനീയമാണെന്ന് സന്ദർശനം നടത്തിയ നേതാക്കൾ പറഞ്ഞു. ഇത്തരക്കാരെ സഹായിക്കാൻ കേരള സർക്കാർ മുൻകൈയ്യെടുക്കണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.

## ആത്മഹത്യ ചെയ്ത വിദ്യാർഥിനിയുടെ വീട്ടിൽ മന്ത്രിയെത്തി

**വളാഞ്ചേരി:** ഇരിമ്പിളിയത്ത് ആത്മഹത്യ ചെയ്ത വിദ്യാർഥിനി ദേവികയുടെ വീട്ടിൽ മന്ത്രി ഡോ.കെ.ടി ജലീൽ സന്ദർശനം നടത്തി. സംസ്ഥാന സർക്കാരിന്റെ സാധ്യമായ എല്ലാസഹായവും കുടുംബത്തിന് നൽകുമെന്നും ഇത്തരത്തിൽ കുട്ടികളുടെ അപക്വമായ പ്രവർത്തികളിൽ സമൂഹം നിതാന്ത ജാഗ്രത പുലർത്തണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## വൈദ്യുതിബില്ല്: കോൺഗ്രസ്സ് ധർണ്ണ നടത്തി

**കോട്ടയ്ക്കൽ :** ലോക്ക് ടൗ കാലത്തെ വൈദുതി ബില്ലിലൂടെ KSEB നടത്തിയ കൊറോണ കൊള്ളക്കെതിരെ കോട്ടക്കൽ KSEB ഓഫീസിനു മുന്നിൽ പറപ്പൂർ മണ്ഡലം കോഗ്രസ്സ് കമ്മീറ്റി ധർണ നടത്തി. UDF നിയോജക മണ്ണ്ഡലം ചെയർമാൻ K A റഹിം ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിണ്ഡണ്ട് മൂസ്സ ടി എടപ്പനാട്ട് അധ്യക്ഷത വഹിച്ചു. എ എ റഷിദ് നന്ദിയും പറഞ്ഞു. TE കുഞ്ഞിപ്പോക്കർ, Tമൂസ്സകുട്ടി, PK മുഹമ്മദ് കൊളക്കാട്ടിൽ മൂസ്സ, T E മുഹമ്മദ് കുട്ടി, അമീർ ബാപ്പു മുസ്തഫ ആലച്ചൂള്ളി എന്നിവർ ധർണ്ണക്ക് നേതൃത്വം നൽകി.




*KSEB നടത്തിയ കൊറോണ കൊള്ളക്കെതിരെ കോട്ടക്കൽ KSEB ഓഫീസിനു മുന്നിൽ പറപ്പൂർ മണ്ഡലം കോൺഗ്രസ്സ് കമ്മീറ്റി നടത്തിയ ധർണ്ണ UDF നിയോജക മണ്ണ്ഡലം ചെയർമാൻ K A റഹിം ഉദ്ഘാടനം ചെയ്യുന്നു.*

## നൂറ് ഭവനങ്ങളിൽ 'വീട്ടിലൊരു ഔഷധതൈ 'നട്ടു പിടിപ്പിക്കുന്നു

**താനൂർ:** ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ശാന്തിഗിരി ആശ്രമം മലപ്പുറം ഏരിയയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ ആത്മബന്ധുക്കളുടെ നൂറ് ഭവനങ്ങളിൽ 'വീട്ടിലൊരു ഔഷധ തൈ 'പദ്ധതി നടപ്പിലാക്കുമെന്ന് ആശ്രമം തെയ്യാല ബ്രാഞ്ച് ഇൻ-ചാർജ് സ്വാമി ഭാസുര ജ്ഞാനതപസ്വി അറിയിച്ചു. ആയുർവേദത്തിന്റെ പ്രാധാന്യം വർധിച്ചു വരുന്ന സാഹചര്യത്തിൽ എല്ലാ വീടുകളിലും ഔഷധത്തോട്ടം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും സ്വാമി സൂചിപ്പിച്ചു. പദ്ധതിയുടെ ജില്ലാതല



ഉദ്ഘാടനം ആര്യവേപ്പിന്റെ തൈ നട്ടു കൊണ്ട് സ്വാമി നിർവഹിച്ചു .അസിസ്റ്റൻറ് ജനറൽ കൺവീനർ എൻ .പുരുഷോത്തമൻ അധ്യക്ഷത വഹിച്ചു .ഔഷധ തൈകൾക്കൊപ്പം മാവ് ,പ്ലാവ്, പേര എന്നിവയും വീടുകളിൽ വച്ചുപിടിപ്പിക്കുന്നതാണ്.

## പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്ന പ്രവണതകൾ ആവർത്തിക്കുന്നു

**മലപ്പുറം :** പരിസ്ഥിതി സംരക്ഷണത്തിനു വൻ കോട്ടം തട്ടുന്ന രീതിയിൽ മല കളേയും, മണ്ണിനേയും, പുഴകളേയും, വയലുകളേയും, കാടുകളേയും, വെള്ളത്തേയും, ശുദ്ധവായുവിനേ വരെ ഒരു വിഭാഗം ആർത്തിയോടെ ചൂഷണം ചെയ്യുന്നത് അനുദിനം വർദ്ധിച്ചു വരികയാണെന്ന് പീപ്പിൾസ് മൂവ്മെന്റ് എഗൈൻ സ്റ്റ് കറപ്ഷൻ ജില്ലാ കൗൺസിൽ അന്താരാഷ്ട്ര പരിസ്ഥിതി ദിനത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച 'പരിസ്ഥിതി പ്രവൃത്തകരുടെ കൂട്ടായ്മ' വീഡിയോ കോൺ ഫ്രസ് വഴി നടന്ന സെമിനാർ അഭിപ്രായപ്പെട്ടു.

ഒരു വിഭാഗത്തിന്റെ സ്വാർത്ഥതക്ക് പൂർണ പിന്തുണയാണ് ഏതാനും വകുപ്പ് മേധാവികൾ ഇപ്പോൾ നൽകി കൊണ്ടിരിക്കുന്നത്. ഇത്തരം നീച പ്രവൃത്തനങ്ങൾ അമർച്ച ചെയ്യേണ്ട റവന്യൂ പോലീസ് ജിയോളജി വകുപ്പുകൾ കണ്ടില്ലെന്ന് നടിക്കുന്നു. ഇത് മൂലം വൻ അഴിമതിക്ക് സാഹജര്യമുണ്ടാക്കുന്നത് തടയേണ്ട വിജിലൻസ് ആന്റി കറപ്ഷൻ വിഭാഗം നോക്കുകുത്തിയായി മാറിയിരിക്കയാണെന്നും ചർചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ജില്ലാ ഭരണകൂടം അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ജനകീയ പ്രക്ഷോപങ്ങൾക്ക് തുടക്കം കുറിക്കേണ്ടി വരുമെന്നും മുന്നറിയിപ്പു നൽകി. ജില്ലയിൽ നൂറോളം ചെങ്കൽ കരിങ്കല്ല് ക്വോറികൾക്ക് മാത്രമാണ് ഘനനം നടത്താൻ ലൈസൻസ് നിലവിലുള്ളത്. അവർ തന്നെ സർക്കാറിലേക്ക് കൊടുക്കേണ്ട റോയൽറ്റി നൽകുന്നുമില്ല. ഇതിന്റെ പതിമടങ്ങാണ് ജില്ലയിലെ ഒരോ വില്ലേജ് പരിതിയിൽ ഇപ്പോൾ പ്രവൃത്തന സജീവമായി കൊണ്ടിരിക്കുന്ന അനധികൃത കരിങ്കല്ല് ചെങ്കൽ ക്വോറികൾ . ഇത് പരിശോധിച്ച് വേണ്ട നിയമ നടപടി സ്വീകരിക്കാൻ ജില്ലക്ക് പുറത്തുള്ള ഉദ്യോ ഘ സ്ഥരടങ്ങിയ സ്പെഷൽ ടീമിനെ നിയമിക്കാൻ തയ്യാറായി പരിശോധന കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ടു.

പി.എം.എ.സി. ജില്ലാ കൗൺസിൽ ചെയർമാൻ കുരുണിയൻ നജീബ് സെമിനാർ നിയന്ത്രിച്ചു. അഡ്വ: ഷംസുദ്ധീൻ കുന്നത്ത് വിഷയം അവതരിപ്പിച്ചു. ജില്ലാ വിജിലൻസ് സമിതി അംഗം കുഞ്ഞാലൻ വെന്നിയൂർ, അഡ്വ. നിസാർ അഹമ്മത്, എം.വി. സലാം പറവണ്ണ, ടി. കുഞ്ഞഹമ്മദ് മാസ്റ്റർ, വി. കദീജ ടീച്ചർ, കെ.സരിതാ ദേവി, സലിം വടക്കൽ, ഡോ.ടി.ശശി തിരൂർ തുടങ്ങിയ പരിസ്ഥിതി പ്രവൃത്തകരും , തൽപരരും ചർച്ചയിൽ പങ്കെടുത്തു

## എസ് എസ് എഫ് പരിസ്ഥിതി സാക്ഷരത സാമയികം

**താനൂർ:** പരിസ്ഥിതി സാക്ഷരതാ സാമയികം എന്ന പ്രമേയത്തിൽ ജൂൺ 1 മുതൽ 10 വരെ എസ്എസ് എഫ് പരിസ്ഥിതി കാമ്പയിൻ ആചരിക്കുകയാണ്. പ്രധാനമായും അഞ്ചിന കർമ്മ പദ്ധതികളിൽ കേന്ദ്രീകരിച്ചായിരിക്കും കാമ്പയിൻ നടക്കുക. നാളെക്കൊരു തണൽ എന്ന സൂചകത്തിൽ ജൂൺ-5 ന് നടന്ന കാമ്പയിൻ താനൂർ ഡിവിഷൻ ഉദ്ഘാടനം വി അബ്ദുറഹ്മാൻ എം എൽ എ നിർവഹിച്ചു.
വീടുകളിലും, പൊതു ഇടങ്ങളിലുമായി എസ് എസ് എഫ് ഡിവിഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തിൽ 6000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. വീടുകളിലെല്ലാം അടുക്കളത്തോട്ടം നിർമ്മിക്കുന്ന ഹരിത വീട്, ജൈവ, അജൈവ മാലിന്യങ്ങൾ, ഇ - വേസ്റ്റുകൾ എന്നിവയുടെ ശാസ്ത്രീയ സംസ്കരണം പഠിപ്പിക്കുകയും ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മാലിന്യം ചുരുങ്ങും ആരോഗ്യം തിളങ്ങും പദ്ധതിയും നടപ്പിലാക്കും.

## ബിനീഷിന്റെ ആത്മഹത്യ: അന്വേഷണം വേണം മുസ്ലിം ലീഗ്

**വടകര:** മണിയൂർ പഞ്ചായത്തിലെ മടുപ്പിലാവിൽ സ്വദേശി മാരാംമഠത്തിൽ ബിനീഷ് ചെന്നൈയിൽ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് മുസ്ലിം ലീഗ് മണിയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ റസാഖ്, ജനറൽ സെക്രട്ടറി പി.ടി.കെ മുഹമ്മദലി, ട്രഷറർ ടി അമ്മദ് എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഹോട്ടൽ തൊഴിലാളിയായ ബിനീഷ് നാട്ടിലേക്ക് പുറപ്പെടാൻ തീരുമാനച്ചതു മുതൽ നാട്ടിൻ നിന്ന് നിരന്തരം ഫോൺ കോൾ ലഭിച്ചിരുന്നുവെന്നാണറിയുന്നത്. അയാൾക്ക് വന്ന കോളിന്റെ ഉറവിടവും ആത്മഹത്യ കുറിപ്പും പരിശോധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു.

## മുൻകരുതൽ വേണം



**ചേളന്നൂർ:** കൊവിഡ് പ്രതിരോധത്തിന്റെ കാര്യത്തിലെന്ന പോലെ മഴക്കാല രോഗങ്ങൾ തടയാനും പരമാവധി മുൻകരുതലുണ്ടാവണമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു. എലത്തൂർ നിയോജകമണ്ഡലത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ പ്രവർത്തകരെ ആദരിക്കുന്നതിന്റെ ഭാഗമായി ചടങ്ങിൽ ഫേസ് ഷീൽഡുകൾ നൽകി. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഒ.പി. ശോഭന അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കുണ്ടൂർ ബിജു, പ്രകാശൻ, വത്സല, ജമീല, പി. അപ്പുക്കുട്ടൻ, ചോയിക്കുട്ടി, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു

# കോവിഡ് ബോധവത്കരണ കാമ്പയിൻ നടത്തി

**വടകര:** ജൂൺ 5 മുതൽ നാലു ദിവസമായി കെ ജി ഒ എഫ് ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി തുടങ്ങിയ കോവിഡ് ബോധവത്കരണ കാമ്പയിൻ വടകര താലൂക്കിൽ വിപുലമായി നടന്നു. പയ്യോളി നഗരസഭ, തിരുവള്ളൂർ, വാണിമേൽ എന്നീ പഞ്ചായത്തുകളിലെയും വിവിധ കോളനികളിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. തിരുവള്ളൂർ പഞ്ചായത്തിലെ ലക്ഷം വീട് കോളനിയിൽ നടന്ന ക്യാമ്പയിൻ സി പി ഐ കോഴിക്കോട് ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ടി കെ രാജൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഡോ.സുനിൽ കുമാർ അധ്യക്ഷത വഹിച്ചു. പരിപാടിയിൽ അനില, എം ടി രാജൻ, ബാബു എന്നിവർ സംസാരിച്ചു. തോടന്നൂർ ലക്ഷം വീട് കോളനിയിലെ എല്ലാ വീടുകളിലും മാസ്കുകളും ബോധവത്കരണ നോട്ടീസുകളും സൗജന്യമായി വിതരണം ചെയ്തു. തുടർന്ന് പ്രദേശത്തെ വീടുകളിലും ബോധവത്കരണവും മാസ്ക് വിതരണവും നടത്തി.



*കെ ജി ഒ എഫ് ന്റെ കോവിഡ് ബോധവത്കരണ കാമ്പയിൻ തിരുവള്ളൂർ ലക്ഷം വീട് കോളനിയിൽ സി പി ഐ കോഴിക്കോട് ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ടി കെ രാജൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.*

## പ്ലാന്തണൽ കൂട്ടം പദ്ധതി തുടങ്ങി

**ബാലുശേരി :** ലോക പരിസ്ഥിതി ദിനത്തിൽ ഹയർ സെക്കൻഡറി നാഷണൽ സർവീസ് നടപ്പാക്കുന്ന പ്ലാന്തണൽ കൂട്ടം പദ്ധതിക്ക് തുടക്കമായി. ലോക്ക് ഡൗൺ കാലത്ത് വളന്റിയർമാർ വീടുകളിൽ തയ്യാറാക്കിയ പ്ലാവിൻ തൈകളാണ് പൊതുസ്ഥലങ്ങളിലും വീട്ടുവളപ്പിലും നട്ടുപിടിപ്പിക്കുന്നത്. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മന്ത്രി എ കെ ശശീന്ദ്രൻ പ്ലാവിൻ തൈ നട്ട് നിർവഹിച്ചു. എൻഎസ്എസ് ജില്ലാ കോ ഓർഡിനേറ്റർ എസ് ശ്രീചിത്ത് അധ്യക്ഷനായി.

# പരിശോധന ഫലം നെഗറ്റീവ്: ഏവർക്കും ആശ്വാസ വാർത്തയായി

**വടകര:** മണിയൂർ പഞ്ചായത്തിലെ 28 വയസുള്ള ഗർഭിണിയുടെ ഓപ്പറേഷനുമായി ബന്ധപ്പെട്ട് സമ്പർക്കം പുലർത്തിയതിന്റെ പേരിൽ ക്വാറന്റീനിലായ കോഴിക്കോട് മെഡിക്കൽ കോളജാശുപത്രിയിലെ ഡോക്ടർമാരടക്കമുള്ള 120 പേരിൽ 118 പേരുടെ കോവിഡ് പരിശോധന ഫലവും നെഗറ്റീവെന്ന വാർത്ത ഏവർക്കും ആശ്വാസമേകി. രണ്ടു പേരുടെ ഫലം കൂടിയാണ് വരാനുള്ളത്.

മണിയൂരിൽ നിന്നെത്തിയ ഗർഭിണിയായ യുവതിയുടെ പ്രസവവുമായി ബന്ധപ്പെട്ട് സർജൻ, പീഡിയാട്രിക് സർജൻ, ന്യൂറൊ വിദഗ്ധൻ, കാർഡിയോളജി ഡോക്ടർ, അനസ്തേഷ്യ, യൂറോളജി ഡോക്ടർ, നേഴ്സുമാർ എന്നിവരടങ്ങുന്ന 120 പേരുടെ സ്രവ പരിശോധനയാണ് നടത്തിയത്. വിവിധ ഡിപാർട്മെന്റിലെ 107 ഡോക്ടർമാർ, 42 നേഴ്സുമാർ, 41 പാരാമെഡിക്കൽ സ്റ്റാഫ്, എക്സ്റെ, ഇ.സി.ജി, സ്കാനിങ് വിഭാഗങ്ങളിലെ ടെക്നീഷ്യന്മാർ ഉൾപ്പെടെയുള്ളവർ നിരീക്ഷണത്തിലാണ്. ജൂൺ രണ്ടിന് രോഗം സ്ഥിരീകരിച്ച ഗർഭിണിക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതിനെ തുടർന്ന് മെഡിക്കൽ കോളജിലെ മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിലെ വിവിധ വകുപ്പുകളിൽ ചികിത്സ തേടിയിരുന്നു. ഇവരുമായി സമ്പർക്കത്തിൽ വന്നവരുടെ പരിശോധനയാണ് നടത്തിയത്. പ്രസവത്തെ തുടർന്നുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങളുമായി എത്തിയ യുവതിയെ വിവിധ ഡിപാർട്മെന്റുകളിലെ ഡോക്ടർമാരും മെഡിക്കൽ വിദ്യാർഥികളും പരിശോധിച്ചിരുന്നു.

സമ്പർക്കത്തിൽ പെടുന്ന പി.ജി വിദ്യാർഥികളടക്കമുള്ളവരെ പിന്നീട് നിരീക്ഷണത്തിൽ വിടുകുയായിരുന്നു. യുവതിയുടെ രണ്ടാമത്തെ സാമ്പിൾ ആലപ്പുഴ വൈറോളജി ലാബിലേക്ക് അയച്ചിട്ടുണ്ട്.

യുവതിക്ക് രോഗബാധയേറ്റത് എവിടെ നിന്നാണെന്ന് വ്യക്തമായിട്ടില്ല. മെയ് 24 നാണ് പ്രസവത്തിനായി മെഡിക്കൽ കോളജാശുപത്രിയിൽ പ്രവേശിപ്പിച്ചത്. ജൂൺ രണ്ടിന് നടത്തിയ പരിശോധനയിൽ കോവിഡ് രോഗം സ്ഥിരീകരിക്കുകയും ചെയ്തു.

## 360 പൊതുകേന്ദ്രങ്ങൾ എട്ടിന് സജ്ജമാകും

**കോഴിക്കോട് :** വീടുകളിൽ ടിവി, കംപ്യൂട്ടർ, സ്മാർട് ഫോൺ തുടങ്ങിയ സൗകര്യങ്ങളില്ലാത്ത ജില്ലയിലെ മുഴുവൻ കുട്ടികൾക്കും പഠന സൗകര്യമൊരുക്കാൻ 360 പൊതുപഠന കേന്ദ്രങ്ങൾ തിങ്കളാഴ്ചയോടെ സജ്ജമാവും. പ്രവർത്തനമാരംഭിച്ച 160 സെന്ററുകൾക്കു പുറമെ 200 കേന്ദ്രങ്ങളിൽ കേബിൾ കണക്ഷനോടുകൂടി ടെലിവിഷനൊരുക്കാനും ഓൺലൈൻ പഠനകേന്ദ്രങ്ങളാക്കി മാറ്റാനും കലക്ടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ നടന്ന യോഗം തീരുമാനിച്ചു. പുതുതായി സജ്ജമാക്കുന്ന കേന്ദ്രങ്ങളിലേക്കുള്ള ടിവി സെറ്റുകൾ വ്യവസായ വകുപ്പും സന്നദ്ധ സംഘടനകളും നൽകും. വീട്ടിൽ ടിവിയില്ലാത്ത സ്കൂളിലെ ഓരോ കുട്ടിയും ഏതു സെന്ററിലാണ് എത്തുന്നതെന്ന് ക്ലാസ് ടീച്ചർമാർ ഉറപ്പു വരുത്തണം. ക്ലാസിനു ശേഷം കുട്ടികൾക്കുണ്ടാവുന്ന സംശയങ്ങൾ തീർക്കാനുള്ള ചുമതലകൂടി സെന്ററിൽ ഡ്യൂട്ടിക്കെത്തുന്ന അധ്യാപകർക്ക് നൽകണം. കുട്ടികളുടെ ഹാജർ നില ഉറപ്പാക്കണം. കുട്ടികളുടെ രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെടണം. പൊതു കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയാത്ത സ്ഥലങ്ങളിൽ മാത്രമേ സ്കൂളുകളിലും അയൽവീടുകളിലും സൗകര്യമൊരുക്കുന്ന കാര്യം ആലോചിക്കാവൂ. പഞ്ചായത്തുതല മോണിറ്ററിങ് സമിതി രൂപീകരിക്കാനും തീരുമാനിച്ചു. കലക്ടർ സാംബശിവറാവു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശേരി, എം രാധാകൃഷ്ണൻ, വി പി മിനി, ഗോപാലകൃഷ്ണൻ, ശെൽവമണി, ഡോ. എ കെ അബ്ദുൾ ഹക്കീം, മുനിസിപ്പാലിറ്റികളിലെ സ്ഥിരം സമിതി അധ്യക്ഷന്മാർ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഹരിതകേരളം മിഷൻ : ജില്ലയിൽ 124 പച്ചത്തുരുത്തുകൾ

**കോഴിക്കോട്:** ഹരിതകേരളം മിഷൻ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിൽ പുതുതായി 124 പച്ചത്തുരുത്തുകൾ നിർമിക്കും. 70 എണ്ണത്തിന് പരിസ്ഥിതി ദിനത്തിൽ തുടക്കമായി. 60 പഞ്ചായത്തുകൾ, അഞ്ച് നഗരസഭകൾ, കോർപറേഷൻ തുടങ്ങി 65 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 26.17 ഏക്കറിലാണ് പച്ചത്തുരുത്തുകൾ നിർമിക്കുന്നത്. സാമൂഹ്യ വനവൽക്കരണ വിഭാഗം തയ്യാറാക്കിയ 20 ഇനം തൈകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തിയിട്ടുണ്ട്. ആകെയുള്ള 2,72,000 തൈകളിൽ 54,800 തൈകൾ പച്ചത്തുരുത്തിനായി പ്രയോജപ്പെടുത്തും. നിലവിൽ ജില്ലയിൽ 29 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 44 പച്ചത്തുരുത്തുകൾ നിർമിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ നശിച്ചുപോയ തൈകൾക്ക് പകരമായുള്ളതും ഈ വർഷം വച്ചുപിടിപ്പിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവ നിർമിച്ച് പരിപാലിക്കുക.



*സിപിഐ എം നേതൃത്വത്തിലുള്ള പരിസ്ഥിതി ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം പാർടി ജില്ലാ കമ്മിറ്റി ഓഫീസിന് സമീപം തൈ നട്ട് സെക്രട്ടറി പി മോഹനൻ നിർവഹിക്കുന്നു*

## കുഴഞ്ഞ് വീണ് മരിച്ചു



**വടകര:** കെ.എസ്.ഇ.ബി മുട്ടുങ്ങൽ സെക്ഷനിലെ ഓവർസിയർ ജോലിക്കിടെ കുഴഞ്ഞ് വീണു മരിച്ചു. കണ്ണം കയ്യിൽ രതീശൻ(54) ആണ് മരിച്ചത്. പിതാവ്: പരേതനായ ഗോവിന്ദൻ. മാതാവ്: കൗസു.ഭാര്യ:രോഷ്മ. മക്കൾ:രതുൽ ദേവ് , രോഷിത്ത് ദേവ്.

## തെളിനീരും തണലും പദ്ധതി തുടങ്ങി




*യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി നടപ്പിലാക്കുന്ന തെളിനീരും തണലും പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മണിയൂരിൽ നടന്നപ്പോൾ*

**വടകര :** പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി യൂത്ത് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി നടപ്പാക്കുന്ന തെളിനീരും തണലും പദ്ധതി ജില്ലയിൽ ആരംഭിച്ചു. പൊതു ജലാശയങ്ങൾ ശുചീകരിക്കുകയും വൃക്ഷത്തൈകൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 13 നിയോജകമണ്ഡലങ്ങളിലും പൊതുകുളങ്ങൾ ശുചീകരിച്ച് 1,000 വീതം വൃക്ഷത്തൈകൾ നടുന്ന പരിസ്ഥിതി സംരക്ഷണ യജ്ഞം തുടങ്ങി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മണിയൂരിൽ കെ.പി.സി.സി ഉപാധ്യക്ഷൻ ടി സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. കോൺഗ്രസിന്റെ പ്രഖ്യാപിത കർമ പരിപാടികളിൽ പരിസ്ഥിതി സംരക്ഷണത്തിനു വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. യൂത്ത് കോൺഗ്രസ്സ് ജില്ല പ്രസിഡന്റ് ആർ ഷഹിൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന സെക്രട്ടറി വി.പി ദുൽഖിഫിൽ, കുറ്റിയാടി നിയോജക മണ്ഡലം പ്രസിണ്ടന്റ് വി.കെ. ഇസ്ഹാഖ്, കാവിൽ രാധാകൃഷ്ണൻ, ശ്രീജേഷ് ഊരത്ത്, സി.പി വിശ്വനാഥൻ, ബവിത്ത് മലോൽ, സി.ടി.കെ ബബിൻലാൽ, ചന്ദ്രൻ മൂഴിക്കൽ എന്നിവർ സംസാരിച്ചു.

## വിദ്യാർത്ഥികൾക്ക് 20 ടെലിവിഷൻ നൽകും




ഒഞ്ചിയം: . ഓൺലൈൻ വിദ്യാഭ്യാസ നേടാൻ പ്രയാസമനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സിപിഐ(എം) ഒഞ്ചിയം ഏരിയാ കമ്മിറ്റി 20 ടിവി നൽകുന്ന പരിപാടിയുടെ ഉദ്ഘാടനം സിപിഎം സംസ്ഥാന കമ്മിറ്റി മെമ്പർ അഡ്വ. പി സതീദേവി നിർവഹിച്ചു. നാദാപുരം റോഡിലെ എ കെജി സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ ടീപി ബിനീഷ് അധ്യക്ഷനായി. ഏരിയാ കമ്മിറ്റി മെമ്പർമാരായ പി ശ്രീധരൻ, വി ജിനീഷ് ഉരാളുങ്കൾ ലോക്കല് സെക്രട്ടറി സി പി സോമൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചോറോട്, ഏറാമല, ഒഞ്ചിയം, അഴിയൂർ എന്നീ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് ആണ് ടെലിവിഷൻ നൽകുന്നത്



## ദുരിതാശ്വാസനിധി: പണം സ്വരൂപിക്കാൻ ബിരിയാണി ചലഞ്ച്

**മാനന്തവാടി:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പണം സ്വരൂപിക്കാൻ ബിരിയാണി ചലഞ്ചുമായി കൊയിലേരി നവധാര കലാസാംസ്ക്കാരിക വേദി രംഗത്തെത്തി.750 ഓളം ബിരിയാണികളാണ് 100 രൂപ നിരക്കിൽ ഈടാക്കി ആവശ്യക്കാർക്ക് എത്തിച്ച് നൽകിയത്.



കോഴി വില ഗണ്യമായി വർദ്ധിച്ചത് ബിരിയാണി ചലഞ്ചിന് വെല്ലുവിളിയായെങ്കിലും മികച്ച ഗുണനിലവാരത്തിലാണ് ബിരിയാണി എത്തിച്ചത്.കോവിഡ് പ്രോട്ടോകാൾ പാലിച്ചാണ് വളണ്ടിയർമാർ ഭക്ഷണം വീടുകളിൽ എത്തിച്ചത്.കഴിഞ്ഞ പ്രളയകാലത്തും മികച്ച സാമൂഹിക ഇടപെടൽ നവധാര പ്രവർത്തകർ ഏറ്റെടുത്തിരുന്നു.

നാട് പ്രതിസന്ധിയിലാകുമ്പോഴും തളരാതെ നാടിനെ പിടിച്ച് ഉയർത്തുന്ന മുഖ്യമന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് തങ്ങളാൽ കഴിയുന്ന പിന്തുണ നൽകാനാണ് ഇത്തരത്തിൽ വ്യത്യസ്ത രൂപത്തിൽ പണം സ്വരൂപിച്ചതെന്ന് സംഘാടകരിലൊരാളായ അഖിൽ കെ പറഞ്ഞു. ബിരിയാണി ചലഞ്ചിലൂടെ കിട്ടിയ ലാഭവിഹിതം മുഴുവൻ ഇവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നൽകും.

ബിരിയാണി ചലഞ്ചിന് നവധാര ആർട്സ് ക്ലബ്ബിന്റെ സെക്രട്ടറി ആദർശ് പ്രേമൻ, പ്രസിഡന്റ് കെ വി അനിജിത്, അഖിൽ കെ, ഗോകുൽ ഗോപിനാഥ്, ശ്യാം ഷാജു, അക്ഷയ് മനോജ്,അമൽ കെ എച്ച്, അഖിൽ കെ എച്ച്, ആദർശ് കെ, അഖിൽ വി ബി എന്നിവർ നേതൃത്വം നൽകി.

# ഹോട്ടൽ ബേക്കറി നടത്തിപ്പുകാർക്ക് മാർഗ്ഗനിർദ്ദേശങ്ങളുമായി ഭക്ഷ്യവകുപ്പ്

**കൽപ്പറ്റ:**ലോക്ക് ഡൗൺ ഇളവുകൾ ലഭ്യമായ സാഹചര്യത്തിൽ ഹോട്ടൽ, ബേക്കറി, തട്ടുകട മുതലായവ നടത്തുന്നവർ ജാഗ്രത പാലിക്കണമെന്ന് ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര അതോറിട്ടി ഇതുസംബന്ധിച്ച് മാർഗ്ഗരേഖ പുറത്തിറക്കി. പനി, ചുമ, ജലദോഷം എന്നിവയുള്ള ജീവനക്കാരെ യാതൊരു കാരണവശാലും ജോലിചെയ്യാനനുവദിക്കരുത്. സ്ഥാപന ഉടമ ഇക്കാര്യത്തിൽ മതിയായ ജാഗ്രത പാലിക്കണം. ജീവനക്കാർ ജോലിക്ക് കയറുമ്പോൾ കൈകൾ സോപ്പുപയോഗിച്ച് വൃത്തിയാക്കണം. ആഹാരം പാകം ചെയ്യുന്നവർ സ്ഥാപനത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് മാസ്ക്, ഗ്ലൗസ് എന്നിവ ധരിക്കണം. പുറത്ത് ഉപയോഗിക്കുന്ന ചെരുപ്പ് സ്ഥാപനത്തിനുള്ളിൽ ഉപയോഗിക്കാൻ അനുവദിക്കരുത്. ജീവനക്കാർ നോട്ട്, മൊബൈൽ ഫോൺ തുടങ്ങിയവ ജോലി സമയത്ത് കൈകാര്യം ചെയ്യരുത്. നോട്ട്, ഫോൺ കൈകാര്യം ചെയ്യുന്നവർ ഭക്ഷണസാധനം വിതരണം നടത്തുന്നതിന് മുമ്പ് കൈകൾ വൃത്തിയായി സോപ്പുപയോഗിച്ച് കഴുകണം. ജീവനക്കാർ കർശനമായ വ്യക്തി ശുചിത്വ ശീലങ്ങൾ പാലിച്ചുമാത്രമെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യാവൂ. സ്ഥാപനത്തിലെ കൗണ്ടർ, ടോപ്പുകൾ, ഡോർ ഹാന്റിൽ, മേശകൾ, തറ തുടങ്ങിയവ സോപ്പ്, വെള്ളം അല്ലെങ്കിൽ ബ്ലീച്ചിംഗ് പൗഡർ ലായിനി ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കണം. തട്ടുകടകളിലും മറ്റും എണ്ണ പലഹാരങ്ങൾ അടച്ചുറപ്പുള്ള കണ്ണാടി പെട്ടികളിൽ സൂക്ഷിക്കണം. ഉപഭോക്താക്കൾക്ക് ടോങ്ങ് ഉപയോഗിച്ചോ, ഗ്ലൗസ് ധരിച്ച കൈകൊണ്ടോ മാത്രമെ ആഹാരസാധനങ്ങൾ എടുത്ത് നൽകാവൂ. പാത്രങ്ങളിൽ നിന്നും ആഹാരസാധനങ്ങൾ കൈയിട്ട് എടുക്കാൻ ആളുകളെ അനുവദിക്കരുത്. ഓരോ ഉപയോഗശേഷവും പാത്രങ്ങൾ, പ്ലേറ്റുകൾ, ഗ്ലാസുകൾ മുതലായവ നല്ലവണ്ണം സോപ്പുപയോഗിച്ച് കഴുകി, ചൂടുവെള്ളത്തിൽ മുക്കിയെടുത്ത് സൂക്ഷിക്കണം. ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുകയും, ഭക്ഷണം വിതരണം ചെയ്യുന്നിടത്ത് കസ്റ്റമേഴ്സുമായി അകലം പാലിക്കുകയും വേണം. സ്ഥാപനത്തിന്റെ പ്രവേശന കവാടത്തിൽ സാനിറ്റൈർ, സോപ്പും വെള്ളവും ഇവയിലേതെങ്കിലും സൂക്ഷിക്കേണ്ടതും അവ ആളുകൾ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം. ഡിസ്പോസുകൾ മെനുകാർഡുകൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം. ഭക്ഷണം വാങ്ങാൻ വരുന്നവരും സ്ഥാപനത്തിലേക്ക് സാധന സാമഗ്രികൾ കൊണ്ടുവരുന്നവരും സ്ഥാപനത്തിലുള്ളവരും സാമൂഹിക അകലം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.




## മാസ്ക്കുകളും, എലിപ്പനി പ്രതിരോധ മരുന്നും വിതരണം ചെയ്തു



**മാനന്തവാടി:** മാനന്തവാടി നഗരസഭ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് മാസ്കും, എലിപ്പനി പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.മഴക്കാലപൂർവ്വ ശുചീകരണവും,നീർച്ചാൽ നിർമ്മാണ പ്രവർത്തികളുമാണ് ഇപ്പോൾ നഗരസഭയിൽ നടക്കുന്നത്.വിവിധ ഡിവിഷനുകളിലായി 1500 തൊഴിലാളികൾക്കാണ് മാസ്ക്കുകളും, മരുന്നും വിതരണം ചെയ്തത്.മാനന്തവാടി നഗരസഭ മുപ്പത്തിമൂന്നാം ഡിവിഷനിൽ നടന്ന വിതരണം നഗരസഭ ചെയർമാൻവി ആർ പ്രവിജ് ഉദ്ഘാടനം ചെയ്തു.ശാരദ സജീവൻ ,ലില്ലി കൂര്യൻ, ഷെൽ ജീൻ ദാസ് , വി എസ് സായൂജ് , എം പി അഞ്ജു എന്നിവർ പങ്കെടുത്തു

## പുതുജീവനം പദ്ധതിയ്ക്ക് തുടക്കമായി

**കൽപ്പറ്റ:** ആദിവാസി മേഖലയെ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പുതുജീവനം പദ്ധതിയ്ക്ക് തുടക്കമായി. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, വിമുക്തി, എക്സൈസ്, ജനമൈത്രി പോലീസ്, ജനപ്രതിനിധികൾ, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. പദ്ധതി വെങ്ങപ്പള്ളി ചേമ്പ്രോട്ട് കോളനിയിൽ സി.കെ. ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ആദ്യഘട്ടത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും പത്ത് കോളനികളിൽ വീതമാണ് പദ്ധതി നടപ്പാക്കുന്നത്. ആനിമേറ്റർമാർ, ട്രൈബൽ പ്രമോട്ടർമാർ എന്നിവർ ചേർന്ന് മദ്യപാനികൾക്കിടയിൽ സർവ്വേ നടത്തുകയും അതിന്റെ ഭാഗമായി വിവിധ ബോധവത്കരണ പരിപാടികൾ നടപ്പാക്കും. നാടകം, ക്ലാസ്സുകൾ, കൗൺസലിംങ് എന്നീ പ്രവർത്തനങ്ങളാണ് ഇവർക്കായി ഒരുക്കുക. പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻ ആയ കമ്മിറ്റികളാണ് പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വാർഡ് തലത്തിൽ മെമ്പർ ചെയർമാനായ കമ്മിറ്റിയും പ്രവർത്തിക്കും.



ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് പി.എം. നാസർ അദ്ധ്യക്ഷത വഹിച്ചു. ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ കെ.സി. ചെറിയാൻ, കുടുംബശ്രീ മിഷൻ എ.ഡി.എം.സി കെ.എ. ഹാരിസ്, ജനമൈത്രി പോലീസ് ഇൻസ്പെക്ടർ വി. വിജയൻ, എക്സൈസ് ഇൻസ്പെക്ടർ പി.എ. ഷാജഹാൻ, കുടുംബശ്രീ ഡി.പി.എം വി. ജയേഷ് എന്നിവർ പങ്കെടുത്തു.

## ക്വാറന്റീനിലായിരുന്നയാൾ ചാടിപ്പോയി; പോലീസ് കേസെടുത്തു

**കൽപ്പറ്റ:** വയനാട്ടിൽ സർക്കാർ ക്വാറന്റീനിലായിരുന്നയാൾ ചാടിപ്പോയി. കോട്ടയം വാകത്താനം സ്വദേശിയായ ചിറ്റേടത്ത് മണിക്കുട്ടനാണ് ചാടിപ്പോയത്. തിരുനെല്ലി പഞ്ചായത്തിലെ തോൽപ്പെട്ടിയിലാണ് സംഭവം. കർണാടകയിൽനിന്ന് പാസില്ലാതെ തോൽപ്പെട്ടിവഴി കേരളത്തിലേയ്ക്ക് കടക്കാൻ ശ്രമിച്ചതിനെ തുടർന്നാണ് ഇയാളെ സർക്കാർ ക്വാറന്റീനിലാക്കിയത്. കഴിഞ്ഞ ദിവസം വരെ സ്വകാര്യ ലോഡ്ജിൽ സർക്കാർ ക്വാറന്റീനിൽ കഴിഞ്ഞിരുന്ന ഇയാളെ ഇന്നലെ രാവിലെ മുതലാണ് കാണാതായത്. ഭക്ഷണം നൽകാനായി പഞ്ചായത്ത് അധികൃതർ എത്തിയപ്പോഴാണ് അവിടെയില്ല എന്ന വിവരം അറിഞ്ഞത്. തുടർന്ന് ഇയാൾ സർക്കാർ ക്വാറന്റീനിൽ നിന്ന് ചാടിപ്പോയതായി പഞ്ചായത്ത് സെക്രട്ടറി പോലീസിൽ പരാതി നൽകി. തിരുനെല്ലി പോലീസ് ഇയാൾക്കെതിരേ പകർച്ചവ്യാധി നിയമപ്രകാരവും മറ്റ് വകുപ്പുകൾ പ്രകാരവും കേസ് എടുത്തിട്ടുണ്ട്.

## ചടങ്ങുകൾ മാത്രം നടത്തും

**കൽപ്പറ്റ:** കോവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയൂർ മഹാക്ഷേത്രത്തിലെ വൈശാഖ മഹോത്സവം ചടങ്ങുകൾ മാത്രമായി നടത്തും. കളക്ടറുടെ അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മഹോത്സവം ചടങ്ങുകൾ മാത്രമായി നടത്തുന്നത്.

## പുതുജീവനം പദ്ധതിയ്ക്ക് തുടക്കമായി



*പരിസ്ഥിതിദിനം: : മന്ത്രി ശശീന്ദ്രൻ വൃക്ഷത്തൈ നടുന്നു*

**കൽപ്പറ്റ:**ആദിവാസി മേഖലയെ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പുതുജീവനം പദ്ധതിയ്ക്ക് തുടക്കമായി. കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, വിമുക്തി, എക്സൈസ്, ജനമൈത്രി പോലീസ്, ജനപ്രതിനിധികൾ, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. പദ്ധതി വെങ്ങപ്പള്ളി ചേമ്പ്രോട്ട് കോളനിയിൽ സി.കെ. ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ആദ്യഘട്ടത്തിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും പത്ത് കോളനികളിൽ വീതമാണ് പദ്ധതി നടപ്പാക്കുന്നത്. ആനിമേറ്റർമാർ, ട്രൈബൽ പ്രമോട്ടർമാർ എന്നിവർ ചേർന്ന് മദ്യപാനികൾക്കിടയിൽ സർവ്വേ നടത്തുകയും അതിന്റെ ഭാഗമായി വിവിധ ബോധവത്കരണ പരിപാടികൾ നടപ്പാക്കും. നാടകം, ക്ലാസ്സുകൾ, കൗൺസലിംങ് എന്നീ പ്രവർത്തനങ്ങളാണ് ഇവർക്കായി ഒരുക്കുക. പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻ ആയ കമ്മിറ്റികളാണ് പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വാർഡ് തലത്തിൽ മെമ്പർ ചെയർമാനായ കമ്മിറ്റിയും പ്രവർത്തിക്കും.

ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് പി.എം. നാസർ അദ്ധ്യക്ഷത വഹിച്ചു. ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസർ കെ.സി. ചെറിയാൻ, കുടുംബശ്രീ മിഷൻ എ.ഡി.എം.സി കെ.എ. ഹാരിസ്, ജനമൈത്രി പോലീസ് ഇൻസ്പെക്ടർ വി. വിജയൻ, എക്സൈസ് ഇൻസ്പെക്ടർ പി.എ. ഷാജഹാൻ, കുടുംബശ്രീ ഡി.പി.എം വി. ജയേഷ്, പച്ചപ്പ് കോർഡിനേറ്റർ കെ.എം. സുമേഷ് എന്നിവർ പങ്കെടുത്തു.

### ഹോം ക്വാറന്റീൻ : നിബന്ധനകളോടെ അനുമതി - കലക്ടർ

**കൽപ്പറ്റ:**തിരിച്ചുവരുന്ന പ്രവാസികൾക്ക് വീടുകളിൽ ക്വാറന്റീൻ സൗകര്യം നൽകുന്നതിന് നിബന്ധനകളോടെ ജില്ലാഭരണകൂടം അനുമതി നൽകി. ഹോം ക്വാറന്റീൻ സ്വീകരിക്കാൻ താൽപര്യമുള്ള പ്രവാസികൾ യാത്ര ആരംഭിക്കുന്നതിന് 24 മണിക്കൂർ മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് ഇ-മെയിലായി അപേക്ഷ സമർപ്പിക്കണം. സെക്രട്ടറിയോ ചുമതപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപേക്ഷകന്റെ താമസസ്ഥലം പരിശോധിച്ച് നിരീക്ഷണത്തിന് അനുയോജ്യമെന്ന് സാക്ഷ്യപത്രം നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് നോഡൽ ഓഫീസർ താമസസ്ഥലത്ത് ക്വാറന്റീൻ അനുവദിക്കുക. സാക്ഷ്യപത്രത്തിന്റെ പകർപ്പ് അപേക്ഷകനും നൽകും. വീട് പൂർണ്ണമായോ ഭാഗീകമായോ ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനായി തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് പ്രഖ്യാപിക്കാം. ഇവിടെ പ്രവാസിയല്ലാതെ മറ്റാരും പ്രവേശിക്കാൻ പാടില്ല. ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനായി നിശ്ചയിച്ച കെട്ടിടത്തിന്റെ പ്രവേശന കവാടത്തിൽ 'ഒരാൾ നാടിനായി നിരീക്ഷണത്തിന് ഇരിക്കുകയാണ് ' എന്ന തിയ്യതി അടങ്ങിയ സ്റ്റിക്കർ പതിപ്പിക്കണം. തദ്ദേശ സ്ഥാപനം സാക്ഷ്യപത്രം അനുവദിച്ച പ്രകാരം ഹോം ക്വാറന്റീൻ സ്വീകരിച്ച പ്രവാസികൾ സീപോർട്ട് / എയർപോർട്ടിൽ നിന്നും സ്വന്തം നിലയിൽ വീട്ടിലേക്ക് യാത്ര ചെയ്യണം. ഹോം ക്വാറന്റീനിൽ പ്രവേശിച്ച ഉടനെ വിവരം ആരോഗ്യ വകുപ്പിനെ അറിയിക്കണം. നിലവിൽ ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീൻ നിർബന്ധമാക്കിയവർക്കും ഉത്തരവ് ബാധകമാക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

## റിട്ട. ഡെപ്യൂട്ടി കലക്ടർ കെ.ടി. അനിൽകുമാർ അന്തരിച്ചു



**കണ്ണൂർ:** റിട്ട. ഡെപ്യൂട്ടി കലക്ടർ കണ്ണൂർ സൂര്യ അപ്പാർട്ട്മെന്റ്സിലെ കെ.ടി. അനിൽകുമാർ (60) അന്തരിച്ചു. പരേതരായ പൊന്മലേരി കോറോത്ത് പത്മനാഭ നമ്പ്യാരുടേയും (പി. കെ. പി. നമ്പ്യാർ )കല്യാട് താഴത്ത് വീട്ടിൽ ലീലാവതിയമ്മയുടേയും മകനാണ്. ഭാര്യ : പരേതയായ ഷീബ (ടീച്ചർ,മാഹി). മകൾ: ആതിര .സഹോദരങ്ങൾ: കെ.ടി. അശോക് കുമാർ(റിട്ട.അധ്യാപകൻ കാഞ്ഞങ്ങാട് ), അജയകുമാർ (മുംബൈ), ആശാ കുമാരി (പടന്നക്കാട് ), ആനന്ദവല്ലി (പാണപ്പുഴ),ആത്മകുമാരി (നായാട്ടു പാറ). സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് അഴീക്കോട് എൻഎസ്എസ് ശ്മശാനത്തിൽ.

## കിണർ ഇടിഞ്ഞ് വിണ് രണ്ട് പേർക്ക് പരിക്ക്

**ഉളിക്കൽ:** പുറവയലിൽ കിണർ കുഴിക്കുന്നതിനിടയിൽ മണ്ണ് ഇടിഞ്ഞ് വീണതതിനെ തുടർന്ന് രണ്ട് പേർക്ക് പരിക്ക്;കാലാങ്കി സ്വദേശികായ പുത്തൻപുരക്കൽ ലാലിച്ചൻ, ചെമ്പനാനിക്കൽ ബാബു എന്നിവർക്കാണ് പരിക്കേറ്റത്.ഇരിട്ടിയിൽ നിന്ന് ഫയർ ഫോഴ്സ് എത്തിയാണ് ഇവരെ കിണർ റിൽ നിന്നും കരക്ക് കയറ്റി, ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കിണറിൽ നിന്നും ബാബു കയറുന്നതിനിടയിലാണ്.ഒരു ഭാഗം ഇടിഞ്ഞ് ബാബു.ലാലിച്ചന്റെ മുകളിലേക്ക് വിഴുകയായിരുന്നു.ലാലിച്ചന്റെ പരിക്ക് ഗുരുതരമാണ്

## നിര്യാതനായി

**കല്യാശ്ശേരി:** സി.പി.എം.നേതാവ് വി.സി.പവിത്രൻ (63) നിര്യാതനായി.ഭാര്യ കാർത്ത്യനാ. മക്കൾ: പ്രജീന, പ്രജീഷ്

# പാഠപുസ്തകത്തിലെ എഴുത്തുകാരനുമൊത്ത് പരിസ്ഥിതി ദിന ചിന്തകൾ പങ്കിട്ട് വളപട്ടണം ലൈബ്രറിയുടെ കൂട്ടുകാർ

**വളപട്ടണം :** ലോക പരിസ്ഥിതി ദിനത്തിൽ വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ കുട്ടികളുടെ ഓൺലൈൻ ഗ്രൂപ്പായ ക്രിയേറ്റീവ് ഹോമിൻറെ അതിഥിയയായെത്തിയത് പരിസ്ഥിതിയുടെ കഥാകാരനായ ഡോ. അംബികാസുതൻ മാങ്ങാട് .

മറ്റ് ജീവജാലങ്ങൾ ഇല്ലാതെ മനുഷ്യന് മാത്രമായി ഒരിക്കലും നിലനിൽക്കാനാവില്ലെന്ന് അദ്ദേഹം കുട്ടികളോട് പറഞ്ഞു. എട്ടാം ക്ലാസ്സിലെ കുട്ടികൾക്ക് മാഷുമായി സംവദിക്കാൻ കഴിഞ്ഞത് വലിയ അത്ഭുതവും സന്തോഷവും സമ്മാനിച്ചു.

അവരുടെ മലയാള പാഠഭാഗത്തിലെ 'രണ്ട് മത്സ്യങ്ങൾ' എന്ന കഥയുടെ എഴുത്തുകാരനാണല്ലോ അംബികാസുതൻ മാഷ്. എൻമകജെയും നീരാളിയനും, ചിന്നമുണ്ടിയും മുതൽ പരിസ്ഥിതി ദിനത്തിൽ പ്രസിദ്ധീകരിച്ച കാടിൻറെ മകൾ എന്ന ഏറ്റവും പുതിയ കഥ വരെ, കുട്ടികളും മാഷും തമ്മിലുള്ള ചർച്ചയിൽ കടന്നുവന്നു.

പരിസ്ഥിതി ദിനത്തിനായി തയ്യാറാക്കിയ പോസ്റ്ററുകളും, ഭൂമിഗാനവും, ജൈവവൈവിധ്യ സംരക്ഷണത്തിനായി തയ്യാറാക്കിയ കർമ്മ പദ്ധതികളും കുട്ടികൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു. ലൈബ്രറി ബാലവേദിയിലെ ഏഴ് ഗ്രൂപ്പുകളിലായുള്ള നൂറ്റിഎൺപത് കുട്ടികൾ പരിസ്ഥിതി ദിനത്തിൽ നട്ട അഞ്ഞൂറോളം മരങ്ങളുടെ വളർച്ച എല്ലാ മാസങ്ങളിലെയും അഞ്ചാം തീയ്യതികളിൽ വിലയിരുത്തും.

അതിനുവേണ്ടി കൂട്ടുകാരുടെ ഒരു പരിസ്ഥിതി ഓഡിറ്റ് ടീമിനെയും തയ്യാറാക്കികഴിഞ്ഞു. കുട്ടികളുടെ നേതൃത്വത്തിലുള്ള ഒരു വിത്ത് ബാങ്കിനും രൂപം നൽകി കഴിഞ്ഞു വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രറി ബാലവേദിയുടെ കൂട്ടുകാർ. ലൈബ്രറി ബാലവേദിയുടെ കൺവീനർ പി.പി നദമറിയം കൂട്ടായ്മയിൽ സ്വാഗതം പറഞ്ഞു. അജ്നപർവ്വീൺ ചർച്ചയ്ക്ക് മോഡറേറ്ററായി. മലയാളം അധ്യാപിക പി.കെ പരിമള രണ്ട് മത്സ്യങ്ങൾ കഥയുടെ അധ്യാപനഅനുഭവങ്ങൾ പങ്ക് വച്ചു. വി.കെ ഫാത്തിമ നന്ദി പറഞ്ഞു.



*പരിസ്ഥിതി ദിനത്തിൽ വളപട്ടണം ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ ബാലവേദിയംഗങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ചിത്രങ്ങൾ മുഖ്യാതിഥി ഡോ.അംബികാസുതൻ മാങ്ങാടിന്റെ ഫോട്ടോയ്ക്കൊപ്പം പങ്ക് വച്ചപ്പോൾ*

## മണൽകടത്ത്: കോവിഡിന്റെ മറവിൽ നടന്ന കൊള്ള കെ സുധാകരൻ എം.പി.

**കണ്ണൂർ:** പമ്പയിലെ മണൽ കടത്ത് കോവിഡിന്റെ മറവിൽ മുഖ്യമന്ത്രി പിണറായിയുടെ അറിവോടെ കണ്ണൂർ ലോബി നടത്തിയ പകൽ കൊള്ളളയാണെന്ന് കെ.പി.സി.സി. വർക്കിങ് പ്രസിഡന്റ് കെ.സുധാകരൻ എം.പി.കുറ്റപ്പെടുത്തി.വ്യാപകമായ നിയമ ലംഘനത്തിലൂടെ തെരഞ്ഞെടുപ്പിന് പണം കണ്ടെത്തുക എന്ന ലക്ഷ്യത്തിൽ ജനങ്ങളെ കൊള്ളയടിക്കുകയാണുണ്ടായത്. സംസ്ഥാന ഖജനാവിലേക്ക് ചെല്ലേണ്ട 250 കോടി രൂപ നഷ്ടപ്പെട്ടു -- സുധാകരൻ വാർത്താ സമ്മേളനത്തിൽ ആരോപിച്ചു. ഈ പണമുണ്ടായിരുന്നുവെങ്കിൽ കുട്ടികൾക്ക് സൗജന്യമായി ടി.വി.യെങ്കിലും നൽകാമായിരുന്നു. ശവത്തിൽ നിന്ന് പോക്കറ്റടിക്കുന്നതു പോലെയാണിത്. സർക്കാറിന് യാതൊരധികാരവുമില്ലാത്ത കാര്യങ്ങളാണ് ചെയ്തത്.മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമെത്തുന്നവർക്ക് ഹോം ക്വാറന്റൈൻ ഏർപ്പെടുത്തിയ നടപടി മുഖ്യമന്ത്രിയുടെ മണ്ടത്തരമെന്ന് സുധാകരൻ അഭിപ്രായപ്പെട്ടു .വിവേകമില്ലാത്ത കാര്യങ്ങൾ ചെയ്യുന്ന അദ്ദേഹത്തെ ബഡായി രാമൻ എന്ന് വിശേഷിപ്പിക്കകയും ചെയ്തു. ഇവിടെ രണ്ടു ലക്ഷം പേർക്ക് ക്വാറന്റൈൻ സൗകര്യമൊരുക്കി എന്നാണ് വീമ്പ് പറഞ്ഞിരുന്നത്.എവിടെ ആ സൗകര്യങ്ങൾ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചവരുമാനത്തിന്റെയും ചിലവാക്കിയതുകയുടെയും കണക്കുകൾ പുറത്തുവിടണമെന്ന് സുധാകരൻ ആവശ്യപ്പെട്ടുപൊലീസും കോടതിയുമൊക്കെ പാർട്ടിയാണെന്ന് പറഞ്ഞ വനിതാ കമ്മീഷൻ അധ്യക്ഷ ആ പദവി വഹിക്കാനർഹയല്ല. അവർ രാജിവക്കണം

## സർഹാൻ ചികിത്സ ഗ്രീൻ ഫോയ്സ് വാട്സാപ്പ് കൂട്ടായ്മ സഹായം മാതൃകയായി

**കണ്ണൂർ :** നടുവിൽ സ്വദേശിയും ഓട്ടോറിക്ഷ തൊഴിലാളിയുമായി അഷ്റഫിന്റെ മകൻ മുഹമ്മദ് സർഹാൻ എന്ന വിദ്യാർത്ഥിയുടെ മജ്ജ മാറ്റിവെക്കൽ ചികിത്സയ്ക്കായി 625600 രൂപ കൈമാറി. ഗ്രീൻഫോയ്സ് വാട്സാപ്പ് കൂട്ടായ്മ മാതൃകയായി.

കോഴിക്കോട് ഒഢഞ ഹോസ്പിറ്റലിൽ ജൂൺ 10നാണ് ശാസ്ത്രക്രിയ നടത്തുക.ഭരിച്ച സാമ്പത്തിക ബാധ്യതയുള്ളതിനാൽ ചികിത്സ സഹായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിവിധ സന്നദ്ധ സേവന സംഘടനകളും വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടിയുടെ സഹായത്തിനായി പണം സ്വരൂപിക്കുന്നു.ഗ്രീൻവോയിസ് വാട്സാപ്പ് കൂട്ടായ്മ നൽകിയ സംഖ്യ കെഎം ഷാജി ങഘഅ ഏറ്റുവാങ്ങി. ചികിത്സ കമ്മിറ്റി ചെയർമാൻ ാുമ റഹീം,ജില്ല മുസ്ലിംലീഗ് സെക്രട്ടറി സുതാഹിർ,യൂത്ത് ലീഗ് ജില്ല സെക്രട്ടറി സമീർ പറമ്പത്ത്,ഇരിക്കൂർ മണ്ഡലം യൂത്ത് ലീഗ് സെക്രട്ടറി ഷമീർ നടുവിൽ തുടങ്ങിയവർ സംബന്ധിച്ചു.പണം സ്വരൂപിക്കുന്നതിന് ഇസ്ഹാഖ് അലി വിളക്കോട്ടൂർ,ഫായിസ് പിപി,മുഹമ്മദ് കാവിൽ,റമീസ് ടി.പി വാട്സാപ്പ് കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി.



## റസ്റ്ററന്റുകൾക്കുള്ള മാർഗനിർദേശങ്ങൾ പുറത്തിറക്കി

**കണ്ണൂർ:** ഹോട്ടലുകൾ ചൊവ്വാഴ്ച പ്രവർത്തനമാരംഭിക്കുമ്പോൾ അകത്തേക്കും പുറത്തേക്കുമുള്ള പ്രവേശത്തിന് പ്രത്യേകം സംവിധാനമുണ്ടാകണമെന്ന് മാർഗരേഖ. ഈ സംവിധാനം ഇല്ലാത്തഹോട്ടലുകളിൽ ആളുകൾ കയറുന്നതും ഇറങ്ങുന്നതും ഒരേ സമയത്താകരുതെന്ന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് മാർഗ രേഖ പറയുന്നു.

സാനിറ്റൈസർ, താപപരിശോധനാ സംവിധാനങ്ങൾ ഉണ്ടാകണം. ഹാജരാകുന്ന സ്റ്റാഫിനും ഗസ്റ്റുകൾക്കും രോഗലക്ഷണങ്ങൾ ഉണ്ടാകരുത്. സ്റ്റാഫും ഗസ്റ്റും ഹോട്ടലിൽ ഉള്ള മുഴുവൻ സമയവും മുഖാവരണം നിർബന്ധമായും ധരിച്ചിരിക്കണം. ലിഫ്റ്റിൽ കയറുന്ന ആളുകളുടെ എണ്ണം പരിമിതപ്പെടുത്തണം. എസ്കലേറ്ററുകളിൽ ഒന്നിടവിട്ട പടികളിൽ നിൽക്കണം.

അതിഥിയുടെ യാത്രാ ചരിത്രം, ആരോഗ്യസ്ഥിതി എന്നിവ സ്വയം സാക്ഷ്യപ്പെടുത്തി റിസപ്ഷനിൽ നൽകണം. പേമെന്റുകൾ ഓൺലൈൻ മാർഗത്തിൽ വാങ്ങണം. സ്പർശനം ഒഴിവാക്കുന്ന രീതിയിലായിരിക്കണം.

ലഗേജ് അണുവിമുക്തമാക്കണം. കണ്ടെയ്മെന്റ് സോണുകൾ സന്ദർശിക്കരുതെന്ന് ആവശ്യപ്പെടണം. റൂം സർവ്വീസ് പരമാവധി പ്രോത്സാഹിപ്പിക്കണം. റൂമിന്റെ വാതിൽക്കൽ ആഹാരസാധനങ്ങൾ വയ്ക്കണം. താമസക്കാരുടെ കൈയിൽ നേരിട്ട് നൽകരുത്. എയർ കണ്ടീഷണർ 24-30 ഡിഗ്രി സെൽഷ്യസിൽ പ്രവർത്തിപ്പിക്കണം. കുട്ടികളുടെ കളി സ്ഥലങ്ങളും ഗെയിം ആർക്കേഡുകളും അടച്ചിടണം.

റസ്റ്റോറന്റുകൾ തുറന്ന് ആളുകൾക്ക് അകത്തിരുന്ന് ഭക്ഷണം കഴിക്കാം. എന്നാൽ, പൊതു നിബന്ധനകൾക്കു പുറമെ ഹോം ഡെലിവറി പരമാവധി പ്രോത്സാഹിപ്പിക്കണം. ഹോം ഡെലിവറിക്ക് പോകുന്ന ജീവനക്കാരുടെ താപപരിശോധന നടത്തണം. ബുഫെ നടത്തുന്നുവെങ്കിൽ സാമൂഹ്യ അകലം കൃത്യമായി പാലിക്കണം.

മെനു കാർഡുകൾ ഒരാൾ ഉപയോഗിച്ചശേഷം നശിപ്പിക്കുന്ന രീതിയിൽ ഡിസ്പോസിബിൾ വസ്തുക്കൾ കൊണ്ട് നിർമിക്കണം. തുണികൊണ്ടുള്ള നാപ്കിനുകൾക്കു പകരം പേപ്പർ നാപ്കിനുകൾ ഉപയോഗിക്കണം. റസ്റ്റോറന്റുകളിൽ ഭക്ഷണം വിളമ്പുന്നവർ മാസ്കും കൈയുറയും ധരിക്കണം.

മാളുകളിൽ ഫുഡ് കോർട്ടുകളിലും റസ്റ്റാറന്റുകളിലും സീറ്റിങ് കപ്പാസിറ്റിയുടെ 50 ശതമാനം മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. ഡിജിറ്റൽ മോഡിലൂടെയുള്ള പണം സ്വീകരിക്കൽ പ്രോത്സാഹിപ്പിക്കണം.

എല്ലാ ടേബിളുകളും ഉപഭോക്താവ് പോയതിനുശേഷം അണുമുക്തമാക്കണം. മാളുകൾക്കുള്ളിലെ സിനിമാ ഹാളുകൾ അടച്ചിടണം. കുട്ടികളുടെ കളി സ്ഥലങ്ങളും ഗെയിം ആർക്കേഡുകളും തുറക്കരുത്.

## കിണർ ഇടിഞ്ഞ് വീണ് രണ്ട് പേർക്ക് പരിക്ക്

**ഉളിക്കൽ:** പുറവയലിൽ കിണർ കുഴിക്കുന്നതിനിടയിൽ മണ്ണ് ഇടിഞ്ഞ് വീണതതിനെ തുടർന്ന് രണ്ട് പേർക്ക് പരിക്ക്.
കാലാങ്കി സ്വദേശികായ പുത്തൻപുരക്കൽ ലാലിച്ചൻ, ചെമ്പനാനിക്കൽ ബാബു എന്നിവർക്കാണ് പരിക്കേറ്റത്. ഇരിട്ടിയിൽ നിന്ന് ഫയർഫോഴ്സ് എത്തിയാണ് ഇവരെ കിണർ റിൽ നിന്നും കരക്ക് കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുപോയത്.

കിണറിൽ നിന്നും ബാബു കയറുന്നതിനിടയിലാണ്.ഒരു ഭാഗം ഇടിഞ്ഞ് ബാബു.ലാലിച്ചന്റെ മുകളിലേക്ക് വിഴുകയായിരുന്നു.ലാലിച്ചന്റെ പരിക്ക് ഗുരുതരമാണ്.



## കോവിഡ് സ്ഥിരീകരിച്ചവരിൽ എല്ലാവരും പുറത്തു നിന്നെത്തിയവർ

**കാസർഗോഡ് :** ജില്ലയിൽ ശനിയാഴ്ച കോവിഡ് സ്ഥിരീകരിച്ചവരിൽ എട്ടു വയസുകാരനും. എല്ലാവരും പുറത്തുനിന്നെത്തിയവരാണ്. ഒരാൾക്ക് രോഗം ഭേദമായതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ വി രാംദാസ് അറിയിച്ചു. ഇതോടെ ജില്ലയിൽ കോവിഡ് ചികിത്സയിലുള്ളവരുടെ എണ്ണം 111 ആയി.മേയ് 27 ന് കുവൈറ്റിൽ നിന്ന് വന്ന് ജൂൺ ഒന്നു മുതൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന 37 വയസുകാരൻ, മേയ് 27 ന് കുവൈറ്റിൽ നിന്ന് വന്ന 40 വയസുകാരൻ, മേയ് 27 ന് മഹാരാഷ്ട്രയിൽ നിന്ന് വന്ന 47 വയസുകാരൻ, മെയ് 26 ന് മഹാരാഷ്ട്രയിൽ നിന്ന് മിനി ബസിൽ വന്ന 34 വയസുകാരൻ, മേയ് 23ന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 26 വയസുകാരൻ, ജൂൺ ഒന്നിന് അബുദാബിയിൽ നിന്ന് വന്ന 32 വയസുകാരൻ, അബുദാബിയിൽ നിന്ന് വന്ന 31 വയസുകാരൻ, മേയ് 23 ന് ടാക്സി കാറിൽ മഹാരാഷ്ട്രയിൽ നിന്ന് വന്ന 43 വയസുകാരൻ, മേയ് 29 ന് ദുബൈയിൽ നിന്ന് വന്ന 39 വയസുകാരൻ, ഇദ്ദേഹത്തിന്റെ എട്ടുവയസുള്ള മകൻ എന്നിവർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്.

## ധർണ നടത്തി

**കാസർഗോഡ്:** വൈദ്യുതി മേഖലയുടെ പൂർണ സ്വകാര്യവത്കരണത്തിനുള്ള കേന്ദ്രസർക്കാരിൻറെ വൈദ്യുതി നിയമഭേദഗതി ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ടു കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കാസർഗോഡ് ഹെഡ് പോസ്റ്റ് ഓഫീസിനു മുന്നിൽ നടത്തിയ ധർണ കെപിസിസി സെക്രട്ടറി കെ. നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി എ. ഷാഹുൽ ഹമീദ് മുഖ്യപ്രഭാഷണം നടത്തി. രമേശ് നായിക്, അബ്ദുൾ ഖലീൽ, എച്ച്. മൊയ്തു, കെ. രാജീവൻ എന്നിവർ പ്രസംഗിച്ചു.

# 'ആന മതിൽ' കെട്ടിയപ്പോൾ ഗെയ്റ്റ് വെക്കാൻ ഫണ്ടില്ല

**കാസർകോട്:** കാട്ടാന കൂട്ടം നാട്ടിൽ ഇറങ്ങുന്നത് തടയാൻ 'ആന മതിൽ' കെട്ടിയപ്പോൾ ഗെയ്റ്റ് വെക്കാൻ ഫണ്ടില്ല. കാസർകോട് കോട്ടഞ്ചേരി വനമേഖലയിലാണ് വനംവകുപ്പിന്റെ ഈ വിരോധാഭാസം. കാടുവിട്ടു നാട്ടിലിറങ്ങുന്ന കാട്ടാനയെ പ്രതിരോധിക്കുന്നതിനായി രണ്ടു വർഷം മുൻപാണ് 500 മീറ്റർ നീളത്തിൽ വനത്തിനു ചുറ്റും ആനമതിൽ നിർമ്മിച്ചത്. ഒരാളുടെ പൊക്കം പോലും ഇല്ലാത്ത മതിലിന് ഗേയ്റ്റ് വെയ്ക്കാൻ ഫണ്ട് തികഞ്ഞില്ല എന്നാണ് അധികൃതരുടെ വാദം.

ഏക്കർ കണക്കിന് വിസ്തൃതിയുള്ള കോട്ടഞ്ചേരി വനത്തിൽ കാട്ടാനയടക്കമുള്ള വന്യമൃഗ ശല്യം രൂക്ഷമായപ്പോഴാണ് വനത്തിന് ചുറ്റും 50 ലക്ഷം രൂപ ചിലവിൽ ആനമതിൽ നിർമ്മിച്ചത്. എന്നാൽ മതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയ കരാറുകാരൻ ഗെയ്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ ഇത് നിർമ്മിക്കാതെ സ്ഥലം വിടുകയായിരുന്നു.

കാട്ടാന പേടിയിൽ കോട്ടഞ്ചേരി വനത്തിന് താഴ്വാരത്തായി പത്തു ദളിത് കുടുംബങ്ങളാണ് കഴിയുന്നത്. ആനമതിൽ പണി തുടങ്ങിയപ്പോൾ തങ്ങൾ ആനയിൽ നിന്ന് സുരക്ഷിതരാവുമെന്ന് കരുതിയവരാണിവർ. നിലവിൽ ചെറിയൊരു ചങ്ങല മാത്രമാണ് ഗെയ്റ്റിന് പകരം ഉള്ളത്. അഴിമതി ആരോപണങ്ങൾ ഉള്ള ആന മതിൽ, പാറപൊടിയും കരിങ്കല്ലും ഉപയോഗിച്ചാണ് നിർമ്മിച്ചത്. മതിനിലിടയിൽ മലവെള്ളം ഒഴുക്കാനായി സ്ഥാപിച്ചത് കട്ടികുറഞ്ഞ സിമന്റ് പൈപ്പുകളാണ് .

കരാറുകാരൻ മതിൽ കെട്ടാൻ കല്ലും കണ്ടെത്തിയത് വനത്തിനുള്ളിൽ നിന്നുതന്നെയെന്നും ആരോപണമുണ്ട്.കോട്ടഞ്ചേരിയിൽ എത്തുന്ന വിനോദ സഞ്ചാരികളും വനംവകുപ്പിന്റെ നിർദ്ദേശം അവഗണിച്ച് അകത്ത് കടക്കുന്നതും ഇവിടെ പതിവാണ്.പലപ്പോഴും ഇവിടെ ഫോറസ്റ്റ് വാച്ച് മാനും ഉണ്ടാവാറില്ല. അതിനാൽ ഇവിടക്കെത്തുന്ന വിനോദ സഞ്ചാരികൾ വനത്തിന് അകത്തേയ്ക്ക് പ്രവേശിക്കുന്നു. ഇവിടൊരു ഗേയ്റ്റ് അടിയന്തിരമായി സ്ഥാപിച്ചാൽ വന്യമൃഗങ്ങൾ പുറത്തേക്ക് വരുന്നതും, സഞ്ചാരികൾ അനിയന്ത്രിതമായി അകത്തേക്ക് കടക്കുന്നതും പ്രതിരോധിക്കാനാകും.

**ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല, വാഹനവുമില്ല**

ഭീമനടി ഫോറസ്റ്റ് സെക്ഷന് കീഴിൽ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല. കൊന്നക്കാട് മേഖലയിൽ വിവിധ സ്ഥലങ്ങളിലായി 1500 ഹെക്ടറിലായി പരന്ന് കിടക്കുന്ന വനം സംരക്ഷിക്കാൻ ആകെയുള്ളത് രണ്ട് ഉദ്യോഗസ്ഥരാണ്. ഇവർക്കാണെങ്കിൽ സഞ്ചരിക്കാൻ ഔദ്യോഗിക വാഹനമോ ക്വാർട്ടേഴ്സോ ഇല്ല. പലപ്പോഴും പല സ്ഥലങ്ങളിലും ഇവർക്ക് ഓടിയെത്താൻ കഴിയാറില്ല. കോട്ടഞ്ചേരി, ആനമഞ്ഞൾ, കൂമ്പൻപാറ എന്നിവിടങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായിട്ടും ഇവിടെ ആവശ്യത്തിന് ഉദ്യോഗസ്ഥരോ സജീകരണങ്ങളോ ഇല്ലാത്ത കോട്ടഞ്ചേരി നിക്ഷിപ്ത വനമാണ്.



## കർഷകന് കേസ് നടത്താനുള്ള തുക നൽകും: കേരള കോൺഗ്രസ്-എം

**പയ്യാവൂർ:** മണ്ണാർക്കാട് തിരുവിഴാംകുന്ന് വനമേഖലയിലെ അമ്പലപ്പാറ വെള്ളിയാറിൽ സ്ഫോടകവസ്തു പൊട്ടി കാട്ടാന ചരിഞ്ഞ സംഭവത്തിൽ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പാവപ്പെട്ട പൈനാപ്പിൾ കർഷകനെ അറസ്റ്റ് ചെയ്തത് നീതിക്കു നിരക്കാത്തതാണെന്നും കർഷകന് നീതി കിട്ടുന്നതിനായി കോടതിയിൽ പോകുന്നതിനുള്ള സാമ്പത്തികസഹായം കേരള കോൺഗ്രസ്-എം ജോസഫ് വിഭാഗം കണ്ണൂർ ജില്ലാ കമ്മിറ്റി സ്വരൂപിച്ചു നൽകുമെന്നും ജില്ലാപ്രസിഡൻറ് റോജസ് സെബാസ്റ്റ്യൻ പറഞ്ഞു. ഇതിനുമുമ്പ് ഗർഭിണികളെയും സ്കൂൾ വിദ്യാർഥികളെയും അതിരാവിലെ റബർ ടാപ്പ് ചെയ്യുന്ന കർഷകരെയുമൊക്കെ ആന ചവിട്ടിക്കൊന്നിട്ടുണ്ട്. അന്നൊന്നുമില്ലാത്ത കോലാഹലം ഇപ്പോൾ ആവശ്യമില്ലാത്തതാണ്. റിസർവ് വനത്തിൽവരെ സ്വാഭാവിക വനം നശിപ്പിച്ച് തേക്ക്, മാഞ്ചിയം, അക്കേഷ്യ, പൈൻ തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിച്ചത് കർഷകരല്ല, ഫണ്ടു കിട്ടുന്നത് ലക്ഷ്യംവച്ച് ഭരണകർത്താക്കളും വനംവകുപ്പ് അധികാരികളുമാണ്.

ഇത്തരത്തിലുള്ള സ്വാഭാവിക വനശോഷണവും ഗ്രാൻറീസ്, കാറ്റാടി, തേക്ക്, അക്കേഷ്യ എന്നീ വൃക്ഷങ്ങൾ വനത്തിലെ നീർത്തടങ്ങൾ വറ്റിച്ചതും വന്യമൃഗങ്ങൾക്ക് ഭക്ഷണവും കുടിനീരും ഇല്ലാതാക്കി. മൃഗങ്ങൾ നാട്ടിലിറങ്ങാൻ കാരണമിതാണ്. ഇതിൻറെ ഉത്തരവാദിത്തം കർഷകൻറെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുന്നവരെ ജനമധ്യത്തിൽ തുറന്നുകാണിക്കാൻ കേരള കോൺഗ്രസ് പ്രത്യക്ഷസമരത്തിനിറങ്ങുമെന്നും റോജസ് സെബാസ്റ്റ്യൻ വ്യക്തമാക്കി

## രോഗംപകരാതിരിക്കാൻ കർശന ജാഗ്രത

**കാസർകോട്:** സമ്പർക്കം വഴി രോഗം പകരാതിരിക്കാൻ കർശന ജാഗ്രത ആവശ്യമാണെന്ന് മന്ത്രി ഇ ചന്ദ്രശേഖരൻ പറഞ്ഞു. കോവിഡ്-19 പ്രതിരോധത്തിനുള്ള ജില്ലാതല രാഷ്ട്രീയകക്ഷി അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിരീക്ഷണ സംവിധാനം ശക്തമാക്കും. വാർഡ് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തമാക്കണം. രാഷ്ട്രീയ കക്ഷികളുടെ പൂർണപിന്തുണയും അനിവാര്യമാണ്.

വീട്ടുനിരീക്ഷണം, സ്ഥാപന നിരീക്ഷണം എന്നിവക്ക് എല്ലാവിധ സൗകര്യവും ജില്ലയിലുണ്ട് . സംസ്ഥാനത്തലത്തിൽ നടന്ന സർവകക്ഷി യോഗത്തിൽ വിവിധ രാഷ്ട്രീയ കക്ഷികൾ സഹകരണം തുടരുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

ജില്ലയിലും ഇത് പ്രതീക്ഷിക്കുന്നു.കലക്ടർ ഡോ. ഡി സജിത് ബാബു, ജില്ലാ പൊലീസ് മേധാവി ഡി. ശിൽപ, സബ്കലക്ടർ അരുൺ കെ വിജയൻ, എഡിഎം എൻ ദേവിദാസ്, ഡിഎംഒ ഡോ. എ വി രാംദാസ്, രാഷ്ട്രീയ കക്ഷി പ്രതിനിധികളായ സിഎച്ച് കുഞ്ഞമ്പു, ഗോവിന്ദൻ പള്ളിക്കാപ്പിൽ, അസീസ് കടപ്പുറം, അഹമ്മദ് അലി കുമ്പള, സിവി ദാമോദരൻ, കെ എ മുഹമ്മദ് ഹനീഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ജനപ്രതിനിധികളുടെ യോഗം എല്ലാ ആഴ്ചയിലും ചേരും: മന്ത്രി

**കാസർഗോഡ്:** കോവിഡ് -19 പ്രതിരോധ നടപടികൾ അവലോകനം ചെയ്യുന്നതിനായി എല്ലാ ആഴ്ചയിലും എംപി, എംഎൽഎ, നഗരസഭാ അധ്യക്ഷൻമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം കളക്ടറേറ്റിൽ ചേരുമെന്നു റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ അറിയിച്ചു. ബുധനാഴ്ചകളിൽ രാവിലെ 10 മണിക്കായിരിക്കും യോഗം ചേരുക. രണ്ടാഴ്ചയിലൊരിക്കൽ റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗവും ചേരും. ജില്ലയിലെ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടു കളക്ടറേറ്റിൽ സംഘടിപ്പിച്ച അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വിദേശരാജ്യങ്ങളിൽ നിന്നു വരുന്നവർക്ക് ഹോം ക്വാറൻറൈൻ സൗകര്യം ഒരുക്കുന്നതിന് ആൾത്താമസമില്ലാത്ത വീടുകൾ ഏറ്റെടുത്തുനൽകും. ഇതുസംബന്ധിച്ച് പഞ്ചായത്ത്, നഗരസഭാ സെക്രട്ടറിമാർക്ക് നിർദേശം നൽകി. വെള്ളിയാഴ്ചത്തെ യോഗത്തിൽ പങ്കെടുക്കാത്ത ജനപ്രതിനിധികളുമായി ചർച്ച നടത്തുമെന്ന് മന്ത്രി പറഞ്ഞു. ജില്ലയിൽ കോവിഡ് രോഗികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ പോലീസ് സേനയിൽ കൂടുതൽ അംഗങ്ങളെ നിയോഗിക്കണമെന്നു ജനപ്രതിനിധികൾ ആവശ്യപ്പെട്ടു.എംഎൽഎമാരായ കെ. കുഞ്ഞിരാമൻ, എം. രാജഗോപാലൻ, നഗരസഭാ അധ്യക്ഷൻമാരായ വി.വി. രമേശൻ, പ്രഫ.കെ.പി. ജയരാജൻ, കാസർഗോഡ് നഗരസഭ വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷ എം. നൈമുന്നീസ, ജില്ലാ കളക്ടർ ഡോ. ഡി. സജിത് ബാബു, ജില്ലാ പോലീസ് മേധാവി ഡി. ശിൽപ്പ, സബ് കളക്ടർ അരുൺ കെ. വിജയൻ, എഡിഎം എൻ. ദേവീദാസ് തുടങ്ങിയവർ സംബന്ധിച്ചു.

## ലോക പരിസ്ഥിതി ദിനം വേരിറങ്ങുന്നു: ഭൂമിക്ക് പച്ചക്കുട ചൂടിക്കാൻ



*ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈ നടലിന്റെ ഉദ്ഘാടനം അമ്പലത്തറ ചുണ്ണംകുളത്ത് ജില്ലാ സെക്രട്ടറി എം വി ബാലകൃഷ്ണൻ നിർവഹിക്കുന്നു*

**കാസർഗോഡ് :** ആയിരക്കണക്കിന് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് നാടെങ്ങും ലോകപരിസ്ഥിതിദിനം. കൂട്ടായ്മകളും പ്രസ്ഥാനങ്ങളുമെല്ലാം ഹരിതവഴിയിലിറങ്ങിയ ദിനമായിരുന്നു വെള്ളിയാഴ്ച. പൊതു ഇടങ്ങളിലും പാതയോരങ്ങളിലും വീട്ടുപറമ്പുകളിലെല്ലാം മരങ്ങൾ നട്ടു. കോവിഡ് കാലത്തിന്റെ പെരുമാറ്റച്ചട്ടം പാലിച്ച് കുട്ടികളും മുതിർന്നവരുമെല്ലാം സജീവപങ്കാളികളായി. വനംവകുപ്പ് സാമൂഹ്യവനവൽക്കരണവിഭാഗം തൈകളെത്തിച്ച് കൂട്ടായ്മക്കൊപ്പം നിന്നു. സിപിഐ എം , ഡിവൈഎഫ്ഐ, എസ്എഫ്ഐ, ബാലസംഘം എന്നിവയും പ്രത്യേകമായി പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു.സിപിഐ എം ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ ഫലവൃക്ഷത്തൈ നടീൽ പദ്ധതിക്ക് തുടക്കമായി. ജില്ലാതല ഉദ്ഘാടനം പനത്തടി ഏരിയയിലെ ചുണ്ണംകുളത്ത് ജില്ലാസെക്രട്ടറി എം വി ബാലകൃഷ്ണൻ നിർവഹിച്ചു. ഏരിയ സെക്രട്ടറി എം വി കൃഷ്ണൻ അധ്യക്ഷനായി. ഏഴാം മൈൽ ലോക്കൽ കമ്മിറ്റി നേതൃത്വത്തിൽ ലോക്കലിലെ മുഴുവൻ കുടുംബങ്ങൾക്കും പച്ചക്കറി വിത്ത്-മാസ്ക് വിതരണം, പ്രദേശത്തെ നെൽകൃഷി എന്നിവയുടെ ഉദ്ഘാടനവും ജില്ലാസെക്രട്ടറി നിർവഹിച്ചു.


പത്രവായന ഇനി പണ്ടത്തെപ്പോലെയല്ല
ഇന്ന് വായിക്കാം നാളത്തെ പത്രം
പത്രവിതരണക്കാരനെ കാത്തിരിക്കേണ്ട
മാസാമാസം വരിസംഖ്യ കൊടുക്കേണ്ട
സാമൂഹ്യ അകലം പാലിക്കാം, സുരക്ഷിതരാകാം
തത്സമയ വാർത്തകൾക്കൊപ്പം പിറ്റേന്നത്തെ ഇ പേപ്പറും ഓൺലൈനിൽ: keralapranamam.com
കേരളപ്രണാമത്തിന് എല്ലാ താലൂക്കുകളിലും ലേഖകരെ ആവശ്യമുണ്ട്.
മറ്റു തൊഴിലുകൾക്കൊപ്പം പത്രപ്രവർത്തനം നടത്താൻ താല്പര്യമുള്ളവർ വിളിക്കുക: 7594881071
കേരള പ്രണാമം
KERALA PRANAMAM ONLINE www.keralapranamam.com

ഗൾഫ് വാർത്തകൾ



## കോവിഡ് : സൗദിയിൽ ഇന്നലെ മരിച്ചത് 34പേർ; രോഗം സ്ഥിരീകരിച്ചവർ ഒരു ലക്ഷത്തിലേക്ക്

**റിയാദ് :** സൗദിയെ ആശങ്കയിലാഴ്ത്തി കോവിഡ് മരണങ്ങൾ. ശനിയാഴ്ച് 34പേർ കൂടി മരിച്ചു. 3121 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്ത് കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം 676ഉം, രോഗം സ്ഥിരീകരിച്ചവർ 98,869ഉം ആയി. 11,175 പേർ കൂടി സുഖം പ്രാപിച്ചതോടെ രോഗവിമുക്തരുടെ എണ്ണം 71791 ആയി ഉയർന്നു. നിലവിൽ 26402പേരാണ് ചികിത്സയിലുള്ളത്. . ഇതിൽ 1484 പേർ ഗുരുതരാവസ്ഥയിലാണ്. റിയാദിൽ മാത്രം 900പേർക്കാണ് രോഗം സ്ഥിരീകരിച്ചത്.

**ഖത്തറിൽ രണ്ടു കോവിഡ് മരണം കൂടി:** 57 വയസുള്ളവരാണ് മരിച്ചത്, ഇവർ സ്വദേശികളാണോ, വിദേശികളാണോ എന്ന് വ്യക്തമല്ല. കഴിഞ്ഞ 24 മണിക്കൂറിനിടെ 5,029 പേരിൽ നടത്തിയ പരിശോധനയിൽ 1,700 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്ത് കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം 51ഉം, രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 67,195ഉം ആയതായി അധികൃതർ അറിയിച്ചു. 1,592 പേർ കൂടി സുഖം പ്രാപിച്ചതോടെ രോഗവിമുക്തരുടെ എണ്ണം 42,527 ആയി ഉയർന്നു. നിലവിൽ 24,617പേരാണ് ചികിത്സയിലുള്ളത്. 238 പേർ തീവ്ര പരിചരണ വിഭാഗത്തിലാണ്. 2,51,391 പേരിൽ ഇതുവരെ കോവിഡ് പരിശോധന നടത്തി.

## ജിഎസ്ടി കൗൺസിൽ യോഗം 12ന്; ആശ്വാസ നടപടികളിൽ പ്രതീക്ഷയോടെ രാജ്യം

**ന്യൂഡൽഹി:** ചരക്ക്, സേവന നികുതി (ജിഎസ്ടി) കൗൺസിലിന്റെ യോഗം 12നു ചേരും. 2017 ഓഗസ്റ്റ് മുതൽ കഴിഞ്ഞ ജനുവരി വരെ നികുതി തിരിച്ചടവിലെ കാലതാമസത്തിന് ഈടാക്കിയ പിഴ തിരിച്ചു നൽകുന്നതുൾപ്പെടെയുള്ള നിർദേശങ്ങൾ കൗൺസിൽ പരിഗണിക്കുമെന്നാണ് സൂചന. 3 മാസത്തിലൊരിക്കൽ കൗൺസിൽ ചേരണമെന്നാണ് വ്യവസ്ഥ. കഴിഞ്ഞ യോഗം നടന്നത് മാർച്ച് 14നാണ്. സംസ്ഥാനങ്ങൾക്ക് ജിഎസ്ടി നഷ്ടപരിഹാരം നൽകുന്നതിന് പണം കണ്ടെത്താനുള്ള മാർഗങ്ങളും കൗൺസിൽ ചർച്ച ചെയ്യും. വിപണിയിൽനിന്നു വായ്പയെടുത്തുൾപ്പെടെ നഷ്ടപരിഹാരം നൽകുന്നത് ആലോചിക്കുമെന്ന് കഴിഞ്ഞ തവണ ധനമന്ത്രി വ്യക്തമാക്കിയിരുന്നു.

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും വരുമാനം കഴിഞ്ഞ 3 മാസങ്ങളിൽ കുത്തനെ ഇടിഞ്ഞിട്ടുണ്ട്. ഈ സ്ഥിതിയിൽ, നഷ്ടപരിഹാരം നൽകാനുള്ള മാർഗങ്ങളെക്കുറിച്ച് മന്ത്രിമാരുടെ സമിതി നൽകുന്ന ശുപാർശയ്ക്കായി കാത്തിരിക്കുകയാണെന്ന് ധനമന്ത്രാലയ വൃത്തങ്ങൾ പറഞ്ഞു. നഷ്ടപരിഹാരം നൽകുന്ന രീതി 2022ൽ അവസാനിക്കേണ്ടതാണ്. ഈ കാലാവധി നീട്ടണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം ധനകാര്യ കമ്മിഷൻ തള്ളിക്കളഞ്ഞിരുന്നു.

സെസിലൂടെ ലഭിക്കുന്ന തുക മാത്രമേ സംസ്ഥാനങ്ങൾക്കു നഷ്ടപരിഹാരമായി നൽകുകയുള്ളുവെന്ന് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി വ്യക്തമാക്കിയെങ്കിലും സംസ്ഥാനങ്ങൾ ഇത് അംഗീകരിച്ചില്ല. കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച 36,400 കോടി രൂപയുൾപ്പെടെ, കഴിഞ്ഞ വർഷത്തെ നഷ്ടപരിഹാരമായി ഇതുവരെ മൊത്തം 1,51,496 കോടി രൂപയാണ് സംസ്ഥാനങ്ങൾക്കു നൽകിയിട്ടുള്ളത്. നികുതിഘടന പരിഷ്കരിക്കണമെന്ന് വ്യവസായ സംഘടനകളും മറ്റും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, വരുമാനം കുത്തനെ കുറ!ഞ്ഞ സ്ഥിതിയിൽ നികുതി നിരക്കു പരിഷ്കരിക്കാനാവില്ലെന്നാണ് ധനമന്ത്രാലയ നിലപാട്.

## വെസ്പ നോട്ടെ ബിഎസ് 6 മോഡൽ വിപണിയിലെത്തിച്ച് പിയാജിയോ

കാത്തിരിപ്പുകൾക്കൊടുവിൽ വെസ്പ' ശ്രേണിയിലെ ഏറ്റവും വില കുറഞ്ഞ സ്കൂട്ടറായ നോട്ടെ 125 ബിഎസ് 6 മോഡൽ ഇന്ത്യൻ വിപണിയിലെത്തിച്ച് ഇറ്റാലിയൻ വാഹന നിർമാതാക്കളായ പിയാജിയോ. പുതുക്കിയ ബിഎസ് 6 എൻജിനൊയികെ കാഴ്ചയിൽ കാര്യമായ മാറ്റമൊന്നുമില്ലാതെയാണ് '2020 വെസ്പ നോട്ടെ 125 എത്തുന്നത്. മുൻ മോഡലിലെ 125 സിസി, എയർ കൂൾഡ്, സിംഗിൾ സിലിണ്ടർ, ഫ്യുവൽ ഇഞ്ചക്റ്റഡ് എൻജിൻ, ബിഎസ് 6ലേക്ക് മാറ്റി ഈ മോഡലിനും നൽകിയിരിക്കുന്നു. ബി എസ് നാല് എൻജിനെ അപേക്ഷിച്ചു പുതിയ എൻജിൻ സൃഷ്ടിക്കുന്ന കരുത്തിലും ടോർക്കിലും നേരിയ കുറവുണ്ട്. മാറ്റ് ബ്ലാക്ക് പെയ്ന്റും നിലനിർത്തിയിട്ടുണ്ട്. 91,462 രൂപയാണ് സ്കൂട്ടറിന്റെ ഷോറൂം വില. ബി എസ് നാലിനെ അപേക്ഷിച്ച് 19,462 രൂപ വർദ്ധിച്ചു.

പേ ടി എം ആപ് വഴിയാണു സ്കൂട്ടറിനുള്ള ബുക്കിങ്ങുകൾ കമ്പനി സ്വീകരിക്കുന്നത്. കഴിഞ്ഞ മാസം 'വെസ്പ എസ് എക്സ് എൽ', 'വി എക്സ് എൽ 149' സ്കൂട്ടറുകൾ വിപണിയിൽ എത്തിച്ചിരുന്നു. യഥാക്രമം 1.26 ലക്ഷം രൂപയും 1.22 ലക്ഷം രുപയുമായിരുന്നുഷോറൂം വില.

അതേസമയം ഇൻഷുറൻസ് പ്രീമിയം നിരക്ക് കുറക്കാൻ ലക്ഷ്യമിട്ട് വെസ്പ ശ്രേണിയിലെ 150 സി സി എൻജിനുകളുടെ ശേഷി 149 സി സിയായി കുറച്ചിരുന്നു. ഇന്ത്യൻ ഇൻഷുറൻസ് കമ്പനികളുടെ വ്യവസ്ഥ പ്രകാരം 149 സി സിയോ അതിൽ താഴെയോ എൻജിൻ ശേഷിയുള്ള ഇരുചക്ര വാഹനങ്ങളുടെ പ്രീമിയം 150 സി സി എൻജിനുള്ള വാഹനങ്ങളെ അപേക്ഷിച്ച് കുറവാണ്.



സംസ്കൃതി



## സനാതനധർമ്മം സമഗ്രമായ ജീവിതദർശനമാണ്

**മാതാ അമൃതാനന്ദമയീദേവി**


ഫ്രിഡ്ജ്, വസ്തുക്കളെ തണുപ്പിക്കുന്നു. ഹീറ്റർ ചൂടാക്കുന്നു, ലൈറ്റ് വെളിച്ചം തരുന്നു. ഫാൻ കാറ്റു തരുന്നു. എന്നാൽ ഇവയെ എല്ലാം പ്രവർത്തിപ്പിക്കുന്നതു് ഒരേ കറന്റുതന്നെയാണ്. അവയുടെ പ്രവർത്തനസ്വഭാവവും പ്രയോജനവും വിലയും വ്യത്യസ്തങ്ങളാണെന്നു കരുതി, ഒന്നിലെ കറന്റ് മറ്റൊന്നിലെ കറന്റിനെക്കാൾ ശ്രേഷ്ഠമാണെന്നോ മോശമാണെന്നോ പറയുന്നതിൽ അർത്ഥമുണ്ടോ? ഉപാധി പലതെങ്കിലും കറന്റു് ഒന്നാണു് എന്നു മനസ്സിലാക്കാൻ കഴിയണമെങ്കിൽ അതിന്റെ പിന്നിലെ ശാസ്ത്രം പഠിച്ചിരിക്കണം; ആ വിഷയത്തിൽ പ്രായോഗികപരിചയവും ഉണ്ടായിരിക്കണം.

അതുപോലെ പ്രപഞ്ചത്തിലെ ഓരോ വസ്തുവും ബാഹ്യമായി നോക്കുമ്പോൾ പലതായി തോന്നാമെങ്കിലും അവയിലെല്ലാം കുടികൊള്ളുന്ന ആന്തരികചൈതന്യം ഒന്നുതന്നെയാണ്.

അതു കാണാനുള്ള ജ്ഞാനദൃഷ്ടി സാധനയിലൂടെ നേടണം എന്നു മാത്രം. അതനുഭവിച്ചറിഞ്ഞ ഋഷീശ്വരന്മാർ, അവർ ദർശിച്ച സത്യം തലമുറകൾക്കു കൈമാറി. ആ ആർഷദർശനമാണു ഭാരതത്തിലെ സാമാന്യജനങ്ങളുടെ ജീവിതരീതിക്കു രൂപം നല്കിയത്. ആ ഒരു സംസ്കാരം പിന്തുടർന്നവരെ മൊത്തത്തിൽ വിളിക്കുന്ന പേരാണു 'ഹിന്ദു' എന്നത്. വാസ്തവത്തിലതൊരു മതമല്ല. കാരണം, മതമെന്നാൽ അഭിപ്രായമെന്നാണു സാമാന്യമായ അർത്ഥം. വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന സത്യത്തെ ദർശിച്ച അനേകം ഋഷിമാരുടെ അനുഭവങ്ങളുടെ ആകെത്തുകയാണു് ഈ സംസ്കാരം. അതിനാൽ ഏതെങ്കിലും ഒരു വ്യക്തി സൃഷ്ടിച്ച മതമല്ല ഹിന്ദുധർമ്മം. ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽ ഒതുങ്ങുന്ന തത്ത്വമല്ല, സമഗ്രമായ ജീവിതദർശനമാണത്.

ഭാരതത്തിലെ അനേകം മഹാത്മാക്കൾക്കു സ്വന്തം അനുഭവത്തിലൂടെ വെളിപ്പെട്ട സനാതനതത്ത്വങ്ങളും മൂല്യങ്ങളും ധർമ്മോപദേശങ്ങളും ആണു് 'സനാതന ധർമ്മം' ഓരോ കാലത്തു് ഓരോ ദേശത്തു ജീവിച്ചിരുന്ന മഹാത്മാക്കൾ തങ്ങളുടെ ശിഷ്യർക്കും അനുയായികൾക്കും ഈശ്വരനെ (പരമതത്ത്വത്തെ) പ്രാപിക്കാനായി നല്കിയ ഉപദേശങ്ങളാണല്ലോ പില്ക്കാലത്തു ഓരോ മതമായിത്തീർന്നത്.

എന്നാൽ ഭാരതത്തിലെ അനേകം മഹാത്മാക്കൾക്കു സ്വന്തം അനുഭവത്തിലൂടെ വെളിപ്പെട്ട സനാതനതത്ത്വങ്ങളും മൂല്യങ്ങളും ധർമ്മോപദേശങ്ങളും ആണു് 'സനാതന ധർമ്മം' എന്ന പേരിൽ രൂപംകൊണ്ടത്. പിന്നീടു് അതു ഹിന്ദുമതം എന്നും അറിയപ്പെട്ടു. അതു് എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. ഈശ്വരനെ ഇന്ന പേരു ചൊല്ലി മാത്രമേ വിളിക്കാവൂ എന്നോ അവിടുത്തെ പ്രാപിക്കാൻ ഏതെങ്കിലും പ്രത്യേക മാർഗ്ഗത്തിലൂടെ മാത്രമേ നീങ്ങാവൂ എന്നോ സനാതനധർമ്മം നിർബ്ബന്ധിക്കുന്നില്ല. സനാതനധർമ്മം ഒരു സൂപ്പർമാർക്കറ്റുപോലെയാണ്. അവിടെ കിട്ടാത്തതായി യാതൊന്നുമില്ല. മഹാത്മാക്കൾ നിർദ്ദേശിച്ചിട്ടുള്ളവയിൽ ഇഷ്ടമുള്ള മാർഗ്ഗം തിരഞ്ഞെടുക്കുവാനോ സ്വന്തമായ ഒരു പാത വെട്ടിത്തെളിക്കാനോ ഉള്ള സ്വാതന്ത്ര്യം അതു നല്കുന്നുണ്ട്. ഈശ്വരനെ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം അവിടെയുണ്ട്.







## ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്നവരുടെ പട്ടികയിൽ ഒരേയൊരു ഇന്ത്യക്കാരൻ; അത് അക്ഷയ് കുമാർ

**ന്യൂഡൽഹി:** ലോകത്തിൽ ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്നവരുടെ പട്ടികയിൽ ബോളിവുഡ് നടൻ അക്ഷയ് കുമാർ. ഫോബ്സ് മാസിക പുറത്തിറക്കിയ 100 പേരുടെ പട്ടികയിൽ 52ാം സ്ഥാനത്തുള്ള അക്ഷയിന്റെ പ്രതിഫലം 366 കോടിയാണ്. ഇന്ത്യയിൽനിന്ന് മറ്റാരും ഈ ലിസ്റ്റിലില്ല.

ടിവി താരം കൈലി ജെന്നർ ആണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത്. 4461 കോടിയാണ് കൈലിയുടെ പ്രതിഫലം. സോഷ്യൽ മീഡിയയിലും വളരെയധികം ഫോളോവേഴ്സ് ഉള്ള താരമാണ് കൈലി.

ടെന്നീസ് താരം റോജർ ഫെഡറർ ആണ് മൂന്നാം സ്ഥാനത്ത്. ഫുട്ബോൾ താരങ്ങളായ ക്രിസ്ത്യാനോ റൊണാൾഡോയും ലയണൽ മെസ്സിയുമാണ് നാലും അഞ്ചും സ്ഥാനങ്ങളിലുള്ളത്.

അടുത്തിടെ റിലീസിന് മുന്നേ അക്ഷയ് കുമാർ ചിത്രം 'ലക്ഷ്മി ബോംബ്' റെക്കോർഡ് സൃഷ്ടിച്ചിരുന്നു. സിനിമയുടെ അവകാശത്തിനായി 125 കോടി രൂപയാണ് ഡിസ്നി ഹോട്ട്സ്റ്റാർ മുടക്കിയിരിക്കുന്നത്. 125 കോടി രൂപയുടെ ഡിജിറ്റൽ റൈറ്റ്സ് ബോളിവുഡിലെ ഏറ്റവും ഉയർന്ന തുകയാണ്.

സാധാരണയായി 60 – 70 കോടി രൂപയാണ് ഡിജിറ്റൽ സ്ട്രീമിംഗ് തുകയായി ലഭിക്കുക. എന്നാൽ, ഇത് ഓടിടി പ്രീമിയർ റിലീസ് ആയതിനാലും തീയറ്റർ ഉണ്ടാവാത്തതിനാലും നിർമ്മാതാക്കൾ 100 കോടിക്ക് മുകളിൽ ആവശ്യപ്പെട്ടിരുന്നു. രാഘവ ലോറൻസ് സംവിധാനം ചെയ്യുന്ന ലക്ഷ്മി ബോംബ് അദ്ദേഹത്തിന്റെ തന്നെ 'കാഞ്ചന' എന്ന തമിഴ് ഹൊറർ ചിത്രത്തിന്റെ ഹിന്ദി റീമേക്കാണ്.

## കൈയെത്തും ദൂരത്ത് കൈവിട്ടുപോയ ഫഹദ് ഉയിർത്തെഴുന്നേറ്റത് അഭിനയകലയുടെ രാജാവായി;

### ഫഹദിന്റെ ആദ്യ സിനിമയുടെ പരാജയത്തെക്കുറിച്ച് തുറന്ന് പറഞ്ഞ് ഫാസിൽ

ഫഹദ് ആദ്യമായി വേഷമിട്ട സിനിമയായിരുന്നു കൈയ്യെത്തും ദൂരത്ത്. എന്നാൽ ഈ ചിത്രം വൻ പരാജയമായി മാറുകയായിരുന്നു. ചിത്രം പരാജയം ആയിരുന്നു എങ്കിലും അതിലെ ഗാനങ്ങൾ ഹിറ്റ് ആയിരുന്നു. മകന്റെ ആദ്യ സിനിമയുടെ പരാജയത്തെക്കുറിച്ച് തുറന്ന് പറയുകയാണ് ഫാസിൽ.

നായകനായി അഭിനയിച്ച ആദ്യ സിനിമ കൈയ്യെത്തും ദൂരത്താണെങ്കിലും അതിന് മുൻപ് തന്നെ ഫഹദിന് ഈ മേഖലയുമായി ബന്ധമുണ്ട്. ഫാസിലിന്റെ സംവിധാനത്തിലൊരുങ്ങിയ പപ്പയുടെ സ്വന്തം അപ്പൂസിൽ ഫഹദും സഹോദരനായ ഫർഹാൻ ഫാസിലും അഭിനയിച്ചിരുന്നു. കാക്ക പൂച്ച എന്ന ഗാനരംഗത്തിൽ ഫഹദുമുണ്ടായിരുന്നു. ഒരുപാട് കുട്ടികളുണ്ടായിരുന്നതിനാൽ പ്രത്യേകിച്ച് പേരോ കഥാപാത്രമോ ഒന്നും ഫഹദിനുണ്ടായിരുന്നില്ല. 1992 ലായിരുന്നു സിനിമ റിലീസ് ചെയ്തത്. വർഷങ്ങൾക്ക് ശേഷമായാണ് താരപുത്രൻ നായകനായെത്തിയത്.





കൈയ്യെത്തും ദൂരത്ത് പരാജയപ്പെടാനുള്ള കാരണങ്ങളെക്കുറിച്ച് ഫാസിൽ പറയുന്നത് ഇങ്ങനെയാണ്. അനിയത്തിപ്രാവ്' പോലെയൊരു ചിത്രം താൻ വീണ്ടും ആവർത്തിച്ചത് കൊണ്ടാണ് പരാജയമായത്. 'കയ്യെത്തും ദൂരത്ത്' എന്ന സിനിമയ്ക്ക് എവിടെയൊക്കെയോ ഒരു അനിയത്തിപ്രാവിന്റെ ശൈലിയുണ്ടായിരുന്നുവെന്നും മറ്റൊരു താരപുത്രനാണ് ആ സിനിമയിൽ അഭിനയിച്ചതെങ്കിൽ ചിത്രത്തിന്റെ പരാജയം തന്നെ കൂടുതൽ വിഷമിപ്പിക്കുമായിരുന്നുവെന്നും അദ്ദേഹം പറയുന്നു.

ഫഹദിന് അഭിനയിക്കാനറിയില്ലെന്നായിരുന്നു അന്നത്തെ പ്രധാന വിമർശനം. ആദ്യ സിനിമ റിലീസ് ചെയ്തതിന് പിന്നാലെയായാണ് ഉപരി പഠനത്തിനായി താരപുത്രൻ വിദേശത്തേക്ക് പോയത്. 7 വർഷത്തെ ഇടവേളയ്ക്ക് ശേഷം 2009 ൽ കേരള കഫേയിലൂടെയാണ് പിന്നീട് തിരിച്ചെത്തിയത്. തൊട്ടതെല്ലാം പൊന്നാക്കി മുന്നേറുന്ന ഫഹദിനെയായിരുന്നു പിന്നീടങ്ങോട്ട് കണ്ടത്.



# ഭക്ഷ്യസുരക്ഷാദിനം ജൂൺ 7

ഉപഭോക്താവിനും ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർക്കുമുള്ള മാർഗ്ഗരേഖ ശുദ്ധവായുവും ശുദ്ധജലവും കഴിഞ്ഞാൽ ആരോഗ്യവാനായിജീവിക്കാൻ ഭക്ഷ്യസുരക്ഷ കൂടിയേതീരു. ശുദ്ധമായ ഭക്ഷണംഎന്നാൽ പോഷകാഹാരങ്ങൾ അടങ്ങിയിട്ടുള്ള, ഗുണനിലവാരമുള്ളസൂക്ഷ്മാണുവിമുക്തമായ ഭക്ഷണമാണ്. ഇന്ന് ജനങ്ങളുടെആരോഗ്യത്തിനും ക്ഷേമത്തിനും നേരെ കടുത്തഭീഷണിയായിത്തീർന്നിരിക്കുകയാണ് വ്യാപകമായതോതിൽനടന്നുകൊണ്ടിരിക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ.എന്താണ് ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമംഭക്ഷ്യവസ്തുക്കളുമായിബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളെല്ലാംഏകോപിപ്പിച്ചും ഭക്ഷ്യവസ്തുക്കൾക്ക് ശാസ്ത്രിയധിഷ്ഠിതമായനിലവാരം നിർണ്ണയിച്ചും, ഉൽപാദന, സംഭരണ,വിതരണരംഗങ്ങളിൽ നിബന്ധനകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിശുദ്ധവും സുരക്ഷിതവുമായഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ നിയമത്തിൻറെ ലക്ഷ്യം. ഉൽപാദന ഘട്ടം മുതൽഉപഭോക്താവിൻറെ കയ്യിൽ എത്തുന്നതുവരെയുള്ള സമ്പൂർണ്ണസുരക്ഷയാണ് ഈ നിയമത്തിൽ പറയുന്നത്. എന്താണ് മായം ചേർക്കൽ? ആഹാര പദാർത്ഥങ്ങളിൽ മായം ചേർത്തു വിൽക്കുന്നത് ഒരുസാമൂഹ്യ ദ്രോഹമാണ്. ഭക്ഷ്യ സുരക്ഷാ നിയമത്തിനും അനുബന്ധചട്ടങ്ങൾക്കും വിരുദ്ധമായി ഭക്ഷണ പദാർത്ഥങ്ങളിൽഅഭിലഷണീയമല്ലാത്ത വസ്തു ചേർത്തു വിൽക്കുന്നത്ശിക്ഷാർഹമാണ്. ഒരു ആഹരത്തിനോടൊപ്പം ഗുണനിലവാരം കുറഞ്ഞ മറ്റൊരു പദാർത്ഥം കലർത്തി വിൽക്കുന്നതും, ഒരു ആഹാര പദാർത്ഥം എന്ന പേരിൽ മറ്റൊരു പദാർത്ഥം വിൽക്കുന്നതും, വിഷാംശമോ ആരോഗ്യത്തിന് ഹാനികരമായ ഘടകങ്ങൾ കലർന്നതും,നിരോധിച്ചിട്ടുള്ള കോൾടാർ ചായങ്ങളും കൃത്രിമ മധുരപദാർത്ഥങ്ങളും, പ്രിസർവേറ്റീവുകളും കലർത്തി വിൽക്കുന്നതും, പോഷകാംശം നീക്കം ചെയ്ത് വിൽക്കുന്നതും പായ്ക്കറ്റ് ഭക്ഷണ സാധനങ്ങളുടെ പുറത്ത് നിയമാനുസൃതമായ ലേബൽ ഇല്ലാതെ വിൽക്കുന്നതും മേൽനിയമപ്രകാരം കുറ്റകരമാണ്.

അതിനാൽ തന്നെ ശിക്ഷാർഹാവുമാണ്.ഉൽപാദകരുടെയും,ഉപഭോക്താക്കളുടെയും അജ്ഞതയും, അശ്രദ്ധയും,ഭക്ഷണ സാധനങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തതിനാലും ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ഭക്ഷണത്തിൽ കലരാനിടവരുന്നുണ്ട്.

## മായം ചേർക്കലിൻറെ ദൂഷ്യവശം

ആഹാര സാധനങ്ങൾക്ക് നിറവും, രുചിയും പകരാൻ ചേർക്കുന്നപല രാസ വസ്തുക്കളുടേയും നിരന്തരമായ ഉപയോഗം ക്യാൻസർ,കിഡ്നി രോഗങ്ങൾ മുതലായ മാരകരോഗങ്ങൾക്ക് കാരണമാകാം.തലമുറകളിലേക്ക് പകരാവുന്ന ജനിതകതകരാറുകൾഉണ്ടാക്കുവാൻ കഴിവുള്ളതാണ് ഈ രാസ വസ്തുക്കളിൽ പലതുംകൂടാതെ ഭക്ഷ്യവിഷബാധയും, ജീവിത ശൈലി രോഗങ്ങളുംആരോഗ്യരംഗത്തെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു.ഉൽപാദകരും, ഉപഭോക്താക്കളും, കച്ചവടക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ സമ്പൂർണ്ണഭക്ഷ്യസുരക്ഷകൈവരിക്കാനാവൂ. നിയമം എത്രതന്നെ കർക്കശമാണെങ്കിലുംആയത് നടപ്പിലാക്കാൻപൊതുജനാപങ്കാളിത്തം കൂടിയേ തീരൂ. മായംചേർക്കൽ എന്ന മഹാവിപത്തിനെ അർഹിക്കുന്ന ഗൌരവത്തോടെകണ്ട് പരിഹാരം കാണാനായി നമുക്ക് കൂട്ടായിനിൽക്കാം.

### ഭക്ഷ്യസുരക്ഷാദിനം ജൂൺ 7

എല്ലാവർഷവുംജൂൺഏഴാംതീയതിലോകഭക്ഷ്യസുരക്ഷാ ദിനം ആയി ആചരിക്കുന്ന തീരുമാനമെടുത്തത് UN ജനറൽ അസംബ്ലിയിൽ ആണ്. ഇത് പ്രകാരം 2019 ജൂൺ ഏഴാം തീയതി ആദ്യത്തെ ലോക ഭക്ഷ്യ സുരക്ഷാ ദിനം ആയി ആചരിച്ചു. ഭക്ഷ്യസുരക്ഷ ഏവരുടേയും ഉത്തരവാദിത്വം എന്നതാണ് ഈ ദിനത്തിന്റെ മുദ്രാവാക്യം. ഏവരുടെയും ഉത്തരവാദിത്വം എന്നത് കൊണ്ട് അർഥമാക്കുന്നത് സർക്കാറിനും ഭക്ഷ്യവസ്തുക്കൾ ഉൽപാദിക്കുന്നവർക്കും അത് വിതരണം ചെയ്യുന്നവർക്കും ഉപഭോക്താവിനും തുല്യ ഉത്തരവാദിത്വം ഉണ്ട് എന്നാണ്. ആരോഗ്യദായകവും സുരക്ഷിതവുമായ ഭക്ഷണം തിരഞ്ഞെടുത്ത് കഴിക്കണം എന്നത് ഉപഭോക്താവിന് ഉത്തരവാദിത്വമാണ്.ലോക ഭക്ഷ്യ സുരക്ഷാ ദിനം ആചരിക്കുന്നതിന് ലോകാരോഗ്യസംഘടന എല്ലാ അംഗ രാജ്യങ്ങൾക്കും നിർദേശം നൽകിയിരുന്നു.എന്നാൽ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ ആണ് ഭക്ഷ്യസുരക്ഷാവകുപ്പ് നടത്തിവരുന്നത്.ഇതിനായി പത്രമാധ്യമങ്ങളിലൂടെ സോഷ്യൽ മീഡിയയിലൂടെയും ആവശ്യമായ പ്രചരണം നടത്തിവരുന്നു

ഡോക്ടർ വിന്നി ചിറ്റിലപ്പള്ളി
ഫുഡ് സേഫ്റ്റി ഓഫീസർ
പറവൂർ സർക്കിൾ

മലിനമായ ചുറ്റുപാടിൽനിന്നും സാഹചര്യങ്ങൾനിന്നും അകലെയായിരിക്കണം സ്ഥാപനത്തിൻറെ സ്ഥാനം. പരമാവധി ശുചിത്വ നിലവാരമുള്ള / പരിസര മലിനീകരണ സാധ്യതയില്ലാത്ത പ്രദേശത്തായിക്കണം സ്ഥാപനം നിർമ്മിക്കേണ്ടത്.

ഭക്ഷണ സാധനങ്ങൾനിർമ്മിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ഉപയോഗിക്കുന്ന കെട്ടിടം വൃത്തിയുള്ള സാഹചര്യത്തിലുള്ളതും, മതിയായ സ്ഥലസൗകര്യമുള്ളതും ആയിരിക്കണം.

സ്ഥാപനവും, പരിസരവും വൃത്തിയും വെളിച്ചമുള്ളതും മതിയായ വായുസഞ്ചാരമുള്ളതുമായിരിക്കണം.

സ്ഥാപനത്തിൻറെ തറ, ചുമർ, മേൽക്കൂര എന്നിവവൃത്തിയും മിനുസമുള്ളതും, പൊട്ടിപ്പൊളിയാത്തതുമായിരിക്കണം.

ചുമരുകളും തറയും ആവശ്യമനുസരിച്ച് അണുനാശിനിയുപയോഗിച്ച് കഴുകി സൂക്ഷിക്കേണ്ടതും, ജനലുകൾ, വാതിലുകൾമറ്റു വാതായനങ്ങൾഎന്നിവ വലയോ മറ്റോ ഉപയോഗിച്ച് മറച്ച് ഈച്ച മുതലായ പ്രാണികളിൽനിന്നും സംരക്കേണ്ടാതുമാണ്.

തടസ്സമില്ലാത്ത ശുദ്ധജല ലഭ്യത സ്ഥാപനത്തിൽഉറപ്പു വരുത്തണം. ഇടവിട്ടുള്ള ജലവിതരണമുള്ളിടത്ത് പാചകത്തിനും, വൃത്തിയാക്കുന്നതിനും മതിയായ ശുദ്ധജലം സംഭരണത്തിനുള്ള സംവിധാനം ഉണ്ടായിരിക്കണം.

സ്ഥാപനത്തിൽഉപയോഗിക്കുന്ന യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും എളുപ്പത്തിൽകഴുകി വൃത്തിയക്കാവുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിരിക്കണം. സംഭരണികളും മേശ മുതലായവയും വൃത്തിയക്കുന്നതിനുള്ള സംവിധാനമുണ്ടായിരിക്കണം.

ആരോഗ്യത്തിന് ഹാനികരമാകാത്തക്ക വിധത്തിലുള്ള പത്രങ്ങൾസംഭരണികൾമറ്റ് ഉപകരണങ്ങൾഎന്നിവ പാചകത്തിനോ, സംഭരണത്തിനോ, പാക്കിംഗിനോ ഉപയോഗിക്കരുത്. (ചെമ്പ് പിത്തള പാത്രങ്ങൾശരിയായ വിധത്തിൽഈയം പൂശിയവ ആയിരിക്കണം).

ഉപയോഗത്തിനു ശേഷം എല്ലാ ഉപകരണങ്ങളും, പാത്രങ്ങളും വൃത്തിയായി കഴുകി ഉണക്കി അടുക്കി സൂക്ഷിക്കേണ്ടതും പൂപ്പൽ/ ഫംഗസ് മുതലായ സൂക്ഷ്മാണുബാധ ഉണ്ടാകാതെ സൂക്ഷിക്കുകയും വേണം.




പാത്രങ്ങൾഅനുബന്ധ ഉപകരണങ്ങളും ശരിയായ ശുചിത്വ പരിശോധനനടത്തുന്നതിനായി ചുവരിൽനിന്നും നിശ്ചിത അകലത്തിൽസൂക്ഷിക്കേണ്ടതാണ്.

ഫലവത്തായ മലിന ജല സംസ്കരണ സംവിധാനവും ഖര മാലിന്യ സംസ്കരണ സംവിധാനവും ഉണ്ടായിരിക്കണം.

പാചകത്തിലും ഭക്ഷ്യനിർമ്മാണ പ്രക്രിയയിലും ഏർപ്പെടുന്ന തൊഴിലാളികൾമേൽവസ്ത്രം, കൈയ്യുറ, തലപ്പാവ് എന്നിവ ധരിക്കേണ്ടാതാണ്.

പകർച്ച വ്യാധിയുള്ളവരെ ജോലിക്ക് അനുവദിക്കരുത്. കൂടാതെ മുറിവ്, വൃണം എന്നിവയുള്ള ജീവനക്കാർഅത് വേണ്ടവിധം മറയ്ക്കുകയും ഭക്ഷണ വസ്തുക്കളുമായി നേരിട്ട് സമ്പർക്കം പുലർത്താതിരിക്കണം.

ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ നഖം വെട്ടി വൃത്തിയായി സൂക്ഷിക്കേണ്ടതും ജോലിയിൽഏർപ്പെടുന്നതിന് മുമ്പും, ശൌച്യത്തിന് ശേഷവും കൈകൾസോപ്പ്/ ഡിറ്റർജന്റ് ഉപയോഗിച്ച് വെള്ളത്തിൽകഴുകുകയും ചെയ്യണം. കൂടാതെ ഭക്ഷണ സാധനങ്ങൾകൈകാര്യം ചെയ്യുന്ന സമയത്ത് ശരീരഭാഗങ്ങളും തലമുടിയും സ്പർശിക്കാനോ ചൊറിയാനോ പാടില്ല.

ഭക്ഷണ സാധനങ്ങൾകൈകാര്യം ചെയ്യുന്നവർകൃത്രിമമായി നഖം പിടിപ്പിക്കുകയോ, അയഞ്ഞതും, ഇളകി വീഴുന്ന തരത്തിലുള്ളതുമായ ആഭരണങ്ങൾഉപയോഗിക്കാൻപാടില്ല.

ഭക്ഷണ സാധനങ്ങൾകൈകാര്യം ചെയ്യുന്ന സമയത്ത്ചവയ്ക്കുക, മൂക്കുചീറ്റുക, തുപ്പുക, പുകവലിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്യാൻപാടില്ല.

വിൽപ്പനക്കുള്ളതും, വിൽപ്പനക്കായി സൂക്ഷിക്കുന്നതുമായ ഭക്ഷണ സാധനങ്ങൾഭക്ഷ്യയോഗ്യമായിരിക്കണം, കൂടാതെ മലിനമാകാത്ത രീതിയിൽനല്ലവണ്ണം അടച്ചു സൂക്ഷിക്കെണ്ടാതുമാണ്.

ഭക്ഷണ സാധനങ്ങൾകൊണ്ടുപോകുന്നതിനും / വിപണനത്തിനും ഉപയോഗിക്കുന്ന വാഹനങ്ങൾവൃത്തിയായും സൂക്ഷിക്കേണ്ടതാണ്.

ഭക്ഷണ സാധനങ്ങൾപായ്ക്കറ്റുകളിലും മറ്റ് സംഭരണികളിലും ആക്കി വാഹനത്തിൽകൊണ്ടുപോകുമ്പോൾഅനുയോജ്യമായ താപനില ക്രമീകരിക്കേണ്ടാതാണ്.

ഭക്ഷണ സാധനങ്ങൾകൈകാര്യം ചെയ്യുന്ന / ഉണ്ടാക്കുന്ന / സൂക്ഷിക്കുന്ന സ്ഥലങ്ങളിൽനിന്നും കീടനാശിനികളും അണുനാശിനികളും മാറ്റി സൂക്ഷിക്കേണ്ടതാണ്.




*ഭക്ഷ്യസുരക്ഷ ദിനത്തിന് മുന്നോടിയായി എറണാകുളം ഫുഡ് സേഫ്റ്റി ടീം തയാറാക്കിയ വീഡിയോ പ്രകാശനം ബഹു. അസി. കളക്ടർ മാധവികുട്ടി IAS നിർവഹിക്കുന്നു*

# കൊറോണ ഇപ്പോൾ ഒരു രാഷ്ട്രീയ ജീവി ആണ്



കനി

കൊറോണ ഇപ്പോൾ ഒരു രാഷ്ട്രീയ ജീവി ആണ്. അതിനെ കുറിച്ച് എഴുതുന്നത് സൂക്ഷിച്ചു വേണം എന്നാണ് മനസ്സിൽ ആയത്. ഐ എം എ സർക്കാരിനോട് പറയുന്നു ദേവാലയങ്ങൾ തുറക്കരുത് എന്ന് . സർക്കാർ അത് തള്ളി ക്കളയുന്നു. എന്നിട്ട് ദേവാലയങ്ങളോട് പറയുന്നു തുറന്നു കൊള്ളുക. പക്ഷേ നിബന്ധനകൾ ഉണ്ട്. ദേവാലയം വക്താക്കൾ പറയുന്നു ഞങ്ങൾ തുറക്കുന്നില്ല എന്ന്. അത് തന്നെ അല്ലേ ഐ എം എ പറഞ്ഞത്. ഇടയ്ക്ക് നിന്ന് പിന്നെ എന്ത് കൊണ്ടു സർക്കാർ അതും കമ്മ്യൂണിസ്റ്റ്, അങ്ങനെ പറഞ്ഞു. ? പക്ഷേ, ബ്രാൽ മീൻ വഴുതിപ്പോകും പോലെ ഒരു ഫീൽ. ( കമ്മ്യൂണിസ്റ്റ്കാർ മുഴുവനും യുക്തിവാദികൾ അല്ലാത്ത പോലെ യുക്തിവാദികൾ മുഴുവൻ കമ്മ്യൂണിസ്റ്റ്കാരും അല്ല. )വോട്ട് ബാങ്ക്, സംഭാവന, ഇത്രേ ഉള്ളൂ കാര്യം. ഐ എം എ വിചാരിച്ചാൽ ഒരു ചുക്കും രാഷ്ട്രീയക്കാരോട് ചെയ്യാൻ പറ്റില്ല. പക്ഷേ മതക്കാർ വിചാരിച്ചാൽ പൂട്ടാൻ പറ്റും. അതാണ്.ഇപ്പോൾ, ഞാനും പഠിച്ചു അടിസ്ഥാന രാഷ്ട്രീയ മെയ്‌വഴക്കം. കോവിഡ് കൂടിക്കൊണ്ടിരിയ്ക്കുമ്പോൾ, അതും രണ്ട് മാസം അകത്തു അടച്ചിരുന്നവരോട് പറയുന്നു, നിങ്ങൾ ഇനി ഇറങ്ങിക്കോളൂ. പക്ഷേ, ഒന്നും പേടിക്കേണ്ട ശ്രദ്ധിക്കണം. എന്ത് ? സോഷ്യൽ ഡിസ്റ്റൻസ് പാലിക്കണം. സ്വയം ശ്രദ്ധിക്കണം. നല്ലത്, ഇനി ആണ് ട്വിസ്റ്റ്. പക്ഷേ പൊതു വാഹനത്തിൽ അടുത്തടുത്ത സീറ്റിൽ ഇരിയ്ക്കാം. ആറടി അകലം ഉണ്ടോ ബസിലെ സീറ്റുകൾ തമ്മിൽ? അതായത്, സമൂഹവ്യാപനം ഉണ്ടാകാൻ സാധ്യത ഉണ്ട്. സംഗതി നിയന്ത്രണാതീതം ആവും. ഇനി നിങ്ങൾ ആയി നിങ്ങളുടെ പാടായി.ഞങ്ങൾ എന്ത് ചെയ്യാൻ ആണ്? പറഞ്ഞു വന്നത് ഇത്രേ ഉള്ളൂ. സ്വകാര്യ വാഹനം ഉള്ളവർ രക്ഷപെടട്ടെ. സാമ്പത്തികം ഉള്ളവർ സ്വകാര്യ വാഹനത്തിൽ കയറി പൊയ്ക്കൊള്ളു. പക്ഷേ പാവങ്ങളുടെ വോട്ട്? ഇങ്ങനെ ആണ് കാര്യങ്ങൾ എങ്കിൽ !അവർ കൊറോണക്കാലം കഴിഞ്ഞു ശേഷിയ്ക്കുന്നുണ്ടെങ്കിൽ അല്ലേ. ബാക്കിയാവുന്നവരെ അന്ന് കൈകാര്യം ചെയ്യാം. ജനത്തിന് അരണ മറവി ആണല്ലോ !ഇന്ന് പത്രത്തിൽ കണ്ടു ക്വാറന്റൈൻ ഇരിയ്ക്കുന്നവർ പുറത്തിറങ്ങിയാൽ ഉടനെ മൊബൈൽ ടവർ ലൊക്കേഷൻ വച്ചു കണ്ടു പിടിക്കും എന്ന്. ആരും തന്നെ ഫോൺ വീട്ടിൽ വച്ചിട്ട് പോകില്ലല്ലേ. അത് ശരീരത്തിൽ പിടിപ്പിച്ചിരിയ്ക്കുക ആണോ ക്വാറന്റൈനിലുള്ളവർ? പുറത്ത് പോകണം എന്ന് തോന്നിയാൽ മൊബൈൽ വീട്ടിൽ വച്ചിട്ട് പോകും എന്ന് ആർക്കാണറിയാത്തത്? ഒന്നിൽ കൂടുതൽ ഫോൺ ഉണ്ട് ഇപ്പോൾ മിക്കവാറും പേരുടെ കൈവശം. പറഞ്ഞു വന്നത്,
അപ്പോൾ നാട്ടുകാർക്ക് സമാധാനം ആയി. ഇനി ആരും പുറത്തിറങ്ങില്ലല്ലോ . ക്വാറന്റൈൻ തെറ്റിയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ളവർക്കും കൂടുതൽ സമാധാനം ആയി. ഉത്തരവിട്ടവർക്ക് അതിനേക്കാൾ നല്ല സമാധാനം ആയി. ഒരു കള്ളൻ പണപ്പെട്ടി മോഷ്ടിച്ചു കൊണ്ടു പോയി.അപ്പോൾ ഉടമ ''താക്കോൽ എന്റെ കൈയിൽ ആണ്. പെട്ടി കൊണ്ടു പോയിട്ട് എന്ത് ചെയ്യാൻ'' ആ കഥ ഓർമ്മ വന്നു.
65 വയസിനു മുകളിൽ പ്രായം ഉള്ളവരും പല അസുഖങ്ങൾ കൊണ്ട് (പ്രമേഹം, ഉയർന്ന രക്ത സമ്മർദ്ദം, ഹൃദ്രോഗം തുടങ്ങി ) പ്രതിരോധ ശേഷി കുറഞ്ഞവരും റിവേഴ്സ് ക്വാറന്റൈനിൽ പോകണം. നല്ലത്. വേണ്ടത് ആണ്. പക്ഷേ രാഷ്ട്രീയക്കാരും ജനപ്രതിനിധികളും അതിൽ പെടില്ലേ? ഇല്ലേ? അവരിൽ മേല്പറഞ്ഞ വിഭാഗത്തിൽ പെടുന്ന ആരും ഇല്ലല്ലേ. ഭയങ്കര അത്ഭുതം തന്നെ.
സത്യത്തിൽ, എനിക്ക് ഒന്നും മനസ്സിൽ ആവുന്നില്ല. എന്താണിതൊക്കെ ? ഇനി എന്തൊക്കെ കാണാൻ കേൾക്കാൻ ബാക്കിയുണ്ട്? ആരെ പറ്റിക്കാൻ ആണ്. ആരുടെ കണ്ണിൽ പൊടിയിടാൻ ആണ്? ഇതിനെ ആണോ കോവിഡ് കാലത്തെ രാഷ്ട്രീയമെന്ന് പറയുന്നത്? അതോ കൊറോണയുടെ വരവിനോട് അനുബന്ധിച്ചുള്ള മാനസിക വിഭ്രാന്തിയോ? അത് എനിയ്ക്ക് ആണോ മറ്റുള്ളവർക്ക് ആണോ?

